

# സത്യദൂതൻ

ഓഗസ്റ്റ് 2011 | ലക്കം 8 വില ₹ 20




## റമദാൻ

### ദൈവ സാമീപ്യത്തിന്റെ അനുഗൃഹീത മാസം

## ബിസിനസ് കോർപറേഷനുകളും ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയും

## വിശുദ്ധ ഖുർആനിൽ നിന്ന്



സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ. അത്കൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതം അനുഷ്ഠിക്കട്ടെ **(2:186)**

## നബിവചനം



ഹദ്റത്ത് അബൂ ഹുറൈറ(റ)യിൽ നിന്ന് നിവേദനം: നബി (സ) അരുളി: 'റമദാൻ മാസം ആഗതമായാൽ സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും ശൈത്താൻ ബന്ധിതനാവുകയും ചെയ്യും' **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



### പരിശുദ്ധ റമദാൻ

വ്രതാനുഷ്ഠാനം കൊണ്ട് വിവക്ഷിതം ഒരു ക്ലിപ്ത കാലഘട്ടം വരെ പാനാശനങ്ങൾ ചെയ്യാതെ വിശപ്പ് സഹിക്കുക മാത്രമല്ലെന്നത് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽ നിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. വിശുദ്ധ നബി(സ) റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. ആയതിനാൽ നോമ്പ് കാലത്ത് ഭക്ഷ്യപേയാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്ന് വിരമിക്കുകയും ആ വക കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധയെല്ലാം ദൈവത്തിങ്കൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരങ്ങളെ കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണ് **(ഇസ്ലാമിലെ അഞ്ചുകാര്യങ്ങൾ)**.

لاالہ الا اللہ محمد رسول اللہ

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


## ഉള്ളടക്കം


4 യുഗശബ്ദം

5 എഡിറ്റോറിയൽ


6
ഖുത്ബ
റമദാൻ: ദൈവ സാമീപ്യത്തിന്റെ അനുഗൃഹീത മാസം
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)


11
ലേഖനം
നമസ്കാരം
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)


13
ലേഖനം
ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശ്വാസലോകത്ത് വരുത്തിയ ആത്മീയ വിപ്ലവം
മുഹമ്മദ് ഉമർ



16
ലേഖനം
ഹദീസുകളിലേക്കൊരു ഹ്രസ്വ ദർശനം
എ.അഹ്മദ് ഖാൻ


20
ലേഖനം
വ്രതം: ശരീരത്തിനുമേൽ ആത്മാവിന്റെ വിജയം
മുഹമ്മദ് നജീബ് ഖാൻ


21
ലേഖനം
ബിസിനസ് കോർപറേഷനുകളും ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയും
ഹാഷിം അഹ്മദ്


25
ലേഖനം
അദ്ഭുതങ്ങൾ നിറഞ്ഞ ഒരു പ്രബന്ധാവതരണം
ഹദ്റത്ത് ഭായി അബ്ദുറഹ്മാൻ (റ)



28
ലേഖനം
ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ (റ) വിശുദ്ധ ഖുർആനെപ്രണയിച്ച ദിവ്യാത്മാവ്
കെ.വി. ഹസ്സൻ കോയ, കോഴിക്കോട്


30
ലേഖനം
വ്രതാനുഷ്ഠാനം
മസൂദ് അഹ്മദ്


33
ലേഖനം
ഉയിർത്തെഴുന്നേൽക്കുന്ന റഷ്യൻ ഓർത്തഡോക്സ് സഭ
വ്ളാദ്മിർ റദിയുദ്ദീൻ


37
കുറിപ്പുകൾ
അഹ്മദികളുടെ ഹജ്ജ്:
മുസാഫിർ


40
വാർത്തകൾ
യേശുവിന്റെ കാശ്മീർ സന്ദർശനം: ഇന്ത്യാ ഗവർമെന്റിന്റെ ഡോക്യുമെന്ററി


**The Sathyadoothan Monthly**

2011 ഓഗസ്റ്റ്
ഹി.ശ.1390 - സുഹൂർ
1432 റമദാൻ - ശവ്വാൽ
പുസ്തകം 83 ലക്കം 8
വില 20 രൂപ

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@yahoo.in

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

**വിലാസം**

സത്യദൂതൻ,
മസ്ജിദ് ഉമർ,
സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്,
കൊച്ചി - 682018
email-sathyadoothan1@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath at Anaswara Offset, Ernakulam
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

# വ്രതവും വിശുദ്ധ ഖുർആനും

ഹദ്റത്ത് അഹ്മദ് (അ)



## വ്രതത്തിന്റെ ആത്മീയ രഹസ്യങ്ങൾ അനുഭവത്തിലൂടെ മാത്രം ഗോചരമാകുന്ന ജ്ഞാനങ്ങളാണ്

**ഇ**സ്ലാമിലെ ഒരു മൗലിക കർമമാണ് വ്രതാനുഷ്ഠാനം. ഇസ്ലാം നിർദേശിച്ചിട്ടുള്ള ആരാധനാകർമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് മുസ്ലിംകൾ എന്നു പറയപ്പെടുന്ന ചിലർ തന്നെ ഇക്കാലത്ത് അഭിപ്രായപ്പെടുന്നുണ്ടെന്നത് വ്യസനകരമാണ്. ഇവർ ആത്മീയാന്ധത ബാധിച്ചവരും ദൈവകല്പനകളിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വരഹസ്യം ഗ്രഹിക്കാത്തവരും ആകുന്നു. ആദ്ധ്യാത്മിക രംഗത്ത് കാലുറച്ചിട്ടില്ലാത്തവർ പ്രസ്തുത കർമാനുഷ്ഠാനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ കൈകടത്താൻ ശ്രമിക്കുന്നത് യുക്തിപൂർവമല്ല. തങ്ങൾ ഒരിക്കലും കടന്നുചെന്നിട്ടില്ലാത്ത പ്രസ്തുത ആത്മീയസാമ്രാജ്യത്തിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ഇവർ കൃത്രിമ പദ്ധതികൾ നിർദേശിക്കുന്നു. ഇവർ ജീവിതം മുഴുവനും ലൗകിക കാര്യങ്ങളിൽ മാത്രം ചെലവഴിക്കുന്നവരും ആത്മീയകാര്യങ്ങളെക്കുറിച്ച് വിവരമില്ലാത്തവരും ആകുന്നു. ആഹാരം കുറക്കുകയും വിശപ്പു സഹിക്കുകയും ചെയ്യുകയെന്നത് ആത്മാവിന്റെ സംസ്കാരത്തിനും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതുമാകുന്നു. മനുഷ്യൻ ഭക്ഷണപദാർഥങ്ങളിൽ മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനു ശേഷം അവനു മറ്റൊരു ജീവിതമുണ്ട്. നിത്യമായ ആ പാരത്രിക ജീവിതത്തെ അലക്ഷ്യമാക്കിക്കളയുകയെന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനെയും അത് വഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാകുന്നു.

വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ പാനാശനങ്ങൾ ചെയ്യാതെ വിശപ്പു സഹിക്കുക മാത്രമല്ലെന്ന് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽ നിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കുക അത്യാവശ്യമാകുന്നു. വിശുദ്ധ നബികരീം (സ) തിരുമേനി റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. ആകയാൽ നോമ്പ് കാലത്ത് ഭക്ഷ്യപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്നു വിരമിക്കുകയും പ്രസ്തുത കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ടു ശ്രദ്ധയെല്ലാം അല്ലാഹുവിങ്കൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നു വേണം പറയുവാൻ. ഭക്ഷണം കഴിക്കുന്നത് മൂലം ശരീരത്തിനുബലവും ഓജസ്സും നിലനില്ക്കുന്നത് പോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മീയശക്തികളും ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടെയും വാതിൽ ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിൽ വിജയലബ്ധിക്ക് അവങ്കൽ നിന്നുതന്നെ സഹായം തേടേണ്ടതാണ്. – ബദർ – 18-1 -1907.

'റമദ' സൂര്യോഷ്ണത്തിനാണ് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളുടെയും ഇതര ശാരീരികാനന്ദങ്ങളുടെയും കാര്യത്തിൽ ക്ഷമ കൈക്കൊള്ളുന്നു. മറ്റൊന്ന് അല്ലാഹുവിന്റെ കല്പനകൾക്കായി ഒരു വിധത്തിലുള്ള ഊഷ്മാവും ആവേശവും സംജാതമാകുന്നു. അങ്ങനെ ആത്മീയവും ഭൗതികവുമായ ഊഷ്മാവുകൾ ഒന്നായിച്ചേർന്ന് റമദാൻ (രണ്ടുവിധത്തിലുള്ള റമദുകൾ) ഉണ്ടാകുന്നു. റമദാൻ മാസം ഉഷ്ണകാലത്ത് വന്നതുകൊണ്ടാണ് റമദാൻ എന്ന പേര് സിദ്ധിച്ചതെന്നു വൈയാകരണന്മാരുടെ അഭിപ്രായത്തോടു എനിക്ക് യോജിപ്പില്ല. കാരണം ഇത് അറബികൾക്ക് മാത്രമായുള്ള പ്രത്യേകതയല്ല. ആത്മീയമായി 'റമദ' എന്നതുകൊണ്ട് ആത്മീയമായി അഭിരുചിയും ആനന്ദവും ഊഷ്മാവും ആണുദ്ദേശ്യം.

**അൽഹക്കം 24-7-1901.**

എഡിറ്റോറിയൽ

# വ്രതാനുഷ്ഠാനം :
# മനുഷ്യനെ ദൈവഭക്തനാക്കി മാറ്റുന്ന ദിവ്യായുധം

**മ**നുഷ്യനെ ദൈവഭക്തനാക്കി മാറ്റാൻ അല്ലാഹു നിശ്ചയിച്ച പാവനവും പ്രായോഗികവും അദ്ഭുത കരവുമായ ഒരു കർമാനുഷ്ഠാനമാണ് വ്രതം. മതലോകത്ത് സുവിദിതവും അതിപുരാതനവുമായ ഒരു ആത്മീയ മാർഗവുമാണത്. വിശുദ്ധ ഖുർആൻ പറയുന്നു.

**'അല്ലയോ വിശ്വാസികളെ, നിങ്ങൾക്ക് മുമ്പുള്ളവർക്കായി വിധിക്കപ്പെട്ടിട്ടുള്ളത് പോലെ നിങ്ങൾ ക്കായും വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തന്മൂലം 'തഖ്‌വാ' (ഭയഭക്തി) ഉള്ളവരാ യിത്തീരാൻ വേണ്ടി'** (2:184).

വിശുദ്ധ ഖുർആൻ അവതരിച്ച മാസം എന്ന പ്രത്യേകതയാണ് റമദാനെ ഏറ്റവും മഹനീയവും അതുല്യവുമാക്കി തീർക്കുന്നതെന്ന് സ്രഷ്ടാവായ അല്ലാഹു പറയുന്നു. അളവറ്റ ആത്മീയാനുഗ്രഹ ങ്ങളുടെ നിധിനിക്ഷേപങ്ങൾ ഉള്ളടങ്ങിയ ആ പവിത്രഗ്രന്ഥം പാരായണം ചെയ്യാനും ഹൃദയത്തോടു ചേർത്ത് നിർത്താനുമുള്ള സന്ദർഭം കൂടിയാണ് വിശുദ്ധ റമദാൻ. അല്ലാഹു പറയുന്നു.

**'സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചന ത്തിന്റെയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസ മാണ് 'റമദാൻ'. അത് കൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ.'** (വി. ഖുർആൻ 2:186).

വിശപ്പ് മനുഷ്യൻ ഭയപ്പെടുന്ന ഒരു വികാരമാണ്. അതിനെയാണ് ഇസ്‌ലാം ആത്മീയപോഷണ ത്തിനുള്ള ഫലപ്രദമായ ഒരു ഉപാധിയാക്കി മാറ്റുന്നത്. സംവേദനേന്ദ്രിയങ്ങളെയും ശരീരത്തെയും ആസകലം വിശപ്പ് ബാധിക്കുന്നു. വ്രതം സ്വന്തം ശരീരത്തോടുള്ള പ്രതിരോധമാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു: **'നിങ്ങൾ സ്വന്തം ശരീരങ്ങളോട് അനീതി പ്രവർത്തിക്കുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ അവൻ നിങ്ങളുടെ മേൽ കനിവ് കാട്ടുകയും നിങ്ങൾക്ക് ആശ്വാ സമേകുകയും ചെയ്തിരിക്കുന്നു.'** (2:188)

ദൈവത്തിൽനിന്നു വിട്ടകന്നുപോകുന്ന മനുഷ്യന് വീണ്ടും ദൈവസ്മരണയിലും ആരാധനയിലും സൽകർമങ്ങളിലും മുഴുകാനും ആത്മീയ പുരോഗതി കൈവരിക്കാനും സ്വർഗീയ കവാടങ്ങൾ തുറ ന്നുവെച്ച് റമദാൻ അവസരമൊരുക്കുന്നു.


വ്രതാനുഷ്ഠാനത്തെപറ്റി റസൂൽ തിരുമേനി(സ) അരുളി:

**'തിന്മകൾ സൂക്ഷിക്കാനുള്ള പരിചയാണ് നോമ്പ്. നോമ്പുകാരൻ തെറ്റായ പ്രവൃത്തികൾ ചെയ്യാ തിരിക്കുകയും സംസ്കാരശൂന്യമായ വാർത്തകൾ പറയാതിരിക്കുകയും ചെയ്യട്ടെ. അവനോടു ശണ്ഠ കൂടുകയോ അവൻ ശകാരിക്കപ്പെടുകയോ ചെയ്തെങ്കിൽ 'ഞാൻ നോമ്പുകാരനാണ്' എന്ന് രണ്ട് പ്രാവശ്യം പറയട്ടെ... റമദാൻ സമാഗതമായാൽ സ്വർഗവാതിലുകൾ തുറക്കപ്പെടും.' റസൂൽ തിരുമേ നി(സ) വീണ്ടും അരുളി: 'വല്ല നോമ്പുകാരനും തെറ്റായ വാക്കും പ്രവൃത്തിയും ഉപേക്ഷിക്കുന്നില്ലെ ങ്കിൽ അവൻ തന്റെ ഭക്ഷണപാനീയം ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് യാതൊരു താല്പര്യവു മില്ല.'**

വ്രതത്തെ സംബന്ധിച്ച് റസൂൽ തിരുമേനി(സ)യുടെ ആത്മീയശിഷ്യനായ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു: **'ആഹാരം കുറക്കുകയും വിശപ്പ് സഹിക്കുകയും ചെയ്യുക എന്നത് ആത്മാവിന്റെ സംസ്കാരത്തിനും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമമാ കുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതാകുന്നു. മനുഷ്യൻ ഭക്ഷണപദാർഥ ങ്ങൾ കൊണ്ട് മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷവും അവന് മറ്റൊരു ജീവിതമുണ്ട്. നിത്യമായുള്ള ആ പാരത്രിക ജീവിതത്തെ അലക്ഷ്യമായി തള്ളുക എന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനെയും അതുവഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാണ്.'** (ഇസ്‌ലാമിലെ അഞ്ചു കാര്യങ്ങൾ).

# റമദാൻ: ദൈവ സാമീപ്യത്തിന്റെ അനുഗൃഹീത മാസം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്



(13 – 08 – 2010 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) വെച്ച് നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.)

**എ**ന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം, (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു.പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാൻ ഉത്തരം നൽകും; അവർ എന്നെ വിളിച്ച് പ്രാർഥിക്കുമ്പോൾ. അതുകൊണ്ട് ,അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിന് വേണ്ടി. (വിശുദ്ധ ഖുർആൻ 2:187).

വ്രതാനുഷ്ഠാനവുമായി ബന്ധപ്പെട്ട കൽപനകളെക്കുറിച്ചുള്ള വിശദീകരണത്തോടനുബന്ധിച്ചാണ് ഈ ആയത്ത് വരുന്നത്. അതായത് അല്ലാഹുവിന്റെ ദാസരാകുന്നതിനും അവന്റെ ദുആ സ്വീകാര്യതയുടെ കാഴ്ചകൾ കാണുന്നതിനും കഠിനപ്രയത്നം (മുജാഹദ) ആവശ്യമാണ്. റമദാൻ മാസത്തിലെ നോമ്പുകളും കഠിനപ്രയത്നമാണ് നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. ഇക്കാര്യം ശരിയായ രീതിയിൽ മനസ്സിലാക്കിക്കൊണ്ടാണ് ഒരു വിശ്വാസി നോമ്പനുഷ്ഠിക്കേണ്ടത്. ഞങ്ങൾ വെറും വിശപ്പ് സഹിക്കാനല്ല, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടി മാത്രമാണ് നോമ്പനുഷ്ഠിക്കുന്നത് എന്ന ബോധം ഉണ്ടായിരിക്കേണ്ടതും അതിനാവശ്യമായ നിബന്ധനകൾ ഏതൊക്കെയാണ് എന്ന് അറിഞ്ഞിരിക്കേണ്ടതുമാണ്. ഞാൻ നേരത്തെ പറഞ്ഞത് പോലെ നോമ്പ് നമ്മിൽ നിന്ന് കഠിനപ്രയത്നമാണ് ആവശ്യപ്പെടുന്നത്. ഇതുകൊണ്ട് വെറും പട്ടിണികിടക്കുക എന്നോ ആരാധനകളുടെ ബാഹ്യമായ ചേഷ്ടകളോ അല്ല അല്ലാഹു ഉദ്ദേശിക്കുന്നത്. അല്ലാഹു ഈ ആയത്തിൽ തന്നെ, തന്നെ വിളിച്ച് പ്രാർഥിക്കുന്നവന്റെ പ്രാർഥനകൾക്ക് ഉത്തരം നൽകും എന്നാണ് പറഞ്ഞത്. ആര് ചോദിച്ചാലും ഉടനെ താൻ ഉത്തരം നൽകുമെന്നോ ഏത് തരം പ്രവൃത്തി ചെയ്യുന്നയാളായാലും ഏത് സാഹചര്യങ്ങളിലായാലും മറുപടി നൽകുമെന്നോ പറഞ്ഞിട്ടില്ല. പറഞ്ഞത് എന്റെ ദാസന്മാർ ദുആയുടെ സ്വീകാര്യത ആഗ്രഹിക്കുന്നുവെങ്കിൽ അവരുടെ പ്രഥമ കർത്തവ്യം എന്റെ കൽപനകൾ ശ്രവിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. അടുത്തതായി അവർ എന്നിൽ വിശ്വാസമർപ്പിക്കേണ്ടതാണ്. മുസ്‌ലിംകൾക്കുള്ള കൽപനയാണിത്. എന്നിൽ വിശ്വസിക്കുകയും ആ വിശ്വാസത്തെ കൂടുതൽ ദൃഢപ്പെടുത്തുകയും അതിൽ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ വിശ്വാസം എന്നാൽ സ്രഷ്ടാവായ അല്ലാഹു ഉണ്ട് എന്നത് ഒരു പ്രാവശ്യം മാത്രം സമ്മതിച്ചാൽ പോരാ. വിശ്വാസത്തിൽ എപ്പോഴും പുരോഗതി ആവശ്യമാണ്. അല്ലാഹുവിലുള്ള വിശ്വാസത്തിൽ അഭിവൃദ്ധിയാണ് ഉണ്ടാകേണ്ടത്. ഈ അവസ്ഥയിലെത്തിച്ചേരുമ്പോഴാണ് സന്മാർഗം പ്രാപിച്ചവനെന്ന് പറയാൻ സാധിക്കുകയുള്ളു. കൂടാതെ യഥാർഥ വിശ്വാസിക്കുള്ള സ്ഥാനവും അപ്പോൾ മാത്രമാണ് ലഭിക്കുന്നത്. അല്ലാഹു വീണ്ടും പറയുന്നു. സത്യസന്ധമായി നന്മയിലധിഷ്ഠിതമായി പ്രവർത്തിക്കുകയും സന്മാർഗത്തിൽ പരിപൂർണത കൈവരിക്കാനുള്ള കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യുക. അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് പ്രവർത്തിക്കാനും അവനോടുള്ള വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കാനുമുള്ള കാര്യങ്ങൾ നമുക്ക് എവിടെനിന്നാണ് ലഭിക്കുക. അത് മനസ്സിലാക്കാനാണ് അല്ലാഹു തന്റെ ഗ്രന്ഥമായ വിശുദ്ധഖുർആൻ നമുക്ക് നൽകിയിരിക്കുന്നത്. സന്മാർഗദായകമായ എല്ലാ കാര്യങ്ങളുടെയും ശേഖരം അതിൽ കാണാവുന്നതാണ്. അതിനെക്കുറിച്ച് അല്ലാഹു ഖുർആന്റെ ആരംഭത്തിൽ തന്നെ പറയുന്നു.

ഇത് പരിപൂർണ ഗ്രന്ഥമാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല. മുത്തഖീങ്ങൾക്ക് ഇത് സന്മാർഗദായകമാണ്. (വി.ഖുർആൻ 2:3)

സന്മാർഗം തേടുന്നവർക്കും അല്ലാഹുവിലുള്ള വിശ്വാസത്തെ ദൃഢപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്കും നന്മ

യുടെ പാരമ്യതയിലെത്താൻ ആഗ്രഹിക്കുന്നവർക്കും ദുആയുടെ സ്വീകാര്യത ആഗ്രഹിക്കുന്നവർക്കും ഈ മഹത്തായ ഗ്രന്ഥമല്ലാതെ മറ്റൊരു മാർഗവുമില്ല. പരിപൂർണനായ പ്രവാചകനിലാണ് അത് അവതരിച്ചത്. അല്ലാഹുവിന്റെ പരിശുദ്ധരായ ദാസരാകുന്നതിനും ദുആ സ്വീകാര്യതയിൽ പങ്കാളികളാകുന്നതിനും ഇഹവും പരവും നന്നാക്കിത്തീർക്കാനും അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് പ്രവർത്തിക്കുകയല്ലാതെ മറ്റ് മാർഗങ്ങളൊന്നും തന്നെയില്ല. അത് വിശുദ്ധഖുർആൻ പാരായണത്തിലൂടെയാണ് ലഭ്യമാവുക. അതിനാവശ്യമായ മാതൃകകൾ അല്ലാഹുവിന്റെ പരിശുദ്ധനായ പ്രവാചകനിൽ നിന്ന് ലഭിക്കുന്നതാണ്. യഥാർഥത്തിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) വിശുദ്ധഖുർആന്റെ പ്രാവർത്തികരൂപമാണ്. ഈ ഭാഗത്തേക്ക് വിശ്വാസികളുടെ ശ്രദ്ധതിരിച്ചുകൊണ്ട് അല്ലാഹു പറയുന്നു. നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഒരു ഉത്തമ മാതൃകയുണ്ട്. അതായത് അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്. (വി.ഖുർആൻ 33:22)

പരലോകത്തിലുള്ള വിശ്വാസത്തിലും മരണാനന്തരം അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമെന്ന വിശ്വാസത്തിലും ആരാധനകളിലും ദൈവസ്മരണകളിലുമെല്ലാം തന്റെ പ്രിയനായ റസൂലിന്റെ മാതൃകകൾക്കനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുമ്പോഴാണ് അല്ലാഹു സ്വീകരിക്കുന്നത്. ഈ മാതൃകകൾക്കനുസരിച്ച് പ്രവർത്തിക്കുക എന്നതും അല്ലാഹുവിന്റെ കല്പനയിൽ പെട്ടതാണ്.

നബി (സ) തിരുമേനി തന്റെ മാതൃകകളിലൂടെ നമുക്ക് ശിക്ഷണം നൽകിയതോടൊപ്പം തന്നെ വിശ്വാസികൾക്ക് പല ഉപദേശങ്ങൾ നൽകുകയും ചെയ്തു. അല്ലാഹുവിന്റെ സാമീപ്യം കരഗതമാക്കാനും ആരാധനാകർമങ്ങൾ നിർവഹിക്കാനും തിന്മകളിൽ നിന്ന് രക്ഷപ്പെടാനും സമസൃഷ്ടികളോടുള്ള കടമകളിൽ ആദ്യത്തേക്കാളുപരി ശ്രദ്ധിക്കാനുമുള്ള മാസമാണ് റമദാൻ മാസം. ദുആ സ്വീകാര്യതയുടെ മാസമാണിത്. ഈ മാസത്തിൽ നബി (സ) യുടെ പ്രവൃത്തികൾ നൂറിരട്ടിയിലധികം വർധിക്കുമായിരുന്നു. ദാനധർമങ്ങൾ നൽകുന്ന കാര്യത്തിൽ സമാനതകളില്ലാതെ പ്രവർത്തിച്ചുപോന്നു. സാധാരണ ദിവസങ്ങളിൽ ചെയ്ത് പോന്ന കാര്യങ്ങളെ പോലും വെല്ലാൻ ആർക്കും സാധ്യമല്ല. എന്നാൽ ഹദീസിൽ വരുന്നത് റമദാൻ മാസത്തിൽ അദ്ദേഹത്തിന്റെ ദാനധർമം ശക്തിയേറിയ കാറ്റിനേക്കാളും വേഗത്തിലായിരുന്നു എന്നാണ്. മറ്റ് ആരാധനാകർമങ്ങളിലും കല്പനകളിലുമെല്ലാം ഇതേ അവസ്ഥ തന്നെയായിരുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പ്രവൃത്തിയിൽ അദ്ദേഹത്തിന്റെ അടുത്ത് പോലുമെത്താൻ ആർക്കും സാധിക്കുകയില്ല. എന്നാലും അദ്ദേഹത്തിന്റെ മാതൃക പിന്തുടരാൻ നമ്മോട് കല്പിച്ചിരിക്കുന്നു. ആ സ്ഥാനം വരെയെത്താൻ സാധിക്കാത്തത് കൊണ്ട് അപ്രകാരം പ്രവർത്തിക്കേണ്ടതില്ല എന്ന് ഒരിക്കലും അർഥമില്ല. നാം പ്രവർത്തിക്കുന്നില്ലെങ്കിൽ പിന്നെങ്ങനെയാണ് അവ നമുക്ക് മാതൃകയാകുക. അല്ലാഹു എല്ലാ മനുഷ്യരിലും ഓരോ കഴിവ് വെച്ചിട്ടുണ്ട്. ഈ വിഷയത്തെപ്പറ്റിയും ഹദ്റത്ത് മസീഹ് മൗഊദ് (അ) സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ഏത് വിധത്തിലുള്ള കഴിവുകളാണോ അല്ലാഹു നൽകിയത് അതിനെ ഉപയോഗപ്പെടുത്തേണ്ടതാണ്. അല്ലാഹു ഓരോരുത്തരുടെ കഴിവുകളെക്കുറിച്ചും നന്നായി അറിയുന്നവനാണ്. മനുഷ്യന്റെ കഴിവിനതീതമായ ഭാരം അവനിൽ അല്ലാഹു ചുമത്തുകയില്ല. ആ അല്ലാഹുവാണ് നമ്മോട് പറയുന്നത്, ഈ മാതൃകകൾ നിങ്ങളുടെ മുമ്പിലുണ്ട്, നിങ്ങൾ അതിനെ പിൻപറ്റേണ്ടതാണ്. അപ്രകാരം മാതൃകകൾക്കനുസരിച്ച് പ്രവർത്തിക്കുമ്പോൾ നിങ്ങളുടെ കഴിവനുസരിച്ച് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടും. നാം ഓർമിച്ചിരിക്കേണ്ട മറ്റൊരു കാര്യം നമ്മുടെ കഴിവുകളെ

## വിശുദ്ധ ഖുർആൻ പാരായണം

**സമസ്ത മനുഷ്യർക്കും സന്മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ (വി. ഖുർആൻ 2:186).**



അബൂ ഹുറൈറ(റ)ൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ തിരുദൂതർ പറഞ്ഞിട്ടുണ്ട്: ഉയിർത്തെഴുനേൽപ്പുനാളിൽ ഖുർആൻ പരായണം ചെയ്തയാൾ വരും. അപ്പോൾ ഖുർആൻ പറയും: നാഥാ, അദ്ദേഹത്തെ ആട അണിയിക്കേണമേ, അന്നേരം ആദര സൂചകമായി വസ്ത്രങ്ങൾ അണിയിക്കപ്പെടും. ഖുർആൻ പിന്നേയും പറയും നാഥാ, ഇനിയും. അന്നേരം ആദരസൂചകമായി കീരീടം അണിയിക്കപ്പെടും ഖുർആൻ വീണ്ടും പറയും: നാഥാ, അദ്ദേഹത്തെ നീ തൃപ്തിപ്പെടേണമേ. അപ്പോൾ അദ്ദേഹത്തെ അവൻ തൃപ്തിപ്പെടും. ഇങ്ങനെപറയപ്പെടുകയും ചെയ്യും: 'ഖുർആൻ ഓതിക്കൊണ്ടിരിക്കുക, ഉയരങ്ങൾ കയറുക. ഓരോ സൂക്തത്തിലും വർധനയുണ്ടാകും' (തിർമിദി) 'നിങ്ങളുടെ വീടുകളെ നിങ്ങൾ ശ്മശാനമാക്കരുത്. അൽബഖറ പരായണം ചെയ്യപ്പെടുന്ന വീട്ടിൽ ചെകുത്താൻ കയറുകയില്ല'. (തിർമിദി, മുസ്‌ലിം)

ഒരു വിശ്വാസിയാണ് നോമ്പനുഷ്ഠിക്കുന്നത്. എന്നാൽ ഇടയിൽ കളവ് വന്നുകഴിഞ്ഞാൽ വിശ്വാസം ഇല്ലാതാവുന്നു. അല്ലാഹുവിന് വേണ്ടിയാണ് നോമ്പ് എടുക്കുന്നത്. എന്നാൽ കളവ് വന്ന് കഴിഞ്ഞാൽ അല്ലാഹുവിന്റെ സാന്നിധ്യം ഇല്ലാതെയാവുന്നു.

---

തിട്ടപ്പെടുത്തുക എന്നത് മനുഷ്യന്റെ ജോലിയിൽപ്പെട്ടതല്ല. അല്ലാഹുവിന് ഏത് വ്യക്തിയിൽ ഏത് വിധത്തിലുള്ള കഴിവുകളുണ്ട് എന്നത് നന്നായിട്ടറിയാം. മനുഷ്യന്റെ പ്രവൃത്തി അതിന് വേണ്ടിയുള്ള പ്രയത്നത്തെ പാരമ്യതയിലെത്തിക്കുക എന്നതാണ്. മറ്റ് കാര്യങ്ങൾ അല്ലാഹുവിന് വിടുക. ഒരു വിശ്വാസിയുടെ പ്രവൃത്തി ജിഹാദ് ചെയ്യുക എന്നതാണ്. ജിഹാദിന്റെ അർഥം തന്നെ തന്റെ എല്ലാ കഴിവുകളുമുപയോഗിച്ച് കൊണ്ട് പരിശ്രമിക്കുക എന്നതാണ്. ഏതെങ്കിലും പ്രവൃത്തിയിൽ പൂർണതാൽപര്യത്തോടും എല്ലാ കഴിവുകളെയും മുന്നിൽ വെച്ച് കൊണ്ടും സ്വയം ബുദ്ധിമുട്ടുന്ന വിധത്തിൽ പ്രവർത്തിക്കുക. അതായത് അവന്റെ കഴിവിന്റെ പരമാവധി ശ്രമിക്കുക. ജിഹാദിന്റെ അർഥവും ഇത് തന്നെയാണ്.

നബി(സ)യുടെ മാതൃകകൾ അല്ലാഹുവിന്റെ കൽപനകൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ പരിപൂർണ രൂപമായിരുന്നുവെന്ന് ഞാൻ പറഞ്ഞു. റമദാനിൽ അതിന്റെ അസാധാരണമായ കാഴ്ചകൾ കാണാമായിരുന്നു. എന്നാൽ സാധാരണയായി നബി(സ)യിൽ കണ്ടുവന്ന ആരാധനകളുടെയും ഉന്നതസ്വഭാവഗുണങ്ങളുടെയും കർത്തവ്യങ്ങളുടെയും ഉദാഹരണങ്ങൾ മറ്റാരിലും കാണാൻ സാധ്യമല്ല. നബി(സ)യുടെ ആരാധനാകർമങ്ങളുടെ ഉന്നത നിലവാരത്തെക്കുറിച്ചുള്ള ചില ഉദാഹരണങ്ങൾ ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കുന്നതാണ്.

ഒരു നിവേദനത്തിൽ ഇപ്രകാരം കാണാം. ഒരിക്കൽ കുതിരപ്പുറത്ത് നിന്ന് വീണ കാരണത്താൽ നബി (സ) യുടെ ശരീരത്തിന്റെ ഒരു ഭാഗത്ത് സാരമായ ക്ഷതമേറ്റു. എണീറ്റ് നിന്ന് നമസ്കരിക്കാൻ പോലും കഴിയുമായിരുന്നില്ല. അതുകൊണ്ട് ഇരുന്നുകൊണ്ടാണ് നമസ്കാരത്തിന് നേതൃത്വം നൽകിയത്. എന്നാൽ ജമാഅത്തായ നമസ്കാരത്തിൽ ആ അവസ്ഥയിലും യാതൊരു വീഴ്ചയും വരുത്തിയില്ല. ഉഹ്ദ് യുദ്ധവേളയിൽ ഇരുമ്പ് വളയങ്ങൾ കവിളിൽ തറച്ചത് കാരണം സാരമായ പരിക്കേൽക്കുകയും വല്ലാതെ വേദന സഹിക്കുകയും ചെയ്യേണ്ടതായി വന്നു. അന്നത്തെ ദിവസവും ബാങ്കിന്റെ ശബ്ദം കേട്ടയുടനെ സാധാരണ നമസ്കാരത്തിന് എത്തുന്നത് പോലെ പള്ളിയിലെത്തി. ഹദ്റത്ത് ആയിശാ (റ) നബി(സ) യുടെ നമസ്കാരങ്ങളെക്കുറിച്ചും നഫൽ നമസ്കാരങ്ങളെക്കുറിച്ചും അതിന്റെ ദൈർഘ്യവും മനോഹാരിതയും വിവരണാതീതമാണ് എന്നാണ് പറഞ്ഞത്. പരിപൂർണനായ ഈ ദാസന്റെ ആരാധനയുടെ മാതൃകകൾ സഹാബാക്കളുടെ ആരാധനകളെയും മനോഹരമാക്കിമാറ്റി. അല്ലാഹു പറയുന്നു, എന്റെ കല്പനകൾക്കനുസരിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ എന്റെ സാമീപ്യം നിങ്ങൾക്ക് ലഭിക്കുകയുള്ളൂ. അതിനായി ഏറ്റവും പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ മാർഗം ആരാധനാകാര്യങ്ങളിൽ കൃത്യനിഷ്ഠയുള്ളവരാകുക എന്നതാണ്. ഈ ആരാധന എന്നത് ഈ റമദാൻ മാസത്തിൽ പ്രത്യേകം താൽപര്യത്തോട് കൂടി ചെയ്യുക എന്നത് മാത്രമല്ല. നാം നബി (സ) യുടെ ജീവിതത്തിൽ കണ്ടത് പോലെ സാധാരണ ദിവസങ്ങളിലും യുദ്ധാവസരങ്ങളിലും രോഗിയായിരുന്ന സമയത്തും ദാസത്വത്തിന്റെ കടമകൾ പാലിച്ചുകൊണ്ട് ജമാഅത്തായ നമസ്കാരങ്ങളെ മറന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് ഇപ്രകാരം അരുൾ ചെയ്യുന്നു. ഓർമിച്ചുകൊള്ളുക. ഏറ്റവും പ്രഥമവും ആവശ്യവുമായ ദുആ തിന്മകളിൽ നിന്ന് തന്നെ മോചിപ്പിക്കാനായി ദുആ ചെയ്യുക എന്നതാണ്. എല്ലാ ദുആകളുടേയും യഥാർഥ രൂപം ഈ ദുആയാണ്. ഈ ദുആ സ്വീകരിക്കപ്പെട്ട് കഴിഞ്ഞാൽ മനുഷ്യൻ എല്ലാവിധ മാലിന്യങ്ങളിൽ നിന്നും രക്ഷപ്പെട്ട് പരിശുദ്ധത കൈവരിച്ച് അല്ലാഹുവിന്റെ കാഴ്ചയിൽ പരിശുദ്ധനായിത്തീരുന്നതാണ്. അവൻ തന്റെ ഇതര ആവശ്യങ്ങൾക്കായി ചെയ്യുന്ന മറ്റ് പ്രാർഥനകൾ ചെയ്യാതെ തന്നെ സ്വീകരിക്കപ്പെടുന്നു.

പറയുന്നു, വളരെ വിഷമകരവും ശ്രമകരവുമായ ദുആ എന്നത് തിന്മകളിൽ നിന്ന് പരിശുദ്ധി കൈവരിക്കുക എന്നതാണ്. വളരെയേറെ ദുഷ്കരവും ശ്രമകരവുമായ പ്രാർഥനയാണിത്. എന്നാൽ യഥാർഥത്തിലുള്ള ദുആ ഇത് തന്നെയാണ്. അതായത് തന്നെ തിന്മകളിൽ നിന്ന് ശുദ്ധീകരിക്കുക എന്ന ദുആ. മനുഷ്യൻ തന്നെ തിന്മകളിൽ നിന്ന് ശുദ്ധീകരിച്ചെങ്കിൽ മാത്രമേ അവന്റെ നിർദേശമനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ കല്പനകൾകൊണ്ട് നിറഞ്ഞിരിക്കുന്നു.

റമദാൻ മാസത്തിൽ ഖുർആൻ പാരായണത്തിൽ ശ്രദ്ധയുണ്ടാവുമ്പോൾ, ദർസ് കേൾക്കുമ്പോൾ ഈ കല്പനകളെക്കുറിച്ച് ശ്രദ്ധിക്കാനും ഓരോ വിശ്വാസിയും ശ്രമിക്കേണ്ടതാണ്. നബി (സ) യുടെ മാതൃകകളെക്കുറിച്ചാണ് പറയുന്നത്. നബി(സ)യുടെ ആരാധനകളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. നബി(സ) യുടെ മറ്റ് ചില ഉന്നതസ്വഭാവഗുണങ്ങളെ സംബന്ധിച്ച് ചില മാതൃകകൾ നിങ്ങളുടെ മുമ്പിൽ വെക്കുന്നതാണ്.

ഒരു രിവായത്തിൽ ഹുദൈഫ ബിൻ യമാൻ(റ)പറയുന്നു. ഞാനും എന്റെ സുഹൃത്ത് അബൂസഹലും വീട്ടിൽ നിന്നിറങ്ങി. ബദർയുദ്ധത്തിൽ പങ്കെടുക്കുന്നതിൽ തടസ്സം നേരിട്ടതിന്റെ കാരണം വഴിയിൽ ഖുറൈശികൾ ഞങ്ങളെ തടഞ്ഞ് കൊണ്ട് മുഹമ്മദിന്റെ അടുത്തേക്കാണോ നിങ്ങൾ പോകുന്നത് എന്ന് ചോദിച്ചു. ഞങ്ങൾ യുദ്ധത്തിൽ പങ്കെടുക്കില്ല എന്ന് ഖുറൈശികൾക്ക് വാക്ക് കൊടുക്കേണ്ടതായി വന്നു. ഞങ്ങൾ റസൂൽ (സ) ന്റെ തിരുസന്നിധിയിൽ ഹാജരായ ശേഷം നടന്ന സംഭവങ്ങൾ പറഞ്ഞു. നബി (സ) പറഞ്ഞു. നിങ്ങൾ നിങ്ങളുടെ വാക്ക് പാലിക്കുക. ഞങ്ങൾ ശത്രുക്കൾക്കെതിരായി ദുആ കൊണ്ട് സഹായം തേടുന്നതാണ്. ഇതാണ് അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ചുള്ള ഉന്നതമായ നിലവാരം.

ബദർ യുദ്ധത്തിൽ ഓരോ അംഗത്തിന്റെയും സഹായം ആവശ്യമായിരുന്നു. നിഷേധികളുടെ സൈന്യം എല്ലാ വിധത്തിലും മുന്നിലായിരുന്നു. എന്നാൽ മുസ്‌ലിം സൈന്യത്തിന് ബാഹ്യമായ

യാതൊരു മേന്മയുമുണ്ടായിരുന്നില്ല. നബി(സ) പറഞ്ഞു. കരാർ ചെയ്തിരിക്കുന്നു. അത്കൊണ്ട് കരാർ പാലിക്കുക. ലോകം ഈ ദൃശ്യം കണ്ടതാണ്. ചരിത്രം ആ സംഭവങ്ങളെ സുരക്ഷിതമാക്കി വെക്കുകയും ചെയ്തു. ശത്രുക്കൾക്ക്പോലും മുഹമ്മദിന് തന്റെ നാഥന്റെ മേൽ പൂർണമായ വിശ്വാസമുണ്ട് എന്നത് ബോധ്യപ്പെട്ടിരുന്നു. പരിപൂർണ ദാസനുമായുള്ള തന്റെ സാമീപ്യത്തിന്റെ വഴികൾ അല്ലാഹു എങ്ങനെയാണ് കാണിച്ചുതന്നത്. നബി(സ) യുടെ ദുആയുടെ ഫലമായി നിരായുധരും ബലഹീനരുമായവർക്ക് ശക്തരായവരുടെ മേൽ വിജയം നൽകി എന്ന് മാത്രമല്ല, വ്യക്തമായ വിജയമാണ് സമ്മാനിച്ചത്. താൻ ദുആ കൊണ്ട് അല്ലാഹുവിന്റെ സഹായം തേടുമെന്ന് പൂർണമായ ദൃഢവിശ്വാസത്തോടെയാണ് നബി(സ) പറഞ്ഞത്. സത്യസന്ധമായ വാഗ്ദാനങ്ങൾ നൽകുന്ന അല്ലാഹു ആ ദൃഢവിശ്വാസത്തെ പൂർത്തിയാക്കുകയും സഹാബാക്കളുടെ വിശ്വാസത്തെ കൂടുതൽ ദൃഢപ്പെടുത്തുകയും ശത്രുക്കൾ ഭയചകിതരാവുകയും ചെയ്തു. മക്കാവിജയവേളയിൽ ഒരു സ്ത്രീ ശത്രുക്കൾക്ക് അഭയം നൽകാമെന്ന് വാഗ്ദാനം ചെയ്തു. റസൂൽ(സ) പറഞ്ഞു. 'ഉമ്മു ഹാനീ, നീ അഭയം നൽകിയവർക്ക് ഞാനും അഭയം നൽകിയിരിക്കുന്നു.' ഒരു വിശ്വാസിനിയുടെ വാക്കുകളെ വളരെയേറെ ആദരിച്ചു. അലി(റ) വിനെപ്പോലുള്ള ആളുകൾ ഇക്കാര്യത്തെ എതിർത്തിരുന്നു. ഉന്നതസ്വഭാവഗുണങ്ങൾ സൃഷ്ടിക്കാനായി വന്ന നബി (സ) പറഞ്ഞത് വാക്ക് പാലിക്കുക എന്നായിരുന്നു. 'വാഗ്ദാനം നൽകിയെങ്കിൽ ഞങ്ങളും ആ വാഗ്ദാനത്തെ അംഗീകരിക്കുന്നു' എന്ന് അവർ പറഞ്ഞു.

ഇന്നത്തെ സമൂഹത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത് നിസ്സാരമായ കാര്യങ്ങളിൽ പോലും കരാറുകൾ ലംഘിക്കപ്പെടുന്നു. സമൂഹത്തിലെ സമാധാനം തന്നെ നഷ്ടപ്പെടുന്നു. മറ്റുള്ളവരിൽ അത് വളരെയധികമാണെങ്കിൽ ജമാഅത്തിലുള്ളവരിലും അത് കാണാൻ കഴിയുന്നു. ചില സന്ദർഭങ്ങളിൽ കേസുകളും മറ്റ് പ്രശ്നങ്ങളും വരുമ്പോൾ കാര്യങ്ങൾ സാധിക്കാനായി കളവ് പറയുന്നു. വാക്ക് പാലിക്കുന്നില്ലെന്ന് മാത്രമല്ല കളവ് പറയുകയും ചെയ്യുന്നു. ഇത്തരക്കാർ അല്ലാഹുവിന്റെ ദാസത്വത്തിൽ നിന്ന് പുറന്തള്ളപ്പെടുന്നു.

മനുഷ്യൻ തന്റെ പ്രവൃത്തികളിൽ കളവ് ചേർക്കുമ്പോൾ അല്ലാഹുവിന്റെ കാഴ്ചപ്പാടിൽ അത്തരക്കാർ ശിർക്ക് ചെയ്യുന്നവർക്ക് തുല്യരാണ്. ശിർക്ക് ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ദാസരാകാനും സാധിക്കുന്നതല്ല. വളരെയധികം ഭയപ്പെടേണ്ട സ്ഥാനമാണിത്. നിസ്സാരമായ ചില കാര്യങ്ങൾ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുന്നത് കൊണ്ട് പ്രശ്നമില്ല, അത് കളവിൽ പെടുകയില്ലെന്ന് ചിലർ കരുതുന്നു. എന്നാൽ ഇതും കളവിൽപ്പെട്ടതുതന്നെയാണ്. നബി (സ) ഇപ്രകാരം പറയുകയുണ്ടായി. കേട്ടറിവിലൂടെ മാത്രം അറിഞ്ഞ കാര്യങ്ങൾ പരക്കെ പറഞ്ഞ് നടക്കുന്നവൻ കളവ് പറയുന്നവനാണെന്ന കാര്യം മനസ്സിലാക്കുക.

അല്ലാഹുവിന്റെ സാമീപ്യം കരഗതമാകാൻ നിസ്സാരമെന്ന് തോന്നുന്ന കാര്യങ്ങൾ പോലും നാം ഉപേക്ഷിക്കേണ്ടതായി വരും. ഇത്തരം കാര്യങ്ങളിലാണ് അല്ലാഹുവിന് ലബ്ബൈക്ക് പറയേണ്ടത്. നമ്മുടെ വിശ്വാസം ദൃഢതരമാകുന്നത് ഇത്തരം കാര്യങ്ങളിലൂടെയാണ്. റമദാനുമായി ബന്ധപ്പെട്ട് നബി(സ) നമ്മുടെ ശ്രദ്ധ ഒരു കാര്യത്തിലേക്ക് പ്രത്യേകമായി ക്ഷണിച്ചിരിക്കുന്നു.

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. നബി (സ) ഇപ്രകാരം അരുൾ ചെയ്തു. കളവും ബന്ധപ്പെട്ട പ്രവൃത്തികളും ഉപേക്ഷിക്കാത്തയാൾ അല്ലാഹുവിനു വേണ്ടി വിശപ്പ് സഹിച്ചത് കൊണ്ട് യാതൊരു പ്രയോജനവുമില്ല

മറ്റൊരു രിവായത്തിൽ ഇപ്രകാരം വരുന്നു, നോമ്പ് പരിചയാകുന്നു. കളവും വിദ്വേഷവും അതിനെ ഛേദിക്കുന്നത് വരെ.

ഒരു വിശ്വാസിയാണ് നോമ്പനുഷ്ഠിക്കുന്നത്. എന്നാൽ ഇടയിൽ കളവ് വന്നുകഴിഞ്ഞാൽ വിശ്വാസം ഇല്ലാതാവുന്നു. അല്ലാഹുവിന് വേണ്ടിയാണ് നോമ്പ് എടുക്കുന്നത്. എന്നാൽ കളവ് വന്ന് കഴിഞ്ഞാൽ അല്ലാഹുവിന്റെ സാന്നിധ്യം ഇല്ലാതെയാവുന്നു. പൊതുവായി കളവിനെ ശിർക്കിന് തുല്യമായാണ് പറഞ്ഞത്. ഈ റമദാനിൽ ഇത്തരം കാര്യങ്ങളെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്. ചില ബലഹീനതകളെക്കുറിച്ച് ആത്മപരിശോധന നടത്തുകയും അതിനെ ഇല്ലായ്മ ചെയ്യുകയും ചെയ്യേണ്ടതാണ്. എങ്കിൽ മാത്രമേ അല്ലാഹുവിന്റെ യഥാർഥ ദാസരാവാൻ സാധിക്കുകയുള്ളൂ. അപ്പോൾ മാത്രമേ വിശ്വാസം ദൃഢമാക്കാനും അവന്റെ വാക്കുകൾക്ക് ലബ്ബൈക്ക് പറയാനും സാധിക്കുകയുള്ളൂ.

വിശുദ്ധഖുർആനിൽ അല്ലാഹു സമൂഹത്തിന്റെ കടമകളെക്കുറിച്ച് വിശദമായി പറഞ്ഞിട്ടുണ്ട്. നബി(സ) യുടെ ജീവിതത്തിലും ഇതിനെക്കുറിച്ചുള്ള കാര്യങ്ങൾ കാണാവുന്നതാണ്. അതിലൊന്ന് രക്തബന്ധങ്ങളെ കാത്തുസൂക്ഷിക്കുക എന്ന കടമയാണ്. പലരും ഇക്കാര്യത്തിൽ ശ്രദ്ധിക്കാറില്ല. രക്തബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്ന കാര്യത്തെപ്പറ്റി അല്ലാഹുവിന്റെ കൽപന ഖുർആനിലുള്ളതാണ്. എല്ലാ നിക്കാഹ് വേളകളിലും ഈ ആയത്ത് പാരായണം

## തഹജ്ജുദ് നമസ്കാരം

**രാത്രിയിൽ അല്പ സമയം ആ ഖുർആൻ ഓതിക്കൊണ്ട് നീ ഉറക്കമുണർന്ന് നമസ്കരിക്കുക; നിനക്ക് ഐച്ഛികമായ ഒരു പുണ്യകർമമെന്ന നിലക്ക്. നിന്റെ നാഥൻ സ്തുത്യർഹമായ സ്ഥാനത്ത് നിന്നെ ഉയർത്തിയേക്കാം (വി. ഖുർആൻ 17 80).**

അബൂഹുറൈറ(റ)ൽ നിന്ന് നിവേദനം: നബി(സ) അരുളി: നമ്മുടെ നന്മ നിറഞ്ഞ രക്ഷിതാവ് എല്ലാ രാത്രിയിലും രാത്രിയുടെ മൂന്നിലൊരു സമയം അവശേഷിക്കുന്ന സമയത്ത് ആകാശത്തിലേക്ക് ഇറങ്ങിവരും. അവൻ പറയും. വല്ലവനും എന്നെ വിളിച്ചു പ്രാർഥിക്കുന്ന പക്ഷം അവന് ഉത്തരം ഞാൻ നൽകും. വല്ലവനും എന്നോട് ചോദിക്കുന്ന പക്ഷം അവന് ഉത്തരം ഞാൻ നൽകും. വല്ലവനും എന്നോട് പാപമോചനത്തിനായി പ്രാർഥിക്കുന്ന പക്ഷം ഞാൻ പൊറുത്തു കൊടുക്കും (ബുഖാരി).

ചെയ്യപ്പെടാറുണ്ട്. എന്നാൽ ഈ കർത്ത വ്യനിർവഹണകാര്യത്തിൽ കാര്യമായ ശ്രദ്ധയുണ്ടാകാറില്ല. രക്തബന്ധമെന്നത് പുരുഷന്റെ ഭാഗത്തും സ്ത്രീയുടെ ഭാഗ ത്തുമുണ്ട്. ഈ കടമ നിർവഹിക്കപ്പെടു കയാണെങ്കിൽ ഒരുപാട് പ്രശ്നങ്ങൾ ഇല്ലാതെയാവുന്നതാണ്. ഇത്തരം കേസു കൾ അധികരിച്ചുവരികയാണ്. ഇന്നത്തെ സാഹചര്യത്തിൽ ഒട്ടുമിക്ക വൈവാ ഹികബന്ധങ്ങളിലുമുണ്ടാകുന്ന വൈകല്യങ്ങൾക്ക് കാരണം ഇത് തന്നെ യാണ്. നബി(സ)രക്തബന്ധങ്ങളെ ഊട്ടിയുറപ്പിക്കുക മാത്രമല്ല, മുലകുടിബ ന്ധത്തെപ്പോലും ബഹുമാനിച്ചു പോന്നു. ഇന്നത്തെ ചുറ്റുപാടുകളിലുണ്ടായിക്കൊ ണ്ടിരിക്കുന്ന പ്രശ്നങ്ങളെ ഇല്ലായ്മ ചെയ്യാൻ ഈ മാതൃക പുനഃസ്ഥാപിക്കേ ണ്ടതാവശ്യമാണ്. പരസ്പരമുള്ള ബന്ധ ങ്ങളെ വിലമതിക്കാത്തത് ഭാര്യാ ഭർതൃബന്ധങ്ങളിൽ വിള്ളലുണ്ടാക്കു ന്നു. അല്ലാഹു പറയുന്നു. എന്റെ ദാസ നാവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആരാധനകളുടെ കടമകൾ പാലിക്കുക, ഉന്നതസ്വഭാവ ഗുണങ്ങൾ സ്വായത്തമാ ക്കുകയും എന്റെ മറ്റ് ദാസരോടുള്ള കട മകൾ പാലിക്കുകയും ചെയ്യുക. അതി നായി നബി (സ) യുടെ മാതൃക അല്ലാഹു നമുക്ക് മുമ്പിൽ വെച്ചിരിക്കു ന്നു. ഈ അവസ്ഥക്കനുസരിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ നാം അല്ലാ ഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്ന വരാകുകയുള്ളൂ. മസീഹ് മൗഊദ് (അ) ഈ വിഷയവുമായി ബന്ധപ്പെട്ട് ഇപ്ര കാരം അരുൾ ചെയ്തു 'അല്ലാഹു പറയുന്നു ഞാൻ നിങ്ങളുടെ അടുത്ത് തന്നെയുണ്ട്. പക്ഷേ നിങ്ങൾ എന്നിൽ നിന്ന് വളരെ ദൂരത്താണ്. അതുകൊണ്ട് നിങ്ങളുടെ പ്രവൃത്തികളെ നന്നാക്കി ക്കൊണ്ട് എന്റെയടുത്ത് വരികയാണെ ങ്കിൽ എന്റെ സാമീപ്യം ലഭിക്കു ന്നതാണ്.' രണ്ട് ഭാഗത്തേക്കുമുള്ള കാര്യമാണ്. ഇതിലും ആദ്യം ദാസന്റെ ഭാഗത്ത് നിന്നാണ് ചലനമുണ്ടാകേണ്ട ത്. നാമേവരും ഈ യാഥാർഥ്യത്തെ മന സ്സിലാക്കുന്നവരാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് പോലെ തിന്മകളിൽ നിന്ന് രക്ഷപ്പെടാനായി നാം ദുആ ചെയ്യുന്നവരാകേണ്ടതാണ്. അപ്ര കാരം ഈ അനുഗൃഹീതമാസത്തിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നമ്മ ളിൽ ഇറങ്ങുമാറാകട്ടെ. നാം ദൈവസാ മീപ്യം സിദ്ധിച്ചവരാണെന്ന് പറയാൻ നമുക്ക് സാധിക്കട്ടെ. റമദാൻ മാസത്തിൽ ദുആ ചെയ്യേണ്ട ഒരു കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അത് ചെയ്ത്കൊണ്ടിരിക്കുന്നുണ്ടെ ങ്കിലും ഒന്നുകൂടി ഓർമപ്പെടുത്തുകയാ ണ്. പാകിസ്താന് വേണ്ടിയും അവി ടത്തെ അഹ്മദികൾക്ക് വേണ്ടിയും പ്രത്യേകമായി ദുആ ചെയ്യുക. അല്ലാഹു അവർക്കായി എപ്പോഴും തന്റെ അനുഗ്ര ഹത്തിന്റെ കവാടങ്ങൾ തുറക്കുകയും ശത്രുവിന്റെ എല്ലാ ഗൂഢതന്ത്രങ്ങളും മണ്ണോട് ചേർക്കുകയും ജമാഅത്തിനെ തന്റെ പ്രത്യേക സംരക്ഷണവലയത്തിൽ വെക്കുകയും തന്റെ അദ്ഭുത പ്രതിഭാസ ങ്ങൾ കാണിക്കുകയും ചെയ്യുമാറാകട്ടെ. അല്ലാഹുവിന്റെ കാഴ്ചയിൽ ജനങ്ങൾക്ക് ദോഷമുണ്ടാക്കുന്നവരെ ഇല്ലായ്മ ചെയ്യ ട്ടെ. പാകിസ്താന്റെ ഇപ്പോഴത്തെ അവ സ്ഥയെക്കുറിച്ച് അവിടത്തെ നേതാ ക്കൾക്ക് ഒന്നും അറിയില്ല. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അവർക്ക് മനസ്സിലാകുന്നില്ല. അല്ലാഹു അവർക്ക് മേൽ കരുണ ചൊരിയട്ടെ. ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തി ന്റെയും പുരോഗതി ആദ്യത്തെക്കാളു പരി കാണിച്ചുതരുമാറാകട്ടെ.ആമീൻ

(വിവ. എൻ. ശഫീഖ് അഹ്മദ് പത്തപ്പിരിയം)


# തഹ്‌രീക്ക് ജദീദും പുണ്യ റമദാനും

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ആരംഭിച്ച അനുഗൃഹീതമായ തഹ്‌രീക്ക് ജദീദ് പദ്ധതി റമദാനുമായി അഭേദ്യമാം വിധം ബന്ധമുള്ളതാണ്. റമദാന്റെ ഗുണഗണങ്ങളെപ്പറ്റി പരാമർശിച്ച ശേഷം മുസ്‌ലിഹ് മഊദ്(റ) ഇപ്രകാരം പറയുകയുണ്ടായി.

നിങ്ങൾ റമദാനിൽ നിന്ന് പ്രയോജനം നേടാൻ ആഗ്രഹിക്കുന്നു വെങ്കിൽ തഹ്‌രീക്ക് ജദീദിൽ പങ്കാളിക ളാവുക. റമദാൻ നമ്മുടെ ദേഹേച്ഛ കളെ നശിപ്പിക്കുന്നതും തഹ്‌രീക്ക് ജദീദ് നമ്മുടെ ആത്മാവിൽ പുതുജീവൻ നൽകുന്നതുമായി തീരട്ടെ. ഏതൊരു റമദാനാണോ ത്യാഗങ്ങളില്ലാതെ കടന്നു പോകുന്നത് അത് റമദാനല്ല. ആത്മാവിന് പുതുജീവൻ നൽകാതെ ഏത് തഹ്‌രീക്ക് ജദീദാണോ കടന്നുപോകുന്നത് അത് തഹ്‌രീക്ക് ജദീദുമല്ല.(ഖുത്ബാ ജുമുഅ 4.11.1938) മുസ്‌ലിഹ് മഊദ് (റ) തുടരുന്നു. റമദാന്റെ അവസാനത്തെ പത്തു ദിവസങ്ങൾ തഹ്‌രീക്ക് ജദീദ് മുഖേന കരഗതമായ ത്യാഗസംരംഭങ്ങൾക്ക് നന്ദി കാണിക്കാനും ഭാവിയിൽ അത്തരം സൗഭാഗ്യം കരസ്ഥമാക്കാനും വിനിയോ ഗിക്കേണ്ടതാണ്. കഴിഞ്ഞ കൊല്ലം ധനത്യാഗങ്ങൾക്ക് ഭാഗ്യം ലഭിച്ചവർ അതിന്നായി ദൈവ നന്ദി നിറവേറ്റേ ണ്ടതാണ്. ദുആ ചെയ്യുന്ന ഓരോ ആളും ഇത്തരം ത്യാഗം ചെയ്യുന്നവർക്ക് വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അവർ ദീനിന് ശക്തി ലഭിക്കുന്നതിന്ന് വേണ്ടിയും ജമാഅത്തി ന്റെ അഭിവൃദ്ധിക്ക് വേണ്ടിയുമാണ് ഇത്തരം ത്യാഗം അനുഷ്ഠിച്ചത്. എത്രമാത്രം ആത്മാർഥമായും സ്നേഹത്തോടു കൂടിയുമാണോ അവർ ആ ത്യാഗം ചെയ്തത് തദനുസൃതമായി അല്ലാഹു തന്റെ അനുഗ്രഹങ്ങളും ബർക്കത്തു കളും അവരുടെ മേൽ ചൊരിയു മാറാകട്ടെ (അൽ ഫസൽ15.11.1938).

പുണ്യദായകമായ റമദാന്റെ അനുഗ്രഹങ്ങൾ പൂർണ്ണതയിലെത്താൻ റമദാൻ 15 നു മുമ്പായി തഹ്‌രീക്ക് ജദീദ് വാഗ്ദാനം പൂർത്തിയാക്കണമെന്ന് മുസ് ലിഹ്മൗഊദി(റ) ന്റെ പ്രത്യേക ഉപദേശ മാണ്. ആഗസ്ത് 23ന് മുമ്പ് തഹ്‌രീക്ക് ജദീദ് വാഗ്ദാനം പൂർത്തിയാ ക്കിയവരുടെ പേരുകൾ ദുആക്ക് വേണ്ടി ഹുസൂർ തിരുമനസ്സിനു മുമ്പിൽ സമർപ്പിക്കുന്ന തായിരിക്കും.

(വക്കീലുൽ മാൽ തഹ്‌രീക്ക് ജദീദ് ഖാദിയാൻ)



# നമസ്കാരം

ഹദ്റത്ത് മിർസാ
ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

ഇസ്ലാം അതിന്റെ അനുയായികൾക്കായി നിർദേശിച്ചിട്ടുള്ള ആരാധനകളിൽ പ്രഥമവും പ്രധാനവുമായത് നമസ്കാരമാണ്. ഇസ്ലാമികാരാധയുടെ ആത്മാവാണിതെന്ന് പറയാം. ദിവസവും അഞ്ചുനേരം ഒരു മുസ്ലിം ദൈവസന്നിധിയിൽ പോയിനിൽക്കുകയും നിർദിഷ്ട രൂപത്തിലും ക്രമത്തിലും ആരാധനനടത്തുകയും വേണം. അവൻ ആദ്യം 'വുസു' അഥവാ അംഗശുദ്ധി അനുഷ്ഠിക്കണം. അതായത് കൈകളും മുഖവും മുൻകൈകളും കാലുകളും നിർദിഷ്ട രീതിയിൽ കഴുകണം. ഇത് ഇസ്ലാം നിഷ്കർഷിക്കുന്ന ശാരീരിക ശുചിത്വവും പരിശുദ്ധിയും കൈവരുത്തുന്നതാണെന്ന് മാത്രമല്ല, ശല്യങ്ങളും തടസ്സങ്ങളും പ്രവേശിക്കുന്ന എല്ലാവഴികളെയും അതായത് കണ്ണുകൾ, കാതുകൾ, മൂക്ക്, വായ, കൈകാലുകൾ എന്നിവ പ്രതിനിധാനം ചെയ്യുന്ന അഞ്ച് ഇന്ദ്രിയങ്ങളെയും കാത്തുകൊള്ളുവാൻ സഹായകരമായി തീരുകയും ചെയ്യുന്നു. ആത്മീയ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാൻ കഴിവുള്ളവർക്ക് ഇത് എളുപ്പം ഗ്രഹിക്കാൻ കഴിയും. സമയവും സ്ഥലവും പോരാത്തതിനാൽ ഞാൻ ഇതിന്റെ വിശദീകരണത്തിലേക്ക് കടക്കുന്നില്ല, 'വുസു' എന്നപദം തന്നെ ഈ രണ്ടു ഉദ്ദേശ്യങ്ങളെയും സൂചിപ്പിക്കുന്നു. ശുചിത്വം എന്നും സൗന്ദര്യം എന്നുമാണ് ഇതിന്റെ അർഥം. ആകയാൽ 'വുസു' അനുഷ്ഠാനം ശാരീരിക ശുചീകരണം വരുത്തുന്നു. ആത്മീയപരിശുദ്ധിക്കും ഇത് അനുപേക്ഷണീയമാണ് . ഇത് ആരാധകരുടെ മനസ്സിൽ ഉണ്ടാക്കുന്ന ആലോചനാശല്യങ്ങൾ പ്രതിരോധിക്കുകയും തടയുകയും ചെയ്ത്കൊണ്ട് നമസ്കാരത്തെ സുന്ദരമാക്കിത്തീർക്കുകയും പ്രാർഥനയുടെ യഥാർഥ ഉദ്ദേശ്യം സഫലീകരിക്കുന്നതിന്ന് സാധ്യമാക്കിത്തീർക്കുകയും ചെയ്യുന്നു.

വുസു എടുത്തശേഷം ആരാധകൻ കഅ്ബക്ക് നേരെ മുഖം തിരിച്ചു നമസ്കരിക്കാൻ നിൽക്കണം. ദൈവമാർഗത്തിൽ ഇബ്രാഹിം നബി(അ) ചെയ്ത ത്യാഗങ്ങളെയും അതിന്റെ ഫലമായുണ്ടായ നന്മകളെയും ആരാധകനെഅനുസ്മരിപ്പിക്കാനുദേശിച്ചാണ് ഇപ്രകാരം കഅ്ബയുടെ നേരെ മുഖം തിരിക്കുന്നത്. പിന്നീട് അയാൾ ചില നിർദിഷ്ട വാക്യങ്ങൾ ഉരുവിടുന്നു, ആദ്യ വാചകത്തിന്റെ ഒന്നാമത്തെ ഭാഗം ദൈവത്തെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നതാണ് . അത് മുഖേന അവൻ ദൈവത്തിന്റെ പ്രതിരൂപം ദർശിക്കുകയും ആരാധകചിത്തങ്ങളിൽ ദൈവസ്നേഹവും ദൈവ ദർശനത്തിനുള്ള അഭിവാഞ്ഛയും നിറഞ്ഞു തുളുമ്പുകയും അയാൾ പ്രത്യേക നിലയിൽ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. രണ്ടാം ഭാഗത്ത്, തന്റെ വളർച്ചയുടെ ഗതിക്രമത്തിലെ എല്ലാ ദശകളിലും ദൈവത്തിന്റെ സഹായത്തെയും പിന്തുണയെയും ആശ്രയിക്കുന്നു എന്നു പറയുന്നു. അങ്ങനെ തന്റെ നിസ്സഹായതയെ ഏറ്റുപറയുകയും ചെയ്യുന്നു. അങ്ങനെ തന്റെ നിസ്സഹായതയെകണ്ടറിഞ്ഞ് ആത്മസംസ്കരണത്തിലേക്കും അധികമായ ദൈവാശ്രയത്തിലേക്കും നയിക്കപ്പെടുന്നു. മൂന്നാമത്തെ ഭാഗത്ത് പ്രാർഥനകളും അഭയയാചനകളും അടങ്ങിയിരിക്കുന്നു. ഇതാണ് നമസ്കാരത്തിന്റെ കാതൽ. പ്രാർഥനയിലൂടെ മനുഷ്യൻ ദൈവകാരുണ്യത്തെ ആകർഷിച്ചെടുക്കുന്നു, മനുഷ്യ സ്നേഹവും ദൈവസ്നേഹവും സംയോജിക്കുന്നതോടെ പുതിയൊരു ആത്മീയ സൃഷ്ടിക്കുള്ള ബീജാവാപം ചെയ്യപ്പെടുന്നു. ആണും പെണ്ണും തമ്മിലുള്ള സംയോഗത്തിലൂടെ പുതിയൊരു മനുഷ്യശിശു രൂപം കൊള്ളുന്നത് പോലെ.

ചുരുക്കത്തിൽ നമസ്കാരം ആത്മീയമായ അനുഗ്രഹങ്ങൾ നിറഞ്ഞ ഒരു കർമമാകുന്നു. മനുഷ്യന്റെ യുക്തിബോധം അതംഗീകരിക്കാൻ നിർബന്ധിതമായിത്തീരുന്നു. എന്നാൽ അത് ഫലപ്രദമായിത്തീരുന്നതിന് ഇസ്ലാം നിർദേശിച്ച ക്രമത്തിലും അത് നിർബന്ധമാക്കിയ നിബന്ധനകൾക്ക് വിധേയമായും അനുഷ്ഠിക്കേണ്ടിയിരിക്കുന്നു.

ഇസ്ലാമിക ശരീഅത്ത് പ്രകാരം നമസ്കാരം അനുഷ്ഠിക്കുന്നതിന് നിർദിഷ്ടമായ ചില ബാഹ്യ ചലനങ്ങൾ അതിന്റേതായ ചില സൂചകാർഥങ്ങൾ ഉൾക്കൊള്ളുന്നവയാകുന്നു. നമസ്കാര നിർവഹണത്തിൽ ആരാധകൻ വിവിധ ഘട്ടങ്ങളിലായി കൈകെട്ടിനിൽക്കുകയും കാൽമുട്ടുകളിൽ കൈകൾ വെച്ച് കുനിയുകയും കൈകൾ ഇരുപുറങ്ങളിലും തൂക്കിയിട്ടു നിൽക്കുകയും നിലത്ത് കുമ്പിടുകയും കാലുകൾ മടക്കിയിരിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ ചലനങ്ങളെല്ലാം തന്നെ വിവിധ രാജ്യങ്ങളിലെ വിനയപ്രകടനങ്ങളു

ടെയും സമർപ്പണരീതികളുടെയും പ്രതീകങ്ങളത്രേ. ചില രാജ്യങ്ങളിൽ കൈകൾകെട്ടി നിന്നു കൊണ്ടാണ് പരിപൂർണമായ വണക്കം പ്രകടിപ്പിക്കുന്നത്. മറ്റുചിലേടങ്ങളിലാവട്ടെ, കൈകൾ രണ്ടും തൂക്കിയിട്ടു കൊണ്ടും. പ്രാചീന ഈജിപ്തിൽ മുട്ടുകളിൽ മേൽക്കൈ വെച്ചു കുനിയുന്നത് ആദരപ്രകടനത്തിന്റെ പ്രത്യേക രീതിയാണ്. ഇന്ത്യയിലാകട്ടെ സാഷ്ടാംഗ പ്രണാമം ആണ് പ്രചാരത്തിലുണ്ടായിരുന്നത്. യൂറോപ്പിലാകട്ടെ മുട്ടുകുത്തി കുമ്പിട്ടു കൊണ്ടാണ് വണക്കം പ്രകടിപ്പിക്കുക. ഈ ആദരപ്രകടനങ്ങളെല്ലാം ഇസ്‌ലാമിന്റെ ആരാധനാസമ്പ്രദായത്തിൽ കോർത്തിണക്കിയിരിക്കുന്നു.

നമസ്കാരം സാധാരണഗതിയിൽ കൂട്ടായി നിർവഹിക്കണമെന്നാണ് ഇസ്‌ലാമിൽ കൽപ്പിക്കപ്പെട്ടിരിക്കുന്നത്. സാഹോദര്യത്തിന്റെ ആവേശം ഇത് മുഖേന വളർത്തപ്പെടണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഈ കൽപ്പന പ്രകാരം ഒരു രാജാവ് നമസ്കാരം അനുഷ്ഠിക്കുമ്പോൾ ഏറ്റവും താണ കിടയിലുള്ള ഒരു തൊഴിലാളിയോടൊപ്പം തോളോടു തോൾ ചേർന്നു നിൽക്കണം. നമസ്കാരം എന്നത് വെറും ഒരു ബാഹ്യപ്രകടനം മാത്രമല്ല. അതൊരു യാഥാർഥ്യം തന്നെയാണെന്നതിലേക്കുള്ള ശക്തിമത്തായ തെളിവാകുന്നു നമസ്കാരത്തിന്റെ ഹൃദയവർജകമായ കാഴ്ച. ഇവിടെ ഒരു രാജാവിന്റെ ചെങ്കോൽ മാറ്റിവെച്ച് ഒരു സാധാരണക്കാരനോടൊപ്പം തൊട്ടുരുമ്മി ദൈവ സവിധത്തിൽ നിൽക്കാൻ നിർബന്ധിതനായിത്തീരുന്നു.

നമസ്കാരം ദൈവത്തിൽ നിന്ന് എന്തെങ്കിലും ലഭിക്കുന്നതിന് വേണ്ടിയുള്ള അനുഷ്ഠാനമാണെന്നും ദൈവത്തോടുള്ള വിലപേശലാണെന്നും ആക്ഷേപിക്കപ്പെടാറുണ്ട്. നേരേമറിച്ചാണ് സത്യാവസ്ഥ. ഇസ്‌ലാം മാത്രമാണ് ഈ ആശയത്തെ തള്ളിക്കളഞ്ഞത്. ഇസ്‌ലാമിന്റെ ആരാധനാക്രമം ലൗകിക കാര്യങ്ങൾക്കായി ഒരാൾ നടത്തുന്ന ആർത്തിപിടിച്ച അർഥനയല്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യ പ്രകടനങ്ങളും അംഗീകരിക്കുകയും അവക്കുള്ള നന്ദി പ്രകടിപ്പിക്കുകയുമത്രേ നമസ്കാരത്തിന്റെ അതിപ്രധാനമായ ഉദ്ദേശ്യം. ഇപ്രകാരം ചെയ്യുന്നില്ലെങ്കിൽ മനുഷ്യൻ എന്ന പേരിന് ഒരാൾ അർഹനല്ലാതായിത്തീരുന്നു. രണ്ടാമതായി ആത്മീയ പുരോഗതിയെലാക്കാക്കിയും ഒരാൾ അപ്രകാരം ചെയ്യുന്നു. ഖുർആൻ പറയുന്നു.

'ഞാൻ എന്റെ ദർശനം കൊണ്ട് നിങ്ങളെ അനുഗ്രഹിക്കുമാറാകുന്നതിനും എന്റെ അനുഗ്രഹങ്ങളെ മുൻനിർത്തി നിങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുന്നതിനുമായി അല്ലയോ മനുഷ്യരെ, നിങ്ങൾ എന്നെ ആരാധിക്കുവിൻ; നിങ്ങൾ നന്ദിയില്ലാത്തവരാകാതിരിക്കുവിൻ'(2:152) ആരാധനയുടെ ഉദ്ദേശ്യം നന്ദി പ്രകടിപ്പിക്കുകയും ആത്മീയപുരോഗതി കൈവരിക്കുകയുമാണെന്ന് ഇത് മനസ്സിലാക്കി തരുന്നുണ്ട്.

വിശുദ്ധ ഖുർആൻ ഒരുസ്ഥലത്ത് പറയുന്നു. 'നമസ്കാരം എല്ലാ ദുർവൃത്തികളെയും തിന്മകളെയും തടയുന്നു'.(29:46)

തിരുനബി(സ)യോട് അദ്ദേഹം എന്തിനാണ് നമസ്കാരങ്ങളിലും പ്രാർഥനകളിലും മുഴുകിയിരിക്കുന്നതെന്ന് ഒരാൾ ചോദിച്ചപ്പോൾ 'ഞാൻ എന്റെ നാഥനോട് നന്ദികാണിക്കേണ്ട ദാസനായിരിക്കേണ്ടതല്ലേ' എന്ന് തിരിച്ചു ചോദിക്കുകയുണ്ടായി.

നമസ്കാരത്തെപറ്റി വിശുദ്ധ ഖുർആൻ വീണ്ടും പറയുന്നു. 'അറിയുക നമസ്കാരം മുഖേനഹൃദയത്തിന് ശാന്തിയും സമാധാനവും ലഭിക്കുന്നു'. (13:29) നമസ്കാരം മുഖേന ഒരാൾക്ക് ദൃഢജ്ഞാനം കൈവരികയും എല്ലാ സംശയങ്ങളും അകറ്റപ്പെടുകയും ചെയ്യുന്നു. തന്നിമിത്തം ഭൗതിക ലോകത്ത് വിവിധങ്ങളായ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ളവഴികളുള്ളത് പോലെ നമസ്കാരം ആത്മീയ പുരോഗതിക്കുള്ള ഒരു മാർഗവുമാകുന്നു.

ചുരുക്കത്തിൽ മറ്റൊരു മതത്തിന്റെയും ആരാധനാക്രമത്തിനുള്ളതായി അവകാശപ്പെടാനാകാത്തവിധം അനേകം വൈശിഷ്ട്യങ്ങൾ നമസ്കാരത്തിനുള്ളതിനോടൊപ്പം അത് അഗാധമായ സത്യങ്ങൾ ഉൾക്കൊള്ളുന്നതായും കാണാം. ആരാധകരുടെ യഥാർഥമായ ഉദ്ദേശ്യലക്ഷ്യങ്ങളെ അത് എല്ലാ വിധത്തിലും തൃപ്തികരമായി നേടുവാൻ സഹായിക്കുന്നു. സാത്വികത കൈവരിക്കാനുള്ള ഒരേയോരുപാധിയാണത്. ആരാധനയുടെ ബാഹ്യരൂപങ്ങൾ കയ്യൊഴിക്കാവുന്നതാണെന്ന് ധരിച്ചുവശായിട്ടുള്ളവർ ഗുരുതരമായ പിഴവിൽപ്പെട്ട് ഉഴലുന്നവരത്രെ. അബ്രഹാം (ഇബ്രാഹിം നബി(അ)) അദ്ദേഹത്തിന് എല്ലാ നന്മകളുമുണ്ടായിരുന്നിട്ടും മൊശെ(മൂസാ നബി(അ)) എല്ലാ ത്യാഗങ്ങളും അനുഷ്ഠിച്ചിട്ടും യേശു(ഈസാ നബി(അ)) എല്ലാ വിനയവും താഴ്മയും കാണിച്ചിട്ടും മുഹമ്മദ് നബി(സ) പരിപൂർണതയുടെയും മഹത്വങ്ങളുടെയും പരമപദത്തിലായിരുന്നിട്ടും അത്തരം ആരാധനാകർമങ്ങൾ കയ്യൊഴിയുകയുണ്ടായില്ലെന്നും ഹൃദയത്തിന്റെ ആരാധനയിൽ മാത്രം തൃപ്തി കണ്ടെത്താൻ അവർക്ക് കഴിഞ്ഞിരുന്നില്ലെന്നും വരുമ്പോൾ, പ്രഭാതം മുതൽ പ്രദോഷം വരെ ഭൗതിക ലക്ഷ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങളിൽ മുഴുകിയിട്ടുള്ളവർക്ക് അത് കൂടാതെ കഴിക്കാമെന്നും ആന്തരീയ സ്മരണയിൽ വ്യാപൃതനായിരുന്നു കൊണ്ട് ആരാധനയുടെ ലക്ഷ്യങ്ങൾ നേടുവാൻ കഴിയുമെന്നും എങ്ങനെ വിശ്വസിക്കാനാവും? പ്രത്യക്ഷമായ ആരാധനാകർമങ്ങൾ ഒരു പ്രകടനം മാത്രമാണെന്നും അത്കൊണ്ട് യഥാർഥ നന്മ നേടാനാവില്ലെന്നും പറയുന്നത് ആലസ്യത്തിന്റെ ഫലവും മനസ്സാക്ഷിയുടെ ശബ്ദത്തെ ഹനിച്ചു കളയാൻ പ്രോത്സാഹനം നൽകുന്ന നടപടിയും തങ്ങളുടെ വിശ്വാസരാഹിത്യത്തെ മറച്ച് വെക്കാനുള്ള ഒരു ആവരണവും മാത്രമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

## തറാവീഹ് നമസ്കാരം

അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം: റമദാനിലെ സുന്നത്ത് (തറാവീഹ്) നമസ്കാരത്തെപ്പറ്റി റസൂൽ തിരുമേനി(സ) കൂടുതൽ പ്രോത്സാഹനം നൽകിക്കൊണ്ടിരുന്നു. പക്ഷേ നിർബന്ധമായി അത് കല്പിച്ചില്ല. അവിടന്ന് പറയാറുണ്ട് റമദാനിൽ വല്ലവനും വിശ്വാസദാർഢ്യത്തോടെയും പ്രതിഫലേച്ഛയോടെയും നമസ്കാരം നിർവഹിക്കുന്നുവെങ്കിൽ മുൻകഴിഞ്ഞചെറുപാപങ്ങൾ അവനു പൊറുക്കപ്പെടും (മുസ്‌ലിം)



# ഹദ്റത്ത് മസീഹ് മൗഊദ് (അ)

## വിശ്വാസലോകത്ത് വരുത്തിയ ആത്മീയ വിപ്ലവം

മുഹമ്മദ് ഉമർ, നാഇബ് നാസിർ അഅ്‌ലാ, ഖാദിയാൻ

**വിശുദ്ധ ഖുർആനും സുന്നത്തും ഉണ്ടായിരിക്കെ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രസക്തിയെന്ത് എന്ന ചോദ്യത്തിന് ലേഖകൻ മറുപടി പറയുന്നു.**

**അ**ഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ആഗതനായി ലോകത്ത് എന്ത് പരിവർത്തനമാണ് വരുത്തിയത്, അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നൽകി എന്നീ ചോദ്യങ്ങൾ ചില അനഹ്മദി മുസ്‌ലിംകളിൽ നിന്ന് ഉന്നയിക്കപ്പെടാറുണ്ട്. പരിപൂർണ ശരീഅത്ത് ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ഉണ്ടായിരിക്കെ വിശ്വാസ പ്രമാണങ്ങളിലും കർമപദ്ധതികളിലും ഇസ്‌ലാമിൽ നിന്നും വിഭിന്നവും വ്യത്യസ്തവും ആയ നിലപാടു സ്വീകരിച്ചുകൊണ്ട് പുതിയൊരു പ്രസ്ഥാനത്തിന് എന്തു പ്രസക്തിയാണുള്ളത് എന്ന് അവർ ചോദിക്കുന്നു. രണ്ടാമതായി അഹ്മദിയ്യത്ത് ഇസ്‌ലാം മതത്തെ തന്നെയാണ് പ്രബോധിക്കുന്നതെങ്കിൽ പിന്നെ പുതിയൊരു പ്രസ്ഥാനത്തിന്റെ ആവശ്യം തന്നെ എന്താണ് എന്ന് അവർ ചോദിക്കുന്നു. ഒന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരം അഹ്മദിയ്യത്ത് ലോകത്തിന് യഥാർഥ ഇസ്‌ലാമല്ലാതെ മറ്റൊന്നും തന്നെ നൽകുന്നില്ല എന്നും മുഹമ്മദീ ശരീഅത്തിൽ ഒരു വള്ളിക്കോ പുള്ളിക്കോ മാറ്റം വരുത്തുന്നില്ല എന്നുമാകുന്നു.

രണ്ടാമത്തെ ചോദ്യത്തിനുള്ള സംക്ഷിപ്ത മറുപടി ഇതാണ്, അഹ്മദിയ്യത്ത് ഇസ്‌ലാം മാത്രമാണ് നൽകുന്നത്. എന്നാൽ ഇപ്പോൾ കാണപ്പെടുന്ന ഇസ്‌ലാം 73 മതവിഭാഗങ്ങളായി ചിന്നിച്ചിതറിക്കിടക്കുകയാണ്. പരസ്പരം വിശ്വാസ വൈരുദ്ധ്യമുള്ള ഇസ് ലാമാണ് ഇന്നു കാണപ്പെടുന്നത്. എന്നാൽ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഒരേ ഒരു മതമായി ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)കൊണ്ടുവന്ന ഇസ്‌ലാമാണ് പ്രബോധിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇസ്‌ലാമിന്റെ പുനർജീവനത്തിനും ശരീഅത്തിന്റെ പുനഃസ്ഥാപനത്തിനുമാണ് താൻ ആഗതനായതെന്ന് പ്രസ്താവിക്കുന്നു. അദ്ദേഹം അരുൾ ചെയ്യുന്നു.

"അല്ലാഹു എന്നെ പതിനാലാം നൂറ്റാണ്ടിന്റെ തലക്കൽ തന്റെ ഭാഗത്തുനിന്ന് സുശക്ത ഇസ്‌ലാമിന്റെ പുനരുത്ഥാനത്തിനും പരിഷ്കരണത്തിനുമായി നിയുക്തനാക്കിയിരിക്കുകയാണ്. കലങ്ങിമറിഞ്ഞ ഈ കാലഘട്ടത്തിൽ വിശുദ്ധ ഖുർആന്റെ നന്മകളും ഹദ്റത്ത് നബികരീം (സ) തിരുമേനിയുടെ മഹത്വങ്ങളും പ്രകടമാക്കുന്നതിനും ഇസ്‌ലാമിനെ ആക്രമിച്ചുകൊണ്ടിരിക്കുന്ന അതിന്റെ ശത്രുക്കളെ എനിക്കു നൽകപ്പെട്ട ദിവ്യപ്രകാശങ്ങളുടെയും അനുഗ്രഹങ്ങളുടെയും ദിവ്യജ്ഞാനങ്ങളു

ടെയും സഹായത്തോടെ പ്രതിരോധിക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ്' (ബറക്കാത്തുദ്ദുആ പേജ് 23).

ഇവിടെ അദ്ദേഹം തന്റെ രണ്ടു വിധത്തിലുള്ള ആഗമനോദ്ദേശ്യമാണ് വ്യക്തമാക്കുന്നത്. ഒന്ന് മുസ്‌ലിംകളെ വഴികേടിന്റെയും നിരാശയുടെയും പടുകുഴിയിൽ നിന്നും രക്ഷപ്പെടുത്തുകയും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ അവർക്ക് പരിചയപ്പെടുത്തുകയും രണ്ടാമതായി ഇസ്‌ലാമിനെതിരായി ചെയ്യപ്പെടുന്ന ബാഹ്യമായ ആക്രമണങ്ങളെ പ്രതിരോധിക്കുകയും ചെയ്യുക എന്നതാണ്. അദ്ദേഹം തന്റെ ഈ രണ്ട് ഉദ്ദേശ്യലക്ഷ്യങ്ങളെ എത്ര കണ്ട് പ്രാവർത്തികമാക്കി എന്ന് നമുക്കു നോക്കാം.

ഹദ്റത്ത് മഹ്ദീ മസീഹിന്റെ ആവിർഭാവകാലത്തുണ്ടായിരുന്ന ഇസ്‌ലാമിന്റെ മുഖം ഹദ്റത്ത് നബി കരീം (സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന ഇസ്‌ലാമിന്റെ മുഖമായിരുന്നില്ല. ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ വിശ്വാസാദർശങ്ങളിലും സങ്കൽപങ്ങളിലും ഒന്നൊന്നായി വ്യതിയാനം വന്നതായി നമുക്കു കാണാൻ സാധിക്കുന്നു.

### സജീവ ദൈവം

ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വമായ തൗഹീദ് അവശേഷിക്കാത്ത രീതിയിൽ ശിർക്കും ശിർക്കുമായി ബന്ധപ്പെട്ട ബിദ്അത്തുകളും ഇസ്‌ലാമിൽ പടർന്നു പിടിച്ചിരുന്നു. ഒരു ഭാഗത്ത് അല്ലാഹുവിന്റെ സംസാരശക്തിയെ നിഷേധിക്കുകയാണെങ്കിൽ മറുഭാഗത്ത് ഏകദൈവത്തിന്റെ മുമ്പാകെയല്ലാതെ ആരുടെ മുമ്പിലും കുനിയാതിരുന്ന നെറ്റിത്തടം വിവിധ ഖബറുകൾക്കുമുന്നിലും ദർഗകളിലും കുമ്പിടാൻ തുടങ്ങി. എന്റെ അടിയാറുകൾ എന്നെക്കുറിച്ച് ചോദിക്കുകയാണെങ്കിൽ ഞാനിതാ അടുത്തുതന്നെയുണ്ട്, എന്നെ വിളിച്ച് പ്രാർഥിക്കുന്നവന്റെ പ്രാർഥന കേട്ടു ഞാൻ ഉത്തരം നൽകുന്നു (ബഖറ) എന്ന് അല്ലാഹു അരുൾ ചെയ്യുന്നു.

എന്നാൽ പരിതാപകരമെന്ന് പറയട്ടെ ഇന്നു മുസ്‌ലിം സമുദായം അധഃപതനത്തിന്റെ പടുകുഴിയിൽ ചെന്നു പതിച്ചപ്പോൾ അല്ലാഹുവിന്റെ സംസാരശക്തി നശിച്ചുപോയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് പ്രാർഥനയുടെ ഫലത്തെത്തന്നെ നിഷേധിക്കാൻ തുടങ്ങി. ഇത്തരം നിരാശാജനകമായ കാലഘട്ടത്തിൽ ഹദ്റത്ത് അഹ്മദ് (അ) അരുൾ ചെയ്യുന്നു;

"നമ്മുടെ ദൈവം പണ്ടത്തെപ്പോലെ ഇപ്പോഴും സംസാരിക്കുന്നു. പണ്ട് കേട്ടിരുന്നതുപോലെ ഇപ്പോഴും അവൻ കേൾക്കുന്നു. ഈ കാലത്ത് അവൻ കേൾക്കുന്നുവെങ്കിലും സംസാരിക്കുന്നില്ല എന്ന വിചാരം അടിസ്ഥാന രഹിതമാണ്. എന്നാൽ അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അവന്റെ എല്ലാ വിധത്തിലുള്ള സവിശേഷഗുണങ്ങളും അനശ്വരവും ശാശ്വതവും ആണ്. അവന്റെ ഒരു സിഫത്തും ദുർബലമായതായിട്ടില്ല (അൽ വസിയ്യത്ത് പേജ് 8)

അദ്ദേഹം അല്ലാഹുവിനെ കുറിച്ചുള്ള തന്റെ വിശ്വാസവും കാഴ്ചപ്പാടും മാത്രമല്ല ഉൽബോധിപ്പിച്ചിരുന്നത്. മറിച്ച് അതിനുള്ള തെളിവെന്നോണം തന്റെ അസ്തിത്വത്തെ ലോകത്തിന്റെ മുമ്പാകെ പ്രദർശിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് എല്ലാ മതസ്ഥരെയും അദ്ദേഹം വെല്ലുവിളിച്ചു. ചുരുക്കത്തിൽ വിശ്വാസലോകത്ത് അദ്ദേഹം വരുത്തിയ ഏറ്റവും വലിയ വിപ്ലവം അദ്ദേഹം സജീവനായ ദൈവത്തെ ലോകത്തിന് പരിചയപ്പെടുത്തി എന്നു മാത്രമല്ല അതിനുള്ള തെളിവെന്നോണം തന്നെ പരിചയപ്പെടുത്തി എന്നതാണ്. അദ്ദേഹം തന്റെ ഒരു കവിതയിൽ പറയുന്നു:

ഓ ഖുദാ അബ് ഭി ബനാത്താ ഹെ ജിസ് സെ ചാഹെ കലീം

അബ് ഭി ഉസ് സെ ബോൽത്താ ഹെ ജിസ് സെ വൊ കർതാ ഹെ പ്യാർ.

ആ ദൈവം ഇപ്പോഴും താൻ ഇച്ഛിക്കുന്ന ആളെ ദിവ്യഭാഷണവിധേയനാക്കുന്നു. ഇപ്പോഴും അവൻ താൻ സ്നേഹിക്കുന്ന ആളോട് സംസാരിക്കുന്നു. (ദുർ റെ സമീൻ)

### സജീവ പ്രവാചകൻ

സജീവനായ അല്ലാഹുവിന്റെ അസ്തിത്വത്തിനു ശേഷം ഹദ്റത്ത് ഖാത്തമുന്നബിയ്യീൻ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ സ്ഥാനം വരുന്നു. വിശുദ്ധ ഖുർആനിൽ നിന്നു മനസ്സിലാക്കാൻ സാധിക്കുന്നത് ഹദ്റത്ത് റസൂൽ തിരുമേനി(സ)ക്കു ലഭിച്ച നിസ്തുല്യവും അതിമഹത്തായതുമായ സ്ഥാനം 'മഖാമെ ഖത്തമുന്നുബുവ്വത്ത്' എന്നതാണ്. ഈ സ്ഥാനത്തിന്റെ മാഹാത്മ്യം അദ്ദേഹത്തിന്റെ ഖുവ്വത്തെ ഖുദ്സിയ്യ എന്ന പരിശുദ്ധ ആത്മീയ ശക്തി മുഖേന ലോകം നിലനിൽക്കുന്നതുവരെ എല്ലാവിധ ദൈവീകാനുഗ്രഹങ്ങളും ലഭ്യമാകുന്നുവെന്നതാണ്. അതായത് ഇനിമേൽ നബിതിരുമേനി(സ) മുഖേന മാത്രമേ എല്ലാവിധ ദിവ്യാനുഗ്രഹങ്ങളും എന്തിനേറെ നുബുവ്വത്തും ലഭ്യമാകുകയുള്ളൂ. എന്നാൽ ഈ കാലത്തെ മുസ്‌ലിംകളും അവരുടെ പണ്ഡിതന്മാരും ഹദ്റത്ത് റസൂലുല്ലാ(സ)ക്ക് ലഭിച്ചിരുന്ന ഈ മഹത്തായ സ്ഥാനത്തെ കീഴെ ഇറക്കിക്കൊണ്ട് അല്ലാഹു നബിതിരുമേനി(സ)മുഖേന നുബുവ്വത്ത് എന്ന അനുഗ്രഹത്തെ നിറുത്തൽ ചെയ്തിരിക്കുന്നുവെന്നു പറയുന്നു. അതായത് റഹ്മത്തുൻലിൽ ആലമീനായ, ദൈവാനുഗ്രഹിയായ അദ്ദേഹത്തിന്റെ ആഗമനം നുബുവ്വത്തെന്ന ആത്മീയാനുഗ്രഹത്തെ നിറുത്തൽ ചെയ്യുന്നതിനായാണെന്നു വിശ്വസിക്കുന്നു. ഇത് നബി തിരുമേനി(സ)ക്കു ദൈവദത്തമായി ലഭിച്ച ദിവ്യസ്ഥാനത്തെ ഇടിച്ചുതാഴ്ത്തലല്ലാതെ മറ്റെന്താണ്?

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ആഗതനായി ഹദ്റത്ത് റസൂൽ തിരുമേനിയുടെ ഈ ദിവ്യസ്ഥാനത്തിന്റെ യാഥാർഥ്യം വിശദീകരിച്ചു തന്നു. ഇനിമേൽ റസൂൽ തിരുമേനി(സ)യുടെ അനുധാവനവും അനുസരണവും എല്ലാവിധ ആത്മീയാനുഗ്രഹങ്ങൾക്കുമുള്ള നിദാനമാണെന്നു അദ്ദേഹം പ്രസ്താവിച്ചു. തിരുനബി(സ)യെ പരിപൂർണമായി പിൻതുടരുന്നതു നിമിത്തം ഒരാൾക്കു നുബുവ്വത്ത് എന്ന സ്ഥാനം കൂടി ലഭിക്കുന്നതാണെന്ന് അദ്ദേഹം സ്ഥാപിച്ചു. ഇതിനായും അദ്ദേഹം തന്നെത്തന്നെ എടുത്തു കാണിച്ചു. എന്നിട്ടു പറഞ്ഞു:

ബർ തർ വഹ്മ് വ ഗുമാൻ സെ, അഹമദ് കീ ശാൻ ഹെ,

ജിസ്കാ ഗുലാം ദേഖോ മസീഹുസ്സമാൻ ഹെ.

ഹദ്റത്ത് മുഹമ്മദ് നബിയുടെ മഹത്വം എല്ലാവിധ സങ്കൽപ്പങ്ങൾക്കും അതീതമാണ്. നോക്കുക അദ്ദേഹത്തിന്റെ ദാസൻ കാലത്തിന്റെ മസീഹായിത്തീർന്നിരിക്കുന്നു. (ദുർറെ സമീൻ)

ഇപ്രകാരം ഹദ്റത്ത് വാഗ്ദത്ത മസീഹ് അവതരിച്ചുകൊണ്ട് ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ദിവ്യസ്ഥാനത്തെ പ്രകാശപൂരിതമാക്കി കാണിച്ചു തന്നു. ജീവനുള്ള ദൈവത്തിലുള്ള വിശ്വാസത്തോടൊപ്പം എന്നെന്നും ജീവസ്സുള്ള പ്രവാചകൻ (സ) തിരുമേനിയുടെ യാഥാർഥ്യവും മാഹാത്മ്യവും ലോകത്തിന്റെ മുമ്പാകെ വെച്ചു.

### സജീവ ഗ്രന്ഥം

വിശുദ്ധ ഖുർആൻ സുരക്ഷിതവും പരിപൂർണവും ആഗോളവും ആയ ശരീഅത്തോടുകൂടിയ ദൈവീക ഗ്രന്ഥമാകുന്നു. എന്നാൽ വിശുദ്ധ ഖുർആനിലെ ചില വചനങ്ങൾ മറ്റു ചില വചനങ്ങൾ മുഖേന ദുർബലം (മൻസൂഖ്) ആക്കപ്പെ

ട്ടിരിക്കുന്നു എന്ന നാശകാരിയായ വിശ്വാസം മുസ്‌ലിംകളിൽ കടന്നുകൂടിയിരുന്നു. ചില ഖുർആൻ വ്യാഖ്യാതാക്കൾ വിശുദ്ധ ഖുർആനിൽ ദുർബലമാക്കപ്പെട്ട വചനങ്ങൾ 500 ആണെന്നും ചിലർ 200 ആണെന്നും ചിലർ 20 ആണെന്നും ചിലർ 5 ആണെന്നും വാദിച്ചിരുന്നു. അടിസ്ഥാനരഹിതമായ ഈ വിശ്വാസം വിശുദ്ധ ഖുർആന്റെ സത്തയെ കളങ്കപ്പെടുത്തുന്നതായിരുന്നു. ഹദ്റത്ത് വാഗ്ദത്ത മസീഹ് ആഗതനായി ഈ കളങ്കത്തെ ശുദ്ധീകരിച്ച് കാണിച്ചുതന്നു. അദ്ദേഹം അരുൾ ചെയ്യുന്നു: ചില പണ്ഡിതന്മാർ സത്യവിരുദ്ധമായ വഴിയിൽ കൂടി ചില ഹദീസുകളെ ചില ആയത്തുകളുടെ നാസിഖായി (ദുർബലപ്പെടുത്തുന്നതായി) ഗണിക്കുന്നു. എന്നാൽ വാസ്തവത്തിൽ യഥാർഥത്തിലുള്ള നസ്ഖും ഏറ്റക്കുറവുകളും ഖുർആനിൽ അനുവദനീയമല്ല. കാരണം ഇത് നിമിത്തം ഖുർആനെ വ്യാജപ്പെടുത്തുക എന്നത് അനിവാര്യമായിത്തീരുന്നു. (അൽ ഹഖ് മുബാഹസ പേജ് 90, 91)

വീണ്ടും അദ്ദേഹം അരുൾ ചെയ്യുന്നു, വിശുദ്ധ ഖുർആനിലെ ഒരു വള്ളിയോ പുള്ളിയോ മൻസൂഖല്ല. (നിശാനെ ആസ്മാനി പേജ് 30)

ഹദ്റത്ത് വാഗ്ദത്ത മസീഹ് തന്റെ വിവിധ ഗ്രന്ഥങ്ങൾ, വിജ്ഞാപനങ്ങൾ എന്നിവ വഴി നാസിഖ്, മൻസൂഖ് പ്രശ്നത്തെക്കുറിച്ച് മുസ്‌ലിംകളുടെ മനസ്സുകളിൽ വലിയൊരു വിപ്ലവം തന്നെ സൃഷ്ടിച്ചു. ഇപ്പോൾ ഇവർ ഈ നാശകാരിയായ ചിന്തയിൽ നിന്ന് തൗബാ ചെയ്തുകൊണ്ടിരിക്കുകയാണ്.

ഡൽഹിയിൽ നിന്നു പുറപ്പെടുന്ന അൽ ജംഇയത്ത് എന്ന പത്രം 1963 നവംബർ 10-ാം തിയതിയിലെ പതിപ്പിൽ എഴുതുന്നു:

'നാസിഖ്, മൻസൂഖിന്റെ വിവാദത്തിൽ വളരെയധികം വ്യതിയാനങ്ങൾ സംഭവിച്ചുപോയി. വാസ്തവമെന്തെന്നാൽ വിശുദ്ധ ഖുർആനിലെ ഒരു വചനവും ദുർബലമല്ല.'

ഇതേ പ്രകാരം വിശുദ്ധ ഖുർആൻ പരിഭാഷ ചെയ്യാൻ പാടില്ല എന്ന തെറ്റായ ധാരണ മുസ്‌ലിംകളിൽ കടന്നുകൂടിയിരുന്നു. ഇതു പാപവും നിഷിദ്ധവുമാണെന്നും അവർ കരുതിയിരുന്നു. ഹദ്റത്ത് വാഗ്ദത്ത മസീഹ് ആഗതനായി ഈ തെറ്റായ സങ്കൽപ്പത്തെ എന്നെന്നേക്കുമായി മായിച്ചുകളഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 76 ലോകഭാഷകളിൽ വിശുദ്ധ ഖുർആൻ പരിഭാഷ ചെയ്ത് ലോകമെങ്ങും വ്യാപിപ്പിക്കുകയുണ്ടായി

ചുരുക്കത്തിൽ ഹദ്റത്ത് മഹ്ദീ മസീഹ് ആഗതനായി ഒരു സജീവ ദൈവത്തെയും ഒരു സജീവ പ്രവാചകനെയും ഒരു സജീവ ഗ്രന്ഥത്തെയും ലോകത്തിനു പരിചയപ്പെടുത്തി. ഇത് അദ്ദേഹം വിശ്വാസ ലോകത്ത് വരുത്തിയ അതിമഹത്തായ വിപ്ലവമാകുന്നു.

### ഹയാത്തെമസീഹ് എന്ന മിഥ്യാവിശ്വാസം

മുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാമിനും ഹദ്റത്ത് റസൂൽ കരീം(സ) തിരുമേനിക്കും അപമാനവും കളങ്കവും അപമര്യാദയും ഏർപ്പെടുത്തുന്ന ഒരു വിശ്വാസം, ഇസ്രാഈല്യർക്ക് മാത്രം അവതീർണനായ ഹദ്റത്ത് ഈസാ നബി (അ) അഥവാ യേശുക്രിസ്തു മരിക്കാതെ 2000 വർഷങ്ങളിലധികമായി ആകാശത്ത് സ്ഥൂലശരീരത്തോടുകൂടി ജീവിച്ചിരിക്കുന്നുവെന്നും അവസാനകാലത്ത് ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ ഉമ്മത്തായ മുസ്‌ലിം സമുദായം വഴികേടിലാകുമ്പോൾ അവരെ സമുദ്ധരിക്കുവാനായി അദ്ദേഹം ആകാശത്തു നിന്നു ഇറങ്ങി വരുന്നതാണ് എന്നുമാണ്.

ഹദ്റത്ത് വാഗ്ദത്ത മസീഹ് അവതീർണനായി വിശുദ്ധ ഖുർആൻ, ഹദീസുകൾ, ചരിത്രസത്യങ്ങൾ, മനുഷ്യബുദ്ധി എന്നിവയുടെ അടിസ്ഥാനത്തിൽ മുസ്‌ലിംകളുടെ ഈ തെറ്റായ വിശ്വാസത്തിൽ നിന്ന് അവർക്ക് മോചനം നൽകി. മുഹമ്മദീ ഉമ്മത്തിനെ സമുദ്ധരിക്കാൻ പുറത്തു നിന്ന് ഒരു പരിഷ്കർത്താവിന്റേയും ആവശ്യമില്ലെന്ന് സയുക്തികം തെളിയിച്ചു.

മുസ്‌ലിംകളും അവരുടെ പണ്ഡിതന്മാരും ഹയാത്തെ മസീഹ് എന്ന പ്രശ്നം ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വമാണെന്ന് കരുതിക്കൊണ്ട് ഈ വിശ്വാസത്തെ നിരാകരിക്കുന്നവർക്കെതിരിൽ കുഫ്ർ ഫത്‌വ പുറപ്പെടുവിക്കുകയും ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറം തള്ളപ്പെട്ടവരായി ഗണിക്കുകയും ഉണ്ടായി. എന്നാൽ അവസാനം ഈ കൂട്ടർ തന്നെ ഹദ്റത്ത് മഹ്ദീ മസീഹ് ഉന്നയിച്ച തെളിവുകളുടെ വെളിച്ചത്തിൽ ഹദ്റത്ത് ഈസാ നബി (അ) ഇതര മനുഷ്യരെപ്പോലെയും ഇതര പ്രവാചകന്മാരെപ്പോലെയും മൃതിയടഞ്ഞുവെന്നു വിശ്വസിക്കാൻ നിർബന്ധിതരായിത്തീർന്നു. കശ്മീരിൽ നിന്നു പുറപ്പെടുന്ന 'ശ്രീ നഗർ ടൈംസ്'(1970 മെയ് 2 ലക്കം)ൽ അല്ലാമാ സയ്യിദ് നിസാർ ഹുസ്നി തന്റെ ഒരു ലേഖനത്തിൽ പറയുന്നു.

"ചില രിവായത്തുകളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഈസാ നബി(അ)യെ ആരാധിക്കുന്ന പ്രവണത അസഹനീയമായതായിത്തീർന്നിരിക്കുകയാണ്. ഈസാ നബി വഫാത്തായിരിക്കുന്നുവെന്നു വിശ്വസിപ്പിച്ചതുകൊണ്ട് തങ്ങൾ ഖാദിയാനി പ്രശ്നത്തെ അനുകൂലിക്കുകയും ആദരിക്കുകയും ആണെന്നു ആരും ധരിച്ചുപോകരുത്. മറിച്ച് തങ്ങൾ അറിവിനെയും ബുദ്ധിയെയും ആദരിക്കുകയാണ് ചെയ്യുന്നത്. (ഈ അറിവും ബുദ്ധിയും ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ആഗമനത്തിനു മുമ്പ് എവിടെയായിരുന്നു?-പരി.) ലേഖനം തുടരുന്നു. "അസംഖ്യം അനഹ്മദീ ഉലമാക്കളും ഫുഖഹാക്കളും ഈ വിശ്വാസത്തെ അനുകൂലിച്ചുകൊണ്ട് തങ്ങളുടെ ഉന്നതമായ ഗ്രന്ഥങ്ങളിലും ഖുർആൻ വ്യാഖ്യാനങ്ങളിലും അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് കൊട്ടിഘോഷിക്കുകയുണ്ടായി. ശൈഖ് ഹാഫിസ് മുഹമ്മദ് ശൽത്തൂത്ത്-റെക്ടർ അൽ അസ്ഹർ യൂണിവേഴ്സിറ്റി, ശൈഖ് മുഹമ്മദ് അബ്ദുഹു മിസ്രി, അല്ലാമാ മുഹമ്മദ് രിസാ-അൽമനാർ, അല്ലാമാ മുസ്തഫൽ മറാഗി, സർ സയ്യദ് അഹ് മദ് ഖാൻ, മൗലാനാ സനാഉല്ലാ അമൃത് സരി, മൗലാനാ അബുൽ കലാം ആസാദ്, അല്ലാമാ ഇഖ്ബാൽ മുതലായ പണ്ഡിതന്മാർ ഈസാ നബി മരിച്ച് പോയിരിക്കുന്നുവെന്നു വ്യക്തമാക്കിയിരിക്കുന്നു.

(തുടരും)

## പെരുന്നാൾ നമസ്കാരവും സ്ത്രീകളും

ഉമ്മു അത്ത്വിയ(റ)യിൽ നിന്നു നിവേദനം: അന്തഃപുരത്തിൽ ഇരിക്കുന്ന സ്ത്രീകളെയും ആർത്തവകാരികളെയും പെരുന്നാൾ മൈതാനത്തേക്ക് കൊണ്ടുവരുവാൻ നബി(സ)ഞങ്ങളോട് കല്പിച്ചിരുന്നു. അവർ മുസ്‌ലിം കളുടെ ജമാഅത്തിലും പ്രാർഥനയിലും പങ്കെടുക്കും. ഋതുമതികൾ നമസ്കാ രത്തിൽ നിന്ന് അകന്ന് നിൽക്കും. ഒരു സ്ത്രീ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളിൽ ഒരുവൾക്ക് വസ്ത്രമില്ലെങ്കിലോ? അവിടന്ന് പറഞ്ഞു: അവളുടെ സഹോദരി തന്റെ വസ്ത്രത്തിൽ നിന്ന് അവളെ ധരിപ്പിക്കട്ടെ.

(ബുഖാരി)



# ഹദീസുകളിലേക്കൊരു ഹ്രസ്വ ദർശനം

എ.അഹ്മദ് ഖാൻ, കളിയിക്കാവിള

**ഹദീസുകൾ ഇസ്‌ലാമിക പ്രമാണങ്ങളിലെ പ്രബല രേഖകളാണ്. ഇസ്‌ലാമിക കർമശാസ്ത്ര നിർമിതിയിലും മനുഷ്യ സംസ്കൃതിയുടെ പരിപോഷണത്തിലും നിസ്തുല സംഭാവനകൾ നൽകിയ ഹദീസുകളെപ്പറ്റി**

'**നി**ങ്ങൾക്ക് അല്ലാഹുവിന്റെ പ്രവാചകനിൽ ഉത്തമ മാതൃകയുണ്ട്' (വി.ഖു 33:21). 'ദൈവത്തെയും അവന്റെ ഈ പ്രവാചകനെയും (മുഹമ്മദ്) അനുസരിക്കൂ'(വി.ഖു 5:92). മനുഷ്യ രാശിക്കുള്ള ദൈവിക കല്പ്പനയാണിത്. ദൈവിക കല്പ്പനഅനുസരിക്കൽ സൃഷ്ടിജാലങ്ങളുടെ കടമയാണ്.

ദൈവത്തെയും അവന്റെ പ്രവാചകനെയും അനുസരിക്കണമെങ്കിൽ ദൈവത്തിന്റെയും അവന്റെ പ്രവാചകന്റെയും വാക്കുകളും പ്രവൃത്തികളുമറിഞ്ഞിരിക്കേണ്ടതുണ്ട്. വിശുദ്ധഖുർആൻ ദൈവിക വചനവും ഈ ദൃശ്യ പ്രപഞ്ചം അവന്റെ പ്രവൃത്തിയുമാണ്. അക്കാര്യം നമുക്കറിയാം. പക്ഷേ പ്രവാചക വചനങ്ങളും പ്രവൃത്തികളുമോ? അവയെല്ലാം ഒരുമിച്ചുകൂട്ടിയുള്ളതാണ് ഹദീസുകൾ.

### ഹദീസുകൾ വിജ്ഞാനത്തിന്റെ ദീപനാളങ്ങൾ

സൃഷ്ടികളിൽ ശ്രേഷ്ഠനായ മനുഷ്യന് ദൈവം ചിന്താശക്തിയും സ്വതന്ത്രമായ പ്രവർത്തനശേഷിയും നൽകി അനുഗ്രഹിച്ചു. ദൈവ ദാസനായ നബി(സ)യാകട്ടെ ദൈവഹിതാനുസരണം സ്വന്തം കർമത്തിലൂടെയും അദ്ധ്യാപനങ്ങളിലൂടെയും മനുഷ്യന്റെ ചിന്താമേഖലയെ സ്വാധീനിച്ച് അവന്റെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകി, നെല്ലും പതിരുമെന്നോണം അവന് നന്മതിന്മകൾ വേർതിരിച്ച് കാണിച്ചുകൊടുത്തു. ധാർമികമൂല്യങ്ങൾ എന്തെന്നറിയാത്ത അറേബ്യൻ മണലാരണ്യത്തിലെ മനുഷ്യമൃഗങ്ങളെ സംസ്കരിച്ച് അദ്ധ്യാത്മിക പുരോഗതിയുടെ ഉത്തുംഗ ശൃംഖങ്ങളിലേക്ക് കൈപിടിച്ചുയർത്തി. അത് അവരിലേക്ക് വിജ്ഞാനത്തിന്റെ ദീപശിഖയുടെ കൈമാറ്റമായിരുന്നു. അത് പകർന്ന പ്രഭയാകട്ടെ ലോകത്തെയാകമാനം ദീപ്തമാക്കുകയും ചെയ്തു.

### ഹദീസുകൾ വിശുദ്ധ ഖുർആന്റെ വ്യാഖ്യാനങ്ങൾ

വിശുദ്ധ ഖുർആന് നബി(സ) നൽകിയ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളുമാണ് ഹദീസുകൾ. ദൈവ കല്പ്പനപ്രകാരമാണ് നബി(സ) അത് ചെയ്തിരുന്നത്. ദൈവ കല്പ്പന നോക്കുക: 'ഈ പരിപൂർണ ഉദ്ബോധനം (വി.ഖുർആൻ) നാം അവതരിപ്പിച്ചു തന്നിരിക്കുന്നു. അവർക്കായി (ജനങ്ങൾക്കായി) അവതരിപ്പിക്കപ്പെട്ട സന്ദേശം അവർക്ക് വിവരിച്ചുകൊടുക്കുക. അവർ ചിന്തിക്കട്ടെ (വി.ഖുർ ആൻ 16:44).

വിശുദ്ധ ഖുർആനിലെ അദ്ധ്യാപനങ്ങളും കല്പ്പനകളും അത് ഉദ്ഘോഷിക്കുന്ന ദൈവിക ഗുണമാഹാത്മ്യങ്ങളും വെറും വായനകൊണ്ടുമാത്രം അനായാസേന ഗ്രഹിക്കാൻ കഴിയുന്ന കഥോപാഖ്യാനങ്ങളല്ല. വിശദീകരണങ്ങളും പ്രാവർത്തിക മാതൃകകളും കൊണ്ടുമാത്രം മനസ്സിലാക്കാൻ കഴിയുന്ന നിരവധി നിഗൂഢ രഹസ്യങ്ങൾ അതിലുണ്ട്. ഉദാഹരണത്തിന് ദൈവിക ഗുണമാഹാത്മ്യങ്ങളുടെ കാര്യം എടുക്കാം. ദൈവം അദൃശ്യകാര്യങ്ങളറിയുന്നവനാണ്, പ്രാർഥനസ്വീകരിക്കുന്നവനാണ്, സർവശക്തനായ അവൻ ഇച്ഛിക്കുന്നതെന്തും ചെയ്യാൻ പ്രാപ്തനാണ്. അവനെ തേടുന്നവനെ അവൻ പ്രകാശത്തിലേക്ക് നയിക്കുന്നു, അവനിച്ഛിക്കുന്ന അവന്റെ ഇഷ്ടദാസരെ വെളിപാടുകൾ നൽകിയനുഗ്രഹിക്കുന്നു, അവരിലേക്ക് മാലാഖമാരെ അയക്കുന്നു എന്നീ ദൈവിക ഗുണമാഹാത്മ്യങ്ങൾ കേവലം വായന കൊണ്ട് മാത്രം ഗ്രഹിക്കാവുന്നവയാണോ? അല്ല, സ്വന്തം അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിലോ, അല്ലെങ്കിൽ ഈ മഹത് ഗുണങ്ങൾ അനുഭവിച്ചറിഞ്ഞ ഒരു ഗുരുവര്യന്റെ ശിക്ഷണത്തിനു കീഴിലോ മാത്രമേ അവ ഗ്രഹിക്കാനാവൂ. ഗുരുവര്യനായ നബി(സ), തനിക്ക് ദൈവാനുഗ്രഹം മൂലം ലഭ്യമായ അനുഭവജ്ഞാനത്തിന്റെ മൂശയിലിട്ടു വാർത്തെടുത്ത ജീവിതമാതൃക കൊണ്ട് ഖുർആനികാദ്ധ്യാപനങ്ങളും ദൈവ കല്പ്പനകളും ദൈവിക സിഫത്തുകളും നമുക്കു തെളിയിച്ചുകാണിച്ചുതന്നു. നബി(സ)യുടെ അത്തരം പ്രവൃത്തികളും വാക്കുകളും അനുയായികൾ സമാഹരിച്ചു നിവേദനം ചെയതതിനെയാണ് ഹദീസ് എന്നു പറയുന്നത്.

### ഹദീസുകൾ സദുപദേശ സമാഹാരം

മനുഷ്യന്റെ ഭൗതികവും ആത്മീയവുമായ അഭിവൃദ്ധിക്കുതകുന്ന സദുപദേശങ്ങളാണ് ഹദീസുകൾ. അടി

സ്ഥാന ഇസ്ലാമിക തത്ത്വങ്ങൾ, നമസ്കാരം, ആരാധനാമുറകൾ, വ്രതാനുഷ്ഠാനം, ജീവകാരുണ്യം, സക്കാത്ത്, ഹജ്ജ്, ഭക്ഷണം,വസ്ത്ര ധാരണം, ശുചിത്വം, വിദ്യാഭ്യാസം, വിവാഹം, ഭാര്യാഭർത്തൃ ബന്ധം, അവരുടെ ചുമതലകൾ, കടപ്പാടുകൾ, മക്കൾക്കുള്ള ശിക്ഷണം, മാതാപിതാക്ക ളോടനുവർത്തിക്കേണ്ടുന്ന മര്യാദകൾ, ബന്ധുക്കളോടും അയൽപക്കക്കാരോ ടുമുള്ള പെരുമാറ്റരീതികൾ, അനുസര ണം, അതിഥി സൽക്കാരം, ദാനധർമം, പൗരബോധം, കച്ചവടം, കരാർ, യുദ്ധം, യുദ്ധത്തടവുകാരോട് അനുവർത്തി ക്കേണ്ടമാന്യത, സമാധാനപാലനം എന്നു തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന നന്മ തിന്മകളെ വിവേചിക്കുന്ന അദ്ധ്യാപന ങ്ങൾ ഹദീസുകളിൽ കാണാം. മാത്രമല്ല കഴിഞ്ഞകാല സംഭവങ്ങൾ, ഭാവിയു മായി ബന്ധപ്പെട്ട പ്രവചനങ്ങൾ എന്നിവയും ഹദീസുകളിൽ കാണാവു ന്നതാണ് .

### ഹദീസുകളും കർമശാസ്ത്രവും

ഇസ്ലാമിക കർമശാസ്ത്ര നിർമിതി യിലും ചരിത്രരചനയിലും പ്രമുഖമായ പങ്കാണ് ഹദീസുകൾ വഹിച്ചിട്ടുള്ളത്. ഇസ്ലാമിക നിയമ (ശരീഅത്ത്) നിർമാണത്തിന്റെ ആധാരസ്രോതസ്സ് നബി(സ)ക്ക് ലഭിച്ച ദൈവിക വെളിപാടു കളാണെങ്കിൽ, ഇസ്ലാമിക കർമ ശാസ്ത്രത്തിനടിത്തറ നബി(സ)യുടെ പ്രവൃത്തികളും തിരുവചനങ്ങളുമാണെ ന്നതാണ് സത്യം. സക്കാത്തിനെ സംബ ന്ധിക്കുന്ന കർമ ശാസ്ത്രം നമുക്കൊ ന്നു പരിശോധിക്കാം. സക്കാത്ത് ദൈവം ധനികരിൽ നിർബന്ധമാക്കിയിരിക്കു ന്നുവെന്നും അവരിൽ നിന്ന് അത് പിടിച്ചെടുത്ത് അവർക്കിടയിലെ ദരിദ്രർ ക്ക് വിതരണം ചെയ്യപ്പെടണം എന്നു മുള്ള നിർദേശം ഹദീസിലുണ്ട്. കർമ ശാസ്ത്ര പണ്ഡിതന്മാർ ഇതിന്റെ അടിസ്ഥാനത്തിൽ തോത് നിർണയിച്ച് ഒരു മുസ്ലിമിന്റെ കൈവശം വർഷാവസാനത്തിൽ സൂക്ഷിക്കപ്പെ ടുന്ന പണത്തിന് ഇത്ര ശതമാനം നിർ ബന്ധമായും സക്കാത്ത് നൽകണമെന്ന നിയമമുണ്ടാക്കി. എന്നിട്ട് കൈവശമുള്ള പണം ബാങ്ക് നിക്ഷേപം, കന്നു കാലികൾ, നികുതിക്ക് വിധേയമാകാത്ത കാർഷിക വിളകൾ, മൂലധനം, വ്യാപാര വാണിജ്യാസ്തികൾ, നിത്യോപയോഗ ത്തിലുള്ളത് കഴിച്ച് ബാക്കി വരുന്നതും നിർധനർക്ക് ഉപയോഗിക്കാൻ വായ്പ നൽകുന്നതൊഴികെയുള്ള സ്വർണം, വെള്ളി, പ്ലാറ്റിനം, വിലപിടിപ്പുള്ള കല്ലുകൾ എന്നിവയെല്ലാം സമ്പത്തിന്റെ പരിധിയിലുൾപ്പെടുത്തി കർമ ശാസ്ത്രം വിപുലപ്പെടുത്തിയിരിക്കുന്നു.

ഇസ്ലാമിക ചരിത്രത്തിന്റെ മുഖ്യ സ്രോതസ്സും ഹദീസുകൾ തന്നെയാണ്. നബി(സ) യുടെ മാതാപിതാക്കളുടെയും സഹധർമിണിമാരുടെയും പിതാമഹന്റെ യും പിതൃവ്യരുടേയും അനുചരരു ടേയും പേരുവിവരങ്ങളും ചരിത്രങ്ങളും ഹദീസുകളിലൂടെയാണ് നമുക്ക് ലഭ്യമായിട്ടുള്ളത്. അതു പോലെതന്നെ ഹിറാ ഗുഹയിലെ സംഭവങ്ങൾ, നബിത്വ പദവിക്ക് മുമ്പും പിമ്പുമുള്ള നബി(സ) തിരുമേനിയുടെ ജീവിതത്തിലെ സംഭവപരമ്പരകൾ, ആദ്യകാല ഇസ്ലാ മിക ശത്രുക്കളെ സംബന്ധിച്ച വിവര ങ്ങൾ, ഇസ്ലാം സ്വീകരിച്ചവരനുഭവിച്ച യാതനകൾ, ചെയ്യേണ്ടിവന്ന യുദ്ധങ്ങൾ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് നബി(സ) ഭരണാധികാരികൾക്കയച്ച കത്തുകൾ, അവയുടെ പ്രതികരണങ്ങൾ ഇവയൊക്കെ ചരിത്രത്തിന്റെ ഭാഗമാകു ന്നത് ഹദീസിലൂടെയാണ്.

### ഹദീസ് ഗ്രന്ഥങ്ങൾ രൂപം കൊള്ളുന്നു.

ഹിജ്റ രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടടുത്താണ് വ്യവസ്ഥിതമായ ഹദീസുഗ്രന്ഥങ്ങൾ രൂപം കൊള്ളാൻ തുടങ്ങിയത്. ഇബ്നു ജുറൈജ്, റാബി ബിൻ സുബൈഹ്, സെയ്ദു ബിൻ അബീ അറൂറ, സുഹ്രി, മാലിക്ക് ബിൻ അനസ് എന്നിവർ ഗ്രന്ഥരചനകൾ നടത്തി. അവയിൽ ഇമാം മാലിക്കിന്റെ 'മുഅ്ത്ത' എന്ന ഗ്രന്ഥം ആദ്യത്തെ ആധികാരിക ഹദീസ് ഗ്രന്ഥമെന്ന നിലയിൽ ജനശ്രദ്ധ പിടിച്ചു പറ്റി, ആഗോള പ്രശസ്തിയാർജിച്ചു. 1720 ഹദീസുകളുടെ സമാഹാരമാണ് മുഅ്ത്ത. ഹിജ്റ 130 മുതൽ 140 വരെയുള്ള പത്തു വർഷത്തെ കഠിനാധ്വാനം കൊണ്ടാണ് മുഅ്ത്ത ഗ്രന്ഥവടിവിലെത്തിയത്. ഗ്രന്ഥത്തെ പോലെ ഗ്രന്ഥകർത്താവും പ്രശസ്തി നേടി. അദ്ദേഹം ഇമാമുൽ മുഹദ്ദിസീൻ (ഹദീസ് സമാഹർത്താക്കളുടെ നേതാവ്) എന്നാണ് അറിയപ്പെടുന്നത്. മുഅ്ത്തയെത്തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗ്രന്ഥരചനകൾ നടന്നു. ഇമാം മാലിക്കും സുഫിയാൻ ബിൻ ഒയയ്നിയും മദീനകേന്ദ്രീ കരിച്ചാണ് ഗ്രന്ഥ രചനനടത്തിയ തെങ്കിൽ ,അബ്ദുല്ലാ ബിൻ വഹാബ് ഈജിപ്തിലും മാമറും അബ്ദുർ റസ്സാക്കും യമനിലും സൂഫിയാൻ സഊരിയും മുഹമ്മദ് ബിൻ ഫുസാ യിലും കൂഫയിലും ഹമദ് ബിൻ സലാമും റുആബ് ഇബ്നു ഉബാദയും ബസറയിലും ഹുസൈൻ വസിറ്റിയിലും ഗ്രന്ഥ രചനകൾ നടത്തി. ഇവയെ തുടർന്നാണ് സിഹാഹുസിത്ത ഉണ്ടായത്.

### സിഹാഹുസിത്തയും ഗ്രന്ഥകർത്താക്കളും

മഹത്തായതും പ്രാമാണികവുമായ സഹീഹ് ബുഖാരി, സഹീഹ് മുസ്ലിം, ജാമിഉത്തിർമിദി, സുനനു അബീദാവൂദ്, സുനനു ഇബ്നുമാജ, സുനനു നസ്സാഈ എന്നീ ആറു ഹദീസു ഗ്രന്ഥങ്ങളാണ് മൊത്തത്തിൽ സിഹാ ഹുസിത്ത എന്ന് അറിയപ്പെടുന്നത്. സിഹാഹുസിത്തയെന്നാൽ വിശ്വസനീ യമായ ആറു ഗ്രന്ഥങ്ങൾ എന്നാണർഥം. ചുവടെകാണുന്നവരാണ് ഇവയുടെ ഗ്രന്ഥകർത്താക്കൾ

**സഹീഹ് ബുഖാരി** (മുഹമ്മദ്ബ്നു ഇസ്മായിൽ ബുഖാരി, ജനനം ക്രി.വ. 810), **സഹീഹ് മുസ്ലിം** (മുസ്ലിമിബ്നു ഹജ്ജാജ്. ജനനം ക്രി.വ. 817), **ജാമിഉ ത്തിർമിദി** (മുഹമ്മദ്ബ്നു ഈസാ തിർമിദി. ജനനം ക്രി.വ.824), **സുനനു അബീദാവൂദ്** (അബൂദാവൂദ് ജനനം ക്രി.വ. 817), **സുനനു ഇബ്നുമാജ** (ഇബ്നുമാജ ജനനം ക്രി.വ.824), **സുനനു നസാഈ** (അഹ്മദുബ്നു ശുഅയ്ബ് നസാ ഈ. ജനനം ക്രി.വ.930)

സിഹാഹുസിത്തയുടെ ഗ്രന്ഥ കർത്താക്കളാരും തന്നെ നബി (സ) യുടെയോ സഹാബിമാരുടെയോ സമകാലികരായിരുന്നില്ല. ഈ ആറു പേരിൽ നസാഈ ഒഴികെയുള്ള അഞ്ചു പേരും നബി(സ) അന്തരിച്ച് ഏകദേശം 178 മുതൽ 192 വരെ വർഷങ്ങൾ കഴിഞ്ഞാണ് ജനിച്ചത്.

നൂറ് നൂറ്റമ്പത് വർഷങ്ങൾക്ക് മുമ്പ് നബി(സ)പറഞ്ഞ വാക്കുകളും കാണിച്ച മാതൃകകളും സംഭരിച്ച് സത്യസന്ധ മായി രചനനടത്തി ജനമദ്ധ്യത്തിൽ അവതരിപ്പിക്കേണ്ട ഭാരിച്ച ഉത്തരവാദി ത്വമാണ് ഹദീസുസമാഹർത്താക്കൾ ക്കുണ്ടായിരുന്നത്. കാര്യം പറഞ്ഞ വ്യക്തിയോ സംഭവത്തിന്റെ ദൃക്സാ ക്ഷികളോ ജീവിച്ചിരിപ്പില്ലാത്ത സാഹ ചര്യം! കാര്യങ്ങളാണെങ്കിൽ എഴുതി സൂക്ഷിച്ചിട്ടുമില്ല. കഷ്ടം!

വക്താവ് ജീവിച്ചിരിക്കുമ്പോൾ തന്നെ അത് കേട്ടിരുന്നവർ അത്യുക്തി കലർത്തി ചിത്രീകരിക്കുന്ന കാഴ്ചയാണ് നാമിന്ന് കാണുന്നത്. അപ്പോൾ പിന്നെ നബി(സ)യുടെ, വർഷങ്ങൾക്ക് മുമ്പുള്ള വാമൊഴിയും പ്രവൃത്തികളും കേൾക്കു കയും കാണുകയും ചെയ്തവരിൽ

നിന്ന് പിന്നീട് വന്ന തലമുറക്ക് വാമൊഴിയിലൂടെ പകർന്നു കിട്ടിയ അറിവിനെ മാത്രം ആശ്രയിച്ച് സത്യസന്ധമായി ഗ്രന്ഥരചന നടത്തുകയെന്നത് എത്ര ദുഷ്ക രമായിരുന്നിരിക്കണം. തീർത്തും പ്രശംസനീയം തന്നെ അവരുടെ പ്രവൃത്തി.

### ഗ്രന്ഥരചനയും സത്യാന്വേഷണ യാത്രയും

സിഹാഹു സിത്തയുടെ ഗ്രന്ഥകർത്താക്കൾ ആദ്യം ഹദീസ് വിജ്ഞാനികൾക്ക് ശിഷ്യപ്പെട്ട് ഹദീസുകൾ പഠിക്കുകയും അവ ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്തു. (ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും അഹ്മദ് ബിൻ ഹംബലിന്റെ ശിഷ്യഗണത്തിൽപ്പെടുന്നു.) എന്നിട്ട് അവയുടെ സത്യത ഉറപ്പിക്കാൻ മരിച്ചുപോയിരുന്നവരും ജീവിച്ചിരുന്നവരുമായ നിവേദകരുടെ ചരിത്രം തേടി നാടുകളിൽ നിന്ന് നാടുകളിലേക്ക് അവർ പ്രയാണം ചെയ്തു. നിവേദകരുടെ സത്യസന്ധത കാര്യഗ്രഹണ ശേഷി, ബുദ്ധിസാമർഥ്യം, ഓർമശക്തി, ആശയ പ്രകടനശേഷി, നിഷ്പക്ഷത, ധൈര്യം, മാന്യത എന്നിവ അന്വേഷിച്ചറിയൽ ഹദീസുകളുടെ സത്യത സ്ഥാപിക്കാൻ അനിവാര്യമായിരുന്നു. നബി വചനങ്ങൾ തലമുറ തലമുറയായ് കൈമാറി അവസാനം ഹദീസ് സമാഹർത്താക്കളുടെ കൈകളിൽ എത്തിയപ്പോൾ നൂറ്റിയൻപതിൽപരം വർഷങ്ങൾ കഴിഞ്ഞിരുന്നു. ഈകാല ദൈർഘ്യം പരിഗണിക്കുമ്പോൾ ഒരു ഹദീസിനു തന്നെ ഒന്നിലധികം നിവേദകരുണ്ടാകുമെന്ന കാര്യം ഉറപ്പാണ്. ആ നിവേദക ശൃംഖലയിലെ എല്ലാ കണ്ണികളെയും സംബന്ധിച്ച അന്വേഷണവും പഠനവും അവശ്യം വേണ്ടിവരുന്നു. ഇമാം ബുഖാരിയുടെ ഈ അന്വേഷണ ത്വര പതിനാറുകൊല്ലം നീണ്ടു നിന്നു. മക്കാ, മദീന, ഈജിപ്ത്,മുസ്‌ലിം ഏഷ്യ എന്നിവിടങ്ങൾ സന്ദർശിച്ചായിരുന്നു അന്വേഷണം നടത്തിയത്. അതിന് ശേഷമാണ് അദ്ദേഹം ഗ്രന്ഥരചന തുടങ്ങിയത്. മുസ്‌ലിം ബിൻ ഹജ്ജാജാകട്ടെ ഗ്രന്ഥരചനക്ക് മുമ്പ് ഇറാൻ, ഇറാക്ക്, സിറിയ, ഈജിപ്ത് എന്നിവിടങ്ങൾ സന്ദർശിച്ചു. അതുപോലെ തന്നെയായിരുന്നു ഇതര ഹദീസ് സമാഹർത്താക്കളുടേയും സ്ഥിതി.

### നിവേദകരുടെ ദൗർബല്യം പരിഗണിച്ച് ഹദീസുകളിൽ തരം തിരിവ്

സംഭരിച്ച ഹദീസുകളൊക്കെയും ഉൾപ്പെടുത്തിയല്ല ഗ്രന്ഥ രചന നടത്തിയത്. നിവേദക ശൃംഖലയിലെ കണ്ണികളുടെ സത്യത പരിഗണിച്ച് ഹദീസുകളെ സ്വഹീഹ്, ളയീഫ്, ഹസൻ എന്നീ മൂന്ന് വിഭാഗങ്ങളായി അവർ തരം തിരിച്ചു. വിശ്വസ്തരെന്ന് കരുതിയ നിവേദകരാൽ നബി(സ)ലേക്ക് എത്തുന്ന പരമ്പരയോടു കൂടിയതും തിരസ്കരിക്കാനാകാത്തവിധം കറയറ്റതുമായ ഹദീസുകളെ അവർ സ്വഹീഹ് വിഭാഗത്തിൽ ഉൾപ്പെടുത്തി. ഏതെങ്കിലും ന്യൂനതകൾ കൊണ്ട് ദുർബലവും അതുവഴി അസ്വീകാര്യവുമായവയെ ളയീഫ് ആയി കണക്കാക്കി. സ്വഹീഹിനും ളയീഫിനും ഇടയിലുള്ള സ്ഥാനം ഹസനും നൽകി.

ഇമാം ബുഖാരി ആറുലക്ഷം ഹദീസുകൾ ശേഖരിച്ചിരുന്നു. എന്നിട്ട് അവയിൽ നിന്ന് 7200 എണ്ണം തിരഞ്ഞെടുത്തു. ആവർത്തനസ്വഭാവം കൂടി ഒഴിവാക്കിയപ്പോഴേക്കും അവസാനം കിട്ടിയത് 2762 എണ്ണം മാത്രം. ഇവയാണ് സഹീഹ് ബുഖാരിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുസ്‌ലിം ബിൻ ഹജ്ജാജാകട്ടെ ശേഖരിച്ച മൂന്നു ലക്ഷം ഹദീസുകളിൽ നിന്ന് വിശ്വാസ്യയോഗ്യമെന്ന് തോന്നിയവ മാത്രം ഉൾപ്പെടുത്തിയാണ് സഹീഹ് മുസ്‌ലിം രചിച്ചത്.

ഹദീസുകളെ, സുന്നത്തിന്റെ പിൻബലമുള്ളവയെന്നും അല്ലാത്തവയെന്നും പൊതുവായി രണ്ടായി തരം തിരിക്കാം. ആദ്യ ഇനത്തിൽ മതപരമായ ആചാരാനുഷ്ഠാനങ്ങൾ, ആരാധനാരീതികൾ, വിധിവിലക്കുകൾ, കരാർ, പെരുമാറ്റചട്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇവ ശക്തവും വിശ്വാസയോഗ്യവുമാണ്. ഭൂതം, ഭാവി കാര്യങ്ങളുമായി ബന്ധപ്പെട്ടവയും പ്രവചനങ്ങൾ ഉൾക്കൊള്ളുന്നവയുമാണ് രണ്ടാം വിഭാഗത്തിൽപ്പെടുന്നത്. ഇവക്ക് സുന്നത്തിന്റെ (കർമചര്യയുടെ) പിൻബലമില്ല. വാചിക സാക്ഷ്യങ്ങളെ മാത്രം ആശ്രയിച്ച് നിലകൊള്ളുന്ന ഇത്തരം ഹദീസുകളുടെ വിശ്വാസ്യത നിവേദകരുടെ സത്യത പരിഗണിച്ചും സസൂക്ഷ്മം നിരീക്ഷിച്ചും വേണം ഉറപ്പാക്കാൻ.

### പ്രബല ഗ്രന്ഥങ്ങളിലും നബി(സ) യുടെതല്ലാത്ത വചനങ്ങളോ?

നബി(സ)യുടെ കാലശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞു സമാഹരിക്കപ്പെട്ടവയാണ് പുസ്തക രൂപത്തിൽ ഇന്ന് നമുക്ക് ലഭ്യമായിട്ടുള്ള ഹദീസുകൾ. ഹദീസ് സമാഹർത്താക്കൾ എത്രതന്നെ സത്യസന്ധരും സാത്വികരായിരുന്നാലും ശരി ഹദീസുകളുടെ സത്യത അവരെ മാത്രം ആശ്രയിച്ചു നിൽക്കുന്ന ഒന്നല്ല. മറിച്ചു അവയുടെ സത്യത അവ നിവേദനം ചെയ്യുന്ന വ്യക്തികളുടെ സത്യസന്ധത, ഓർമശക്തി, ബുദ്ധികൂർമത, കാര്യശേഷി, നിഷ്പക്ഷത, ധൈര്യം, മാന്യത, ആശയ പ്രകടനശേഷി എന്നിവയെ ആശ്രയിച്ചാണ് നിൽക്കുന്നത്. സമാഹർത്താക്കൾക്ക് നിവേദന ശൃംഖലയിലെ എല്ലാവ്യക്തികളുമായും നേരിട്ടു ബന്ധം പുലർത്തി അവരുടെ സ്വഭാവം വിലയിരുത്താനുള്ള സാദ്ധ്യത ഇല്ലാതിരുന്ന സ്ഥിതിക്ക് ഇന്ന് ലഭ്യമായിട്ടുള്ള ഹദീസുകൾ മനസ്സാ സ്വീകരിക്കുന്നതിന്ന് മുമ്പ് അവ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കും 'ഇൻസാനെകാമിലായ' നബി(സ) യുടെ സ്വഭാവ സവിശേഷതകൾക്കും അനുസൃതമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. മാത്രമല്ല ചില ഹദീസുകളെ സംഭവങ്ങളുടെ ചരിത്രപരമായ പരിപ്രേക്ഷ്യത്തിലും പദങ്ങളുടെ അർഥവൈപുല്യത്തിലും യാഥാർഥ്യം ഗ്രഹിക്കേണ്ടതുണ്ട്. കാരണം, വിശുദ്ധഖുർആന്റെയും തിരു നബി(സ) യുടെയും അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായ ചില ഹദീസുകൾ പ്രബല ഹദീസു ഗ്രന്ഥങ്ങളിൽ കൂടി കടന്നുകൂടിയിട്ടുണ്ട്. അത്തരത്തലുള്ള ഒരു ഹദീസാണ് മതപരിത്യാഗിക്ക് മരണ ശിക്ഷയെന്ന തെറ്റിദ്ധാരണ പരത്തുന്ന താഴെ കാണുന്ന ഹദീസ്.

സിന്തീക്കുകളെ (മത നിരാസകരെ) ഹദ്റത്ത് അലിയുടെ മുന്നിൽ ഹാജരാക്കിയപ്പോൾ അവരെ ഉടൻ തന്നെ ജീവനോടെ ദഹിപ്പിച്ചുകളയാൻ ആജ്ഞാപിച്ചു. ഇബ്നു അബ്ബാസ് പറഞ്ഞു: താനായിരുന്നുവെങ്കിൽ അത്തരത്തിൽ ആജ്ഞാപിക്കില്ലായിരുന്നു. കാരണം അഗ്നികൊണ്ടുള്ള ശിക്ഷ നൽകൽ അല്ലാഹുവിന്റെ പരിധിയിൽപ്പെടുന്നതാണെന്ന് നബി(സ)അരുളിയിട്ടുണ്ട്. പക്ഷേ അതോടൊപ്പം ആർ മതം മാറുന്നുവോ അവനെ വധിച്ചു കളയുക എന്നും അദ്ദേഹം അരുളുകയുണ്ടായിട്ടുണ്ട്. ഇക്രിമ എന്ന ഒരൊറ്റ നിവേദകനാൽ മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഈ ഹദീസ് ബുഖാരി, തിർമിദി, അബൂ ദാവൂദ്, അൽ നിസാഇ, ഇബ്നു മാജ എന്നീ പ്രബല ഹദീസു ഗ്രന്ഥങ്ങളിൽ കടന്ന് കൂടിയിട്ടുണ്ട്. മതം മാറുന്നവനെ വധിച്ചുകളയാൻ നബി(സ) പറഞ്ഞതായിട്ടാണ് ഇവിടെ നിവേദനം

ചെയ്യപ്പെട്ടുകാണുന്നത്. ഇത് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്കും, നബി(സ)യുടെ മഹനീയ ചര്യക ൾക്കും കടക വിരുദ്ധമാണ്. വിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക: "നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലു ള്ളവർ ഒന്നടങ്കം വിശ്വസിച്ചേനെ, എന്നിരിക്കെ ജനങ്ങൾ സത്യവി ശ്വാസികളായിത്തീരാൻ നീ അവരെ നിർബന്ധിക്കുകയോ? അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ഒരാൾക്കും വിശ്വസിക്കാനാകുകയില്ല. ബുദ്ധിഉപയോഗിക്കാത്തവരുടെ മേൽ അല്ലാഹു കോപം ഇറക്കുന്നു. (10:100,101) മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗ മേയില്ല(2:257). സത്യ വിശ്വാസമെന്നത് ദൈവത്തിൽ ലയിച്ചുണ്ടാകുന്ന പവിത്ര ബന്ധങ്ങളാണ്. അത് ബലപ്രയോഗം മൂലം സൃഷ്ടിച്ചെടുക്കാവുന്ന വ്യാജ വസ്തുവേയല്ല.

മത പരിത്യാഗത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നത് കാണുക: വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നെയും വിശ്വ സിക്കുകയും പിന്നെയും അവിശ്വ സിക്കുകയും അനന്തരം അവിശ്വാസം വർധിക്കുകയും ചെയ്തവരാരോ അവർക്ക് അല്ലാഹു ഒരിക്കലും പൊറുത്തുകൊടുക്കുകയില്ല. അവർക്ക് അവൻ (മോക്ഷ) മാർഗം കാണിച്ചു കൊടുക്കുകയുമില്ല(4:138). മത പരിത്യാഗി മോക്ഷാർഹനല്ല എന്നാണ് പറയുന്നത്. അല്ലാതെ അവനെ ഇഹലോകത്തുവെച്ച് വധിച്ചുകളയാൻ ആരെയും ചുമതല പ്പെടുത്തിയിട്ടില്ല.

നബി(സ)യുടെ ജീവിതം വിശുദ്ധ ഖുർആന്റെ പ്രാവർത്തിക മാതൃകയായി രുന്നു. അതിന് അദ്ദേഹത്തിന്റെ ഭാര്യമാർ തന്നെ സാക്ഷികളാണ്. നബി(സ) യുടെകാലത്ത് മതമുപേക്ഷി ച്ചവനെ അക്കാരണം കൊണ്ട് മാത്രം വധിച്ചിട്ടില്ല. മതമുപേക്ഷിച്ചവൻ വധാർഹമായ മറ്റു കുറ്റങ്ങളും ചെയ്തത് കൊണ്ടാണ് വധശിക്ഷക്ക് വിധേയ മാക്കപ്പെട്ടിട്ടുള്ളത്. മതം സ്വീകരി ക്കാനും മതത്തിൽനിന്ന് സ്വയം പുറത്ത് പോകാനും ഒരുവന് സ്വാതന്ത്ര്യമുണ്ട്. അത്കൊണ്ട് ഈ ഹദീസ് സത്യമായി രിക്കാൻ തരമില്ല. ഹദീസ് നിവേദകന്റെ സത്യസന്ധത സംബന്ധിച്ച് സംശയമു യരുന്നു.

### ആരായിരുന്നു ഇക്രിമ

ഇക്‌രിമ, ഇബ്നു അബ്ബാസിന്റെ അടിമയും അദ്ദേഹത്തിന്റെ മഠയ നായൊരു ശിഷ്യനുമായിരുന്നു. അദ്ദേഹം സത്യസന്ധനോ നിഷ്പക്ഷമ തിയോ ആയിരുന്നില്ല. അബൂ ജഹലിന്റെ മകനും പിന്നീട് ഇസ്‌ലാം മതം സ്വീകരിക്കുകയും ചെയ്ത ഇക്‌രിമ ഇബ്നു അബൂ ജഹൽ അല്ല ഇദ്ദേഹം എന്ന് പ്രത്യേകം ഓർക്കുക. ഹദ്റത്ത് അലി(റ)യും ഇബ്നു അബ്ബാസും(റ) ഇടഞ്ഞുനിന്ന സന്ദർഭങ്ങളിലെല്ലാം വ്യക്തമായും ഖവാരിജ് പക്ഷത്താണ് ഇക്‌രിമ നിലയുറപ്പിച്ചത്. ഇക്‌രിമ ഖവാരിജ് പക്ഷക്കാരനാണ്. അത് കൊണ്ട് അദ്ദേഹത്തിന്റെ ഹദീസുകൾ സംശയ ഗ്രസ്തവും വിശ്വാസ്യയോഗ്യത യില്ലാത്തവയുമാണെന്ന് ചരിത്രകാരനും പ്രശസ്ത ഹദീസ് വിജ്ഞാനിയുമായ ദഹ്‌ലവി, ഇമാം ഇബ്നു അൽ മെയ്ദനി എന്നിവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. യഹ്‌യാ ബിൻ സയീദാകട്ടെ ഇക്രിമയെ കദ്ദാബ് (കള്ളം പറയുന്നവൻ) എന്ന് വിളിച്ചാക്ഷേപിച്ചിട്ടുണ്ട്. ഇക്‌രിമ അതിശയോക്തി കലർത്തി പറയു ന്നവൻ എന്നായിരുന്നു അലി ഇബ്നു അബ്ബാസ്, അത്താ ഇബ്നു അബി റബ്ബായി എന്നീ മാന്യ പണ്ഡിതന്മാരുടെ അഭിപ്രായം. തന്റെ പിതാവ് ഇബ്നു അബ്ബാസിന്റെ പേരിൽ തികച്ചും കളവായ കാര്യങ്ങൾ പറയുന്നു വെന്നാരോപിച്ച് ഇബ്നു അബ്ബാസിന്റെ മകൻ അലി ഇബ്നു അബ്ബാസ് ഇക്‌രിമയെ വീട്ടിനു പുറത്തുള്ള തൂണിൽ കെട്ടിയിട്ട സംഭവത്തിന് അബ്ദുല്ലാ ഇബ്നു അൽ ഹാരിസ് സാക്ഷിയായിട്ടുണ്ട്. അതുകൊണ്ട് ഇബ്നു അബ്ബാസിന്റെ പേരിൽ ആരോപിക്കപ്പെട്ട ഈ ഹദീസ് ഒരുകൽപ്പിത ഹദീസ് ആകാനാണ് സാധ്യത.

അഗ്നികൊണ്ടുള്ള ശിക്ഷ ഇസ്‌ലാം പൂർണമായും നിരോധിച്ചിട്ടുള്ള ഒന്നാണ്. ഇക്രിമയുടെ ഈ ഹദീസിനെ സത്യമായി സ്വീകരിച്ചാൽ സമുന്നത നായ അലീ ബിൻ അബൂ ത്വാലിബ്(റ) നെഇസ്‌ലാമിക കാര്യങ്ങൾ സംബന്ധിച്ച് അറിവില്ലാത്ത ഒരാളായി കരുതേണ്ടി വരും. ഇസ്‌ലാമിക കാര്യങ്ങൾ അറി യാമായിരുന്നു വെങ്കിൽ സിന്ദീക്കുകളെ ജീവനോടെ ദഹിപ്പിക്കാൻ ആജ്ഞാപി ക്കാൻ അദ്ദേഹത്തിന്ന് എങ്ങനെ കഴിയും?

അത് മാത്രമല്ല, ഈഹദീസിൽ ഉപയോഗിച്ചിട്ടുള്ള ദീൻ എന്ന അറബി പദം ഇസ്‌ലാമിനെമാത്രം സംബന്ധി ക്കുന്ന പദമല്ലെന്നും മറിച്ച് അത് ഒരു പൊതു പദമാണെന്നും ബിംബാരാധ കരുടെ മതത്തിനും ദീൻ എന്ന പദപ്രയോഗം യോഗ്യമാണെന്നും വിശുദ്ധ ഖുർആനിലെ സൂറ: 'അൽ കാഫിറൂൻ' വ്യക്തമാക്കിത്തരുന്നു. അപ്പോൾ ബിംബാരാധകർ ഇസ്‌ലാം സ്വീകരിച്ചാൽ അവരെയും വധിക്കേണ്ട തല്ലേ?!! അതുപോലെ തന്നെ ഒരു മതത്തിൽനിന്ന് മറ്റൊരുമതത്തിലേക്ക് മാറുന്ന ഇതരമത വിശ്വാസികളെയും വധിക്കണം! അത് കൊണ്ട് ദുഷ്ഫല ങ്ങളൊഴിവാക്കാൻ ഹദീസുകളെ താഴെ കാണുന്ന മാനദണ്ഡങ്ങൾ പരിശോധിച്ച് സ്വീകരിക്കുകയോ തിരസ്കരിക്കുക യോചെയ്യാം.

1. ഹദീസുകൾ വിശുദ്ധഖുർആന്റെ ഏതെങ്കിലും അധ്യാപനങ്ങൾക്കോ കല്പനകൾക്കോ വിരുദ്ധമായിട്ടു ള്ളതാണെങ്കിൽ ആ ഹദീസുകൾ വ്യാജ മെന്ന് കണക്കാക്കി തള്ളിക്കളയുക.

2. ഹദീസും വിശുദ്ധഖുർആനും തമ്മിൽ പ്രകടമായ വൈരുധ്യമില്ലെ ങ്കിൽ ആ ഹദീസ് ആധികാരികമാ ണെന്ന് കരുതി സ്വീകരിക്കുക.

3 പ്രവചനങ്ങൾ ഉൾക്കൊള്ളുന്ന ഹദീസുകൾ, പിൽക്കാലത്ത് സത്യമായി പുലർന്നാൽ അവ ദുർബല വിഭാഗ ത്തിൽ പെട്ടുപോയിട്ടുണ്ടെങ്കിൽ കൂടി അവ സത്യമാണെന്ന് കരുതി സ്വീകരി ക്കുക.

4. യുക്തിക്കും സർവാംഗീകൃത തത്ത്വങ്ങൾക്കും അനുഭവജ്ഞാന ത്തിനും നിരക്കാത്തതും, വിശുദ്ധ ഖുർആനുമായോ ഏതെങ്കിലും ഒരു അംഗീകൃത ഹദീസുമായോ അനു രഞ്ജനം അസാധ്യമാം വിധം ഏറ്റുമുട്ടുന്നതും നബി(സ)യുടെ സ്വഭാവമഹിമക്ക് കളങ്കം ചാർത്തു ന്നതുമായ ഹദീസുകൾ അസ്വീകാര്യ മായി കണക്കാക്കണം.

അവലംബം

1. വിശുദ്ധ ഖുർആൻ, 2.ഹദ്റത്ത് മിർസാ ഗുലാം അഹ്മദി (അ)ന്റെ ലിഖിതങ്ങൾ, 3. ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)ന്റെ 'മതത്തിന്റെ പേരിൽ മനുഷ്യ ഹത്യ' എന്ന ഗ്രന്ഥം, 4. മൗലവി എ.കെ.ദർദിന്റെ 'ദി ഹദീസ്' എന്നഗ്രന്ഥം.

### ഇഅ്തികാഫ്

ആയിശ(റ)നിവേദനം: നബി(സ) മരിക്കുന്നത് വരെ റമദാനിലെ അവ സാനത്തെ പത്തിൽ നബി(സ) ഇഅ്തികാഫ് ഇരിക്കാറുണ്ടായിരു ന്നു. നബിയുടെ മരണശേഷം അവിട ത്തെ പത്നിമാരും ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. (ബുഖാരി)

# വ്രതം:
# ശരീരത്തിനുമേൽ ആത്മാവിന്റെ വിജയം

മുഹമ്മദ് നജീബ് ഖാൻ,വാഴക്കാല

ഇന്ദ്രിയാനുഭൂതികൾക്ക് നിരോധനമേർപ്പെടുത്തി ആത്മാവിനെ തപിപ്പിച്ച് സ്ഫുടം ചെയ്ത് സംസ്കരിച്ചെടുക്കുന്ന അനുഷ്ഠാനമാണ് റമദാനിലെ വ്രതം

**ആ**ത്മീയ വസന്തകാലമെന്ന് അറിയപ്പെടുന്ന റമദാൻ മാസം ഒരിക്കൽ കൂടി സമാഗതമായിരിക്കുകയാണ്. പ്രപഞ്ചനാഥന്റെ മുമ്പിൽ സർവതും സമർപ്പിച്ചുകൊണ്ട് തന്റെ തെറ്റുകുറ്റങ്ങൾ ഏറ്റുപറയാനുള്ള ഒരു സുവർണാവസരം ഈ റമദാൻ മാസം മനുഷ്യന് പ്രദാനം ചെയ്യുകയാണ്. പ്രഭാതം മുതൽ പ്രദോഷം വരെ അന്നപാനീയങ്ങളും സർവവിധ ഇന്ദ്രിയാശകളും ഉപേക്ഷിച്ചുകൊണ്ട് ഏകാഗ്രമായ മനസുമായി തങ്ങളെ സൃഷ്ടിച്ച അല്ലാഹുവിനെ ആരാധിക്കുകയെന്നതാണ് റമദാൻ നമുക്ക്തരുന്ന പാഠം. മനുഷ്യസൃഷ്ടിപ്പിന്റെ യഥാർഥ ഉദ്ദേശ്യം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ചെയ്യപ്പെടുന്ന ഈ അനുഷ്ഠാനം എല്ലാ മതങ്ങളിലും വിവിധ രൂപത്തിലും ഭാവത്തിലും നിലനിൽക്കുന്നുണ്ട്. എന്നാൽ ഇസ്ലാം കൽപിച്ചിട്ടുള്ള ഈ ആരാധനയിലൂടെ മനുഷ്യന് ആത്മാവിനെ ശുദ്ധീകരിച്ചുകൊണ്ട് സ്രഷ്ടാവുമായി അനുഭവവേദ്യമായ ഒരു ബന്ധം സ്ഥാപിക്കാൻ സാധിക്കുന്നതാണ്. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അവൻ ഈ വ്രതാനുഷ്ഠാനകാലത്ത് തന്റെ ആത്മാവിന്റെ മേലും ശരീരത്തിലെ എല്ലാ അവയങ്ങളുടെ മേലും ഒരു നിയന്ത്രണം ഏർപ്പെടുത്തുകയും അതിലൂടെ ശരീരത്തിലെ ഓരോ അവയവത്തിലും പ്രത്യേകമായ ഒരു പരിവർത്തനം സംജാതമാക്കുകയും ചെയ്യുന്നു. ഇതിനെയാണ് മറ്റൊരു ഭാഷയിൽ ആത്മസംസ്കരണമെന്ന് പറയുന്നത്. അതായത്, അല്ലാഹുവിന്റെ ചില നിബന്ധനകൾക്ക് വിധേയമായി മനുഷ്യൻ അവന് അനുവദിച്ചു നൽകിയിട്ടുള്ള കാര്യങ്ങൾ ഉപേക്ഷിച്ചു കൊണ്ട് ദൈവസ്മരണയിൽ ലീനമാവുകയും അതുപോലെ വിശുദ്ധ ഖുർആൻ നിരോധിച്ചിട്ടുള്ള കാര്യങ്ങൾ ഓരോന്നോരോന്നായി തന്നിൽ നിന്ന് നിഷ്കാസനം ചെയ്യുകയും അങ്ങനെ അവന്റെ എല്ലാ അവയവങ്ങളിൻമേലും ഒരു മരണം വരിക്കുകയും ചെയ്യുന്നു. ഈ മരണത്തിനു ശേഷമാണ് അവന് ഒരു പുതിയ ജീവിതം കരഗതമാകുന്നത്. ഈ പരിവർത്തനത്തെയാണ് ആത്മീയ ജനനമെന്ന് സൂഫികൾ പറയാറുള്ളത്. ഇത് ഒരുമാസത്തെ പ്രവർത്തന പരിപാടികൊണ്ട് കരസ്ഥമാകുന്നതല്ല. മറിച്ച് ഈകാലഘട്ടം ഒരു പരിശീലനകാലമാകുന്നു. ഇതിൽ നിന്ന് സ്വായത്തമാകുന്ന ആത്മസംസ്കരണം മങ്ങാതെ മായാതെ, വരുന്ന പതിനൊന്ന് മാസക്കാലം സ്ഥിരമായി ഈ പ്രക്രിയയിലൂടെ കൊണ്ട്പോകേണ്ടതാണ്. കാരണം അല്ലാഹുവിന്റെ സാമീപ്യം ഒരു ക്ഷണത്തിൽ കരസ്ഥമാകുന്ന ഒന്നല്ല. അതിന് സ്ഥായിയായ പ്രവർത്തന ശൈലി അനിവാര്യമാണ്. മുൻ കഴിഞ്ഞു കടന്ന ഭക്തദാസരായിട്ടുള്ള ആത്മീയ ഗുരുക്കൻമാർ എല്ലാവരും ആത്മ സംസ്കരണത്തിനു വ്രതാനുഷ്ഠാനം ഒരുസുപ്രധാനമായ മാർഗമായി സ്വീകരിക്കുകയും അതിലൂടെ ദൈവീക മാർഗത്തിലേക്ക് കരകയറിപോകുന്നതിനു തടസ്സമായി നിൽക്കുന്ന ഇന്ദ്രിയാശകളെയെല്ലാം അഗ്നിക്കിരയാക്കിക്കൊണ്ട് മനസ്സിനെ സർവവിധ മാലിന്യങ്ങളിൽ നിന്നും മുക്തരാക്കിയവരുമായിരുന്നു. അതു മൂലം അവർക്ക് ആത്മീയ ചൈതന്യം കരസ്ഥമാവുകയും ആപാദചൂഢം ദൈവീകപ്രഭ അവരെ വലയം ചെയ്യുകയും ചെയ്തിരുന്നു. ഈകാലഘട്ടത്തിൽ മാനവ സമൂഹത്തിന് മാർഗദർശിയായി അവതരിച്ച ഹദ്റത്ത് ഇമാം മഹ്ദി (അ) പറയുന്നു:

'ഇസ്ലാം കാര്യത്തിലെ മൂന്നാമത്തെ സ്തംഭം വ്രതമാകുന്നു. വ്രതാനുഷ്ഠാനത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച് ജനങ്ങൾ അജ്ഞരാണ്. യഥാർഥത്തിൽ, മനുഷ്യൻ പോകാത്ത രാജ്യത്തെക്കുറിച്ചോ അറിയാത്ത ലോകത്തെക്കുറിച്ചോ അവനു എന്ത് പറയാൻ സാധിക്കും? അന്നപാനീയങ്ങൾ ഉപേക്ഷിക്കുകയെന്നതു മാത്രമല്ല വ്രതം. മറിച്ച് അതിന്റെ യാഥാർഥ്യവും അതിന്റെ പ്രഭാവവും അനുഭവങ്ങൾ കൊണ്ട് തിരിച്ചറിയുന്നതാണ്. എത്ര കുറച്ച് ഭക്ഷണം കഴിക്കുന്നുവോ അത്രയധികം ആത്മ സംസ്കരണവും ദൈവീക ഭാഷണത്തിനുള്ള ശക്തിയും കരഗതമാകുമെന്നത് മനുഷ്യന്റെ പ്രകൃതത്തിൽ പെട്ടകാര്യമാണ്. ഒരു ഭക്ഷണം കുറച്ചു കൊണ്ട് ദ്വിതീയ (ആത്മീയ) ഭക്ഷണത്തെ വർധിപ്പിക്കുകയെന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് സഹിക്കുകയെന്നതല്ല പ്രധാനം എന്ന കാര്യം നോമ്പ്കാരൻ സദാ ഓർത്തിരിക്കേണ്ടതാണ്. മറിച്ച് അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാകുന്നതിനു അവന്റെ സ്മരണയിൽ വ്യാപൃതനാകേണ്ടതാണ്. ശരീരത്തെ പരിപോഷിപ്പിക്കുന്ന ഭക്ഷണം ഉപേക്ഷിച്ചുകൊണ്ട് ആത്മാവിനു തൃപ്തിയും ആശ്വാസവും തരുന്ന ആത്മീയ ഭക്ഷണം കരസ്ഥമാക്കുകയെന്നതാണ് വ്രതത്തിന്റെ ഉദ്ദേശ്യം. അല്ലാഹുവിനുവേണ്ടി മാത്രമായി വ്രതം അനുഷ്ഠിക്കുന്നവർ ഒരു ആചാരമെന്ന നിലയിൽ അത് അനുഷ്ഠിക്കാതെ, അവർക്ക് ദ്വിതീയ ഭക്ഷണം കരസ്ഥമാകുന്നതിനു അല്ലാഹുവിന്റെ സ്തോത്രത്തിലും സ്തുതിയിലും ലീനമായിരിക്കുകയും വേണ്ടതാണ്.' (മൽഫൂസാ ത്ത്: വാല്യം-5,പേജ്:122-123)

വിശുദ്ധ ഖുർആൻ വ്രതത്തെയും അതിന്റെ ലക്ഷ്യത്തെയും കുറിച്ച് ഇപ്രകാരം പറയുന്നു. ''അല്ലയോ

ശേഷം പേജ് 35ൽ



# ബിസിനസ് കോർപറേഷനുകളും ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയും

ഹാഷിം അഹ്മദ്

**പലിശയുടെ അഭാവവും മൂലധനത്തിന്മേൽ ചുമത്തുന്ന നികുതി (സക്കാത്ത്) യുമാണ് ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയെ ഏറ്റവും ശ്രദ്ധേയമാക്കുന്നത്. ഇസ്‌ലാമിക വ്യവസ്ഥക്കുള്ളിലെ ബിസിനസ് പ്രവർത്തങ്ങളെപ്പറ്റി ലേഖകൻ വിവരിക്കുന്നു.**

നിർഭാഗ്യകരമെന്ന് പറയട്ടെ, മിക്ക ഇസ്‌ലാമിക രാജ്യങ്ങളും ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങൾ മറന്നുപോയിരിക്കുന്നു. അവരിൽ നിന്ന് ഇസ്‌ലാമിക ചൈതന്യം നഷ്ടപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിക മൂല്യങ്ങളുടെ ഈ അപചയം കാരണം ജീവിതത്തിന്റെ നാനാതുറകളിലുള്ള കഴിവുകളെയും അത് ദോഷകരമായി ബാധിച്ചിരിക്കുന്നു. വാണിജ്യ സാമ്പത്തിക രംഗവും ഈ ദോഷബാധയിൽ നിന്ന് മുക്തമല്ല. ഇസ്‌ലാമിക സമ്പദ്ഘടനയുടെ മാതൃക എന്ന നിലക്ക് ഒരു രാജ്യത്തെയും ഇന്ന് നമുക്ക് എടുത്തുകാട്ടാൻ സാധ്യമല്ല. അപ്രകാരം തന്നെ കോർപറേറ്റ് മാനേജ്മെന്റിന്റെ മാതൃകയായി ഒരു മുസ്‌ലിം രാജ്യത്തെയോ സ്ഥാപനത്തെയോ ചൂണ്ടിക്കാട്ടാനും സാധ്യമല്ല. ഇസ്‌ലാമിക തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ മുസ്‌ലിം രാജ്യങ്ങളെല്ലാം തന്നെ വിമർശനം അർഹിക്കുന്നു. ദു:ഖത്തോട് കൂടിപറയട്ടെ, ഒരൊറ്റ മുസ്‌ലിം രാജ്യവും നീതിയിലധിഷ്ഠിതമല്ല. അതുകൊണ്ട് ആ അനീതി അഴിമതിയും വികലമായ നിയമവാഴ്ചയും സൃഷ്ടിക്കുന്നു. സാമ്പത്തികാർഥത്തിൽ ഇസ്‌ലാം ആഗ്രഹിക്കുന്ന സമത്വത്തിന് പകരം ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും അസമത്വം നിലനിൽക്കുന്നു. സമൂഹത്തിലെ ഉന്നതന്മാരും ഭരണാധികാരികളും നിയമത്തിനതീതരായി നിലകൊള്ളുകയും ചെയ്യുന്നു. ഈ വർഗം സമൂഹത്തിലെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ സൗഭാഗ്യങ്ങൾ കവർന്നെടുക്കുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

ജനങ്ങൾക്കിടയിൽ നിങ്ങൾ വിധികൽപിക്കുമ്പോൾ നീതിപൂർവം നിങ്ങൾ വിധി കൽപിക്കണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ് (4:59).

ഓർക്കുക, ഇസ്‌ലാം മനുഷ്യഹൃദയങ്ങളെ സ്നേഹത്തിലൂടെ ജയിച്ചടക്കിക്കൊണ്ടാണ് അതിന്റെ നിയമവ്യവസ്ഥ സ്ഥാപിക്കുന്നത്. യുക്തിപരമായ വാദമുഖങ്ങളവതരിപ്പിച്ചും പ്രബോധനം നടത്തിയുമാണ് അത് സമൂഹവുമായി സംവദിക്കുന്നത്. ഇസ്‌ലാം ശക്തികൊണ്ട് സ്ഥാപിച്ചു കളയാമെന്ന മോഹം തെറ്റും വിഡ്ഢിത്തവുമാണ്. മതം നിർബന്ധപൂർവം അടിച്ചേൽപ്പിക്കപ്പെടുമ്പോൾ അത് ഒരു വൃത്തികെട്ട ചിത്രമാണ് നൽകുന്നത്. ഇത് തീർച്ചയായും ഇസ്‌ലാമിക ചൈതന്യത്തിന് വിരുദ്ധമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

'മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽ നിന്ന് വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആർ ദു:ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അത് ഒരിക്കലും മുറിഞ്ഞു പോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു (2:257).

ഒരു മതവും അത് നിർബന്ധപൂർവം അടിച്ചേൽപ്പിക്കുവാൻ പറയുന്നില്ല. എന്നാൽ മുസ്‌ലിം രാജ്യങ്ങളിൽ ഒരു

വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ മതം നിർബന്ധപൂർവം അടിച്ചേൽപ്പിക്കപ്പെടുന്നതായിക്കാണാം. ലൗകികമായ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാനുള്ള ഒരു ഉപകരണമായി ഭരിക്കുന്നവരും മത പണ്ഡിതന്മാരും ഇസ്‌ലാം മതത്തെ ദുരുപയോഗിക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാം എന്തൊന്നാണോ പഠിപ്പിക്കുന്നത് അതിന് കടകവിരുദ്ധമായ കാര്യങ്ങളാണ് ഇസ്‌ലാമിക രാജ്യങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇസ്‌ലാം മതത്തിലെ ഉന്നതമായ സാമ്പത്തിക തത്ത്വങ്ങൾ യാതൊന്നും തന്നെ പൊതുവെ മുസ്‌ലിം രാജ്യങ്ങളിൽ പ്രാവർത്തികമാക്കപ്പെടുന്നില്ല. അതുകൊണ്ട് സ്വാഭാവികമായും ഇസ്‌ലാമിക രാജ്യങ്ങളിൽ യഥാർഥ ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥക്ക് നേർവിപരീതമായ ദിശയിലാണ് സമ്പദ്ഘടന വികാസം കൊള്ളുന്നത്. അതുകൊണ്ട് ഇക്കാലത്ത് ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥക്ക് മാതൃകയായി ഒരു മുസ്‌ലിം രാജ്യത്തെയും ചൂണ്ടിക്കാട്ടാൻ സാധ്യമല്ല.

## ഇസ്‌ലാമിക സാമ്പത്തിക മാതൃക

നമുക്ക് തിരഞ്ഞെടുക്കാൻ ഒരേയൊരു മാർഗമേയുള്ളൂ. അതായത് ഇസ്‌ലാം മതത്തിന്റെ അധ്യാപനങ്ങളുടെ മൂലതത്ത്വങ്ങളിലേക്ക് നാം തിരിച്ചുപോകേണ്ടതാണ്. ഇസ്‌ലാമിക അടിസ്ഥാനത്തിൽ യഥാർഥ ചൈതന്യവുമായി സമരസപ്പെടുത്തിക്കൊണ്ട് ഒരു മാതൃകാ സമ്പദ്‌വ്യവസ്ഥ സൃഷ്ടിച്ചെടുക്കുകയാണ് വേണ്ടത്.

ഇസ്‌ലാം പലിശയുടെ (രിബ) എല്ലാ രൂപങ്ങളെയും നിരോധിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനിൽ അത് ഇപ്രകാരം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു:

'പലിശ മുതൽ ഭക്ഷിക്കുന്നവർ ഭ്രാന്താകുന്ന പിശാച് ശക്തമായ ആഘാതമേൽപ്പിച്ച ഒരുവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുന്നതല്ല. അതിനു കാരണം വ്യാപാരം പലിശ പോലെത്തന്നെയാണ് എന്ന് അവർ പറയുന്നുവെന്നുള്ളതത്രെ. എന്നാൽ അല്ലാഹു വ്യാപാരത്തെ അനുവദിക്കുകയും പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് തന്റെ നാഥനിൽ നിന്നുള്ള ഉപദേശം തനിക്ക് വന്നു കിട്ടുകയും എന്നിട്ട് ആര് വിരമിക്കുകയും ചെയ്തിരിക്കുന്നുവോ, മുമ്പ് വാങ്ങിക്കഴിഞ്ഞത് അവനുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹുവിങ്കലാണ്. വല്ലവരും പലിശയിലേക്ക് മടങ്ങുകയാണെങ്കിൽ അവർ നരകാവകാശികളത്രെ; അവർ അതിൽ വസിച്ചു കൊണ്ടേപോകും(2:276).

പലിശയെ സംബന്ധിച്ച് അല്ലാഹു വീണ്ടും വിശുദ്ധ ഖുർആനിൽ പറയുന്നു.

വിശ്വസിച്ചവരേ, നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും പലിശയിൽ നിന്ന് ബാക്കിയുള്ളത് വിട്ടുകളയുകയും ചെയ്യുക (2:279).

വിശുദ്ധ ഖുർആന്റെ ശക്തമായ ഈ അധ്യാപനങ്ങൾ ഇന്നത്തെ രീതിയിലുള്ള സാമ്പത്തിക സ്ഥാപനങ്ങളുടെ നിലനിൽപ്പിനെ ഇല്ലാതാക്കുന്നു. അതിലുപരിയായി വ്യക്തികൾ ഉപഭോഗത്തിനായി സ്വരൂപിക്കുന്ന മൂലധനത്തിനുമേൽ വാർഷിക നികുതി അഥവാ സക്കാത്ത് ചുമത്തപ്പെടുകയും ചെയ്യുന്നു. സക്കാത്ത് എന്നാൽ നിർബന്ധമായും നൽകേണ്ട സാമ്പത്തിക വിഹിതമാണ്.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

'വിശ്വസിക്കുകയും സൽക്കർമങ്ങൾ ചെയ്യുകയും നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സക്കാത്ത് നൽകുകയും ചെയ്യുന്നവർ, അവർക്ക് തങ്ങളുടെ നാഥന്റെയടുക്കൽ അവരുടെ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവും ഉണ്ടായിരിക്കുകയില്ല; അവർ ദുഃഖിക്കുന്നതല്ല' (2:278)

ഈയൊരു സാഹചര്യത്തിൽ വ്യക്തികൾക്ക് രണ്ട് വഴികളേയുള്ളൂ. അവരുടെ ധനം കൊണ്ട് വ്യക്തിപരമായ കച്ചവടസംരംഭങ്ങൾ ആരംഭിക്കുക അല്ലെങ്കിൽ അവരുടെ ധനം ചെറുതോ വലുതോ ആയ കച്ചവട സംരംഭങ്ങളിൽ നിക്ഷേപിക്കുക. പലിശയെക്കുറിച്ചും സക്കാത്തിനെക്കുറിച്ചും വിശുദ്ധ ഖുർആൻ പറഞ്ഞ ആജ്ഞകൾ മൂലധനമുപയോഗിച്ച് സമ്പദ്‌വ്യവസ്ഥയുടെ ചക്രങ്ങൾ മുന്നോട്ട് ചലിപ്പിക്കാൻ സഹായിക്കുന്നു. ഇത് പാർട്ണർഷിപ്പ് കച്ചവടസംരംഭങ്ങളുടെയും ചെറുതും വലുതുമായ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെയും സ്ഥാപനത്തിന് വഴിതെളിക്കുന്നു. എന്ത് തരത്തിലുള്ള വാണിജ്യമായാലും അത് കർശനമായും ലാഭവും നഷ്ടവും പരസ്പരം പങ്കുവെക്കുന്ന രീതിയിലുള്ളതായിരിക്കണം. പലിശയിന്മേൽ കടമായി പണം സ്വീകരിക്കുന്ന സ്ഥാപനമായിരിക്കരുത്. ബിസിനസ് സ്ഥാപനത്തിലേക്ക് നൽകപ്പെടുന്ന ധനം ഇക്വിറ്റി* ഷെയറുകളായിട്ടായിരിക്കണം (സാധാരണ ഓഹരികൾ). അതായത് നഷ്ടത്തിലും ലാഭത്തിലും ഓഹരിയുടമസ്ഥനെ പങ്കാളിയാക്കുന്ന വിധത്തിലായിരിക്കണം കമ്പനി സാമ്പത്തിക സമാഹരണം നടത്തേണ്ടത്. താൻ പണം എവിടെയാണ് നിക്ഷേപിക്കേണ്ടത് എന്നതിനെസംബന്ധിച്ചും ഓഹരിയുടമ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓഹരിയുടമ നിക്ഷേപം നടത്തുന്ന സാമ്പത്തിക സംരംഭത്തെക്കുറിച്ച് നല്ലത് പോലെ അറിഞ്ഞിരിക്കുകയും അയാളുടെ തിരഞ്ഞെടുപ്പ് വളരെ ശ്രദ്ധാപൂർവമായിരിക്കുകയുംവേണം. അപ്രകാരം തന്നെ ഓഹരി ധനം സ്വീകരിക്കുന്ന കമ്പനി ഉന്നതനിലവാരത്തിലുള്ള വിശ്വസ്തതയും സത്യസന്ധതയും പുലർത്തുന്നവയുമായിരിക്കണം. സംരംഭകൻ കമ്പോളത്തിൽ പ്രവേശിക്കുമ്പോൾ അത് സത്യസന്ധമല്ലാത്ത പ്രവണതകളെ തള്ളിക്കളയാൻ ശ്രമിക്കുന്നു. വിപണിയിൽ സത്യസന്ധത പുലർത്തുകയും വിശ്വസ്തത നേടിയെടുക്കുകയും ചെയ്യുന്ന സ്ഥാപനത്തിനേ ദീർഘകാലാടിസ്ഥാനത്തിൽ പിടിച്ചുനിൽക്കാനാവൂ. ഇത് തന്നെയാണ് റസൂൽ തിരുമേനി(സ)യുടെ കാലത്തും സംഭവിച്ചത്. അതിന് ശേഷം ചില നൂറ്റാണ്ടുകളിൽ മുസ്‌ലിം രാജ്യങ്ങളിലും ഈ നിലവാരം നിലനിന്നു.

ഹദ്റത്ത് ഇമാം അബൂ ഹനീഫ (റഹ്) ഇസ്‌ലാമിലെ ഏറ്റവും ആദരണീയനായ നിയമപണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെയാണ് മുസ്‌ലിംകളിൽ ധാരാളം പേർ മതവിധികൾക്ക് വേണ്ടി ആശ്രയിക്കുന്നത്. അദ്ദേഹം വിജയം വരിച്ച ഒരു ബിസിനസുകാരനുമായിരുന്നു. ആളുകൾ അദ്ദേഹത്തിന് മുമ്പിൽ പണം കൊണ്ടുവന്ന് ചൊരിയുമായിരുന്നു. അദ്ദേഹത്തിന്റെ വീടിന്റെ പടിവാതിൽക്കൽ ഒരു സന്ദേശമെഴുതിവെച്ചുകൊണ്ട് ആളുകൾ വലിയ പണസഞ്ചികൾ കൊണ്ടുവന്നു വെക്കും. സന്ദേശം ഇപ്രകാരമായിരുന്നു 'ദൈവഹിതപ്രകാരം ഈ പണം വിനിയോഗിക്കുക; അതിന്റെ ലാഭത്തിലൊരു പങ്ക് ഞങ്ങൾക്ക് നൽകുക.' ഇത്തരത്തിലുള്ള ഒരു സംഭവമല്ല, നിരവധി പേർ ഇങ്ങനെ അദ്ദേഹത്തിനു മുമ്പിൽ പണവുമായി വന്നുനിൽക്കുമായിരുന്നു.

---

*ലാഭവും നഷ്ടവും സഹിക്കുന്ന ഇക്വിറ്റി ഷെയറുകളില്ലാത്ത ഓഹരികളുമുണ്ട്. നഷ്ടത്തിൽ യാതൊരു ബാധ്യതയുമില്ലാത്ത ഓഹരികളാണിവ. ഇതിനെ Preference Share എന്നാണ് പറയുക. കമ്പനി നഷ്ടം പറ്റി പിരിച്ചു വിടുമ്പോൾ ഈ ഓഹരി ഉടമകൾക്ക് കമ്പനിയുടെ ആസ്തിയിൽ നിന്ന് ഓഹരിക്ക് തുല്യമായ വില നൽകണം. ഓഹരി ഉടമ നഷ്ടം സഹിക്കില്ല (വിവ:)

ഇസ്ലാമിക സമ്പദ്‌വ്യവസ്ഥയിലെ എല്ലാതരത്തിലുള്ള കച്ചവട സംരംഭങ്ങളും അവ കോർപറേറ്റ് കമ്പനികളാകട്ടെ പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളാകട്ടെ, ഏകാംഗം നടത്തുന്ന പ്രൊപ്രൈറ്റർ കച്ചവട സ്ഥാപനമകട്ടെ, അതെല്ലാം തന്നെ നിയമാനുസൃതമായിരിക്കണം. (വിശുദ്ധ ഖുർആനിലെ 2:276 സൂക്തം ഇതിലേക്ക് വെളിച്ചം വീശുന്നു). ബിസിനസ് സ്ഥാപനങ്ങളെപ്പറ്റി ഇസ്ലാമിന്റെയും പാശ്ചാത്യരുടെയും സങ്കല്പത്തിലെ മുഖ്യമായ വ്യത്യാസം ഇസ്ലാമിക വ്യവസ്ഥയിൽ കമ്പനികൾ 'ലിമിറ്റഡ്' , 'അൺലിമിറ്റഡ്' എന്ന തരം തിരിവിൽ പണം കടം വാങ്ങാൻ പാടില്ല എന്നതാണ്. കമ്പനിയുടെ ഷെയറുകളെല്ലാം ഇക്വിറ്റി ഷെയറുകളായിരിക്കണം അഥവാ ലാഭനഷ്ട പങ്കാളിത്തമുള്ളതായിരിക്കണം.

### പാശ്ചാത്യരീതിയിലുള്ള കോർപറേറ്റ് കമ്പനികളും ഇസ്ലാമിക രീതിയിലുള്ള ബിസിനസ് സ്ഥാപനങ്ങളും

ഇക്വിറ്റി ഷെയറുകളിലൂടെയുള്ള ധനസമാഹരണമാണ് പൊതുവെ സാമ്പത്തികമായും സാമൂഹികവുമായും മെച്ചമുള്ള രീതി. ഉദാഹരണത്തിന് പാശ്ചാത്യ ബിസിനസുകാർ പണം സ്വരൂപിക്കുന്നത് പലിശയുടെ അടിസ്ഥാനത്തിലാണ്. ബിസിനസ് മന്ദഗതിയിലാകുകയോ നഷ്ടത്തിൽ പോകുകയോ ചെയ്യുന്ന ഘട്ടത്തിലും പലിശ കൊടുക്കാൻ അവർ ബാധ്യസ്ഥരാണ്. അത്തരത്തിലുള്ള വിപരീത പരിതസ്ഥിതികൾ സംജാതമായാൽ പലിശപ്പണം വാങ്ങിയ കമ്പനി അതിജീവിക്കാൻ വളരെ പ്രയാസമാണ്. അത്തരം സാഹചര്യത്തിൽ കമ്പനി പാപ്പരായി (Bankrupt) പ്രഖ്യാപിക്കുകയേ നിവൃത്തിയുള്ളൂ. അത് സമൂഹത്തിനും സമ്പദ്ഘടനക്കും വളരെ പ്രയാസങ്ങൾ സൃഷ്ടിക്കും. ഇതിൽ നിന്ന് വിപരീതമായി ഇസ്ലാമിക വ്യവസ്ഥയിൽ ഒരു കമ്പനി കുഴപ്പത്തിൽപ്പെട്ടതുവഴി നഷ്ടത്തിലാവുമ്പോൾ കമ്പനിക്ക് പണം കടം കൊടുത്ത ഇക്വിറ്റി ഓഹരിയുടമകളും അതിൽ പങ്കാളിയാവുന്നു. പണം കടം കൊടുത്ത ഓഹരിയുടമക്ക് ഈ പ്രയാസ കാലഘട്ടങ്ങളിൽ ഒന്നും തന്നെ കമ്പനി നൽകേണ്ടി വരുന്നില്ല. അതുകൊണ്ട് ആ കമ്പനിക്ക് അതിജീവിക്കാനും പുഷ്ടിപ്പെടാനും വീണ്ടും അവസരങ്ങളുണ്ട്. ജീവികളുടെ ജീവിതത്തിൽ ഇതിനുള്ള ഉദാഹരണം നമുക്ക് കാണാം. അതായത് ചില ജീവികൾ തണുപ്പ് കാലത്ത് അതിന്റെ ഊർജ്ജ സ്രോതസ്സ് വറ്റിവരണ്ട് പ്രവർത്തനശേഷി നശിക്കുമ്പോൾ ദീർഘമായ ഉറക്കത്തിൽ പ്രവേശിക്കാറുണ്ട്. ഗ്രീഷ്മ നിദ്ര (Hybernation) എന്നാണ് ഇതിനെപ്പറ്റി പറയുക. ആ നിദ്ര കഴിഞ്ഞാൽ വീണ്ടും അവ പ്രവർത്തന സജ്ജമാകും. ഇതു പോലെ ഇസ്ലാമിക സമ്പദ്‌വ്യവസ്ഥയിൽ നടത്തപ്പെടുന്ന ബിസിനസ് സ്ഥാപനങ്ങൾക്ക് ഇത്തരമൊരു അതിജീവന സൗകര്യം അനുവദിക്കുന്നു. പക്ഷേ, പാശ്ചാത്യ സാമ്പത്തിക വ്യവസ്ഥയിൽ ഇത്തരത്തിൽ നഷ്ടത്തിലകപ്പെടുന്ന കമ്പനികൾക്ക് അതിജീവിക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് 1996ൽ ഫ്രാൻസിലുണ്ടായ ലോറി ഡ്രൈവർമാരുടെ സമരമെടുക്കുക. ഈ കാലത്ത് ജർമനിയിലെ ലോറികളും ഫ്രാൻസിൽ അകപ്പെട്ടു നിശ്ചലമായി. പതിനൊന്ന് ദിവസം മാത്രമാണ് ഈ ലോറിസമരം നീണ്ടു നിന്നത്. ഇതോടനുബന്ധിച്ച് ബിസിനസ് രംഗത്ത് കുഴപ്പമുണ്ടായി. ഇത് ജർമൻ ട്രാൻസ്പോർട്ട് കമ്പനികളെ വമ്പിച്ച സമ്മർദത്തിലകപ്പെടുത്തി. The time (29 - 11 - 96) ൽ വന്ന റിപ്പോർട്ട് പ്രകാരം സമരത്തിന്റെ ഫലമായി നിരവധി ചെറിയ ജർമൻ ട്രാൻസ്പോർട്ട് കമ്പനികൾ ബാങ്കിൽ പണമടക്കാൻ കഴിയാതെ പാപ്പരാവുന്ന ഘട്ടം അഭിമുഖീകരിക്കേണ്ടി വന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം ബിസിനസിൽ നിന്നുള്ള വരുമാനം വെറും പതിനൊന്ന് ദിവസത്തേക്ക് മാത്രം നിലച്ചതിന്റെ ഫലമായി ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് പലിശക്ക് പണം കടമെടുത്ത ട്രാൻസ്പോർട്ട് കമ്പനികൾ അടച്ചുപൂട്ടുന്ന അവസ്ഥയെ അഭിമുഖീകരിക്കേണ്ടി വന്നു എന്നതാണ്. ഇത്തരം അവസ്ഥ മേലുന്നയിച്ച വാദത്തെ ശക്തമായി ന്യായീകരിക്കുന്നു.

### കടവും കച്ചവടവും ഇസ്ലാമിക ചരിത്രത്തിൽ

ഇസ്ലാമിന്റെ ആവിർഭാവഘട്ടത്തിലുണ്ടായ കച്ചവടരൂപങ്ങളുടെ ഘടന ഇസ്ലാമിന്മുമ്പുള്ള അറബികളുടെ സമ്പ്രദായത്തിന്റെ വികസിത രൂപമായിരുന്നു. അവരുടെ സാംസ്കാരികവും സാമ്പ്രദായികവുമായ രീതികളിൽ നിന്ന് ആവിർഭവിച്ചതായിരുന്നു അത്. ഇസ്ലാമിന്റെ ഉദയത്തിന് ശേഷം റസൂൽ തിരുമേനി(സ) അത്തരം കച്ചവട സമ്പ്രദായങ്ങളെ നിർത്തലാക്കുകയോ നിരോധിക്കുകയോ ചെയ്തില്ല. അതുകൊണ്ട് അറബ് മുസ്ലിംകൾ അത് അവരുടെ ബിസിനസിന്റെ ഭാഗമാക്കി മാറ്റുകയുണ്ടായി. ഒരു കാര്യം പ്രത്യേകമോർക്കണം. ഇസ്ലാം ഇതിനോടൊന്നും ഒരു യാന്ത്രികമായ സമീപനം കൈകൊള്ളാതെതന്നെ ആ കച്ചവടസംവിധാനങ്ങളിൽ ഇസ്ലാമിക ചൈതന്യം നിറക്കുകയായിരുന്നു. അതുകൊണ്ട് കച്ചവടം എന്ത് രൂപത്തിലായാലും എന്ത് സമ്പ്രദായത്തിലായാലും ഇസ്ലാമിക സങ്കല്പത്തിനനുസൃതമായിട്ടായിരിക്കണം അവ നടത്തേണ്ടത്.

വാണിജ്യവ്യവസ്ഥയിലെ മുഖ്യരൂപങ്ങളെപ്പറ്റിയാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇവ കൂടാതെ നിരവധി കച്ചവട സമ്പ്രദായങ്ങൾ ഒരു ഇസ്ലാമിക സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാവാം. ഇവിടെ അതൊന്നും ചർച്ച ചെയ്യുന്നില്ല എന്ന് മാത്രം. അതിൽ ചിലത് മുശാറക: (മൂലധനപങ്കാളിത്തം), മുദാറബ (കച്ചവട വായ്പ Trade financing), ഇജാറ (വാടക), ഇജാറ വ ഇഖ്താന (തവണകളായി അടച്ചു തീർക്കുന്ന വായ്പ) എന്നിവയാണ്.

ഇത്തരം സമ്പ്രദായങ്ങളുടെ സാങ്കേതികനാമങ്ങളിൽ പിടിച്ചു തൂങ്ങേണ്ട കാര്യമില്ല. പക്ഷേ, ഇത്തരം സമ്പ്രദായങ്ങളുടെ ഇസ്ലാമിക സങ്കല്പം അറിയേണ്ടതുണ്ട്. ഈ കച്ചവടസംരംഭങ്ങളുടെയെല്ലാം ചാലകശക്തി ശരീഅത്താണ്. ഇത്തരം കച്ചവടങ്ങളിലെ ഇസ്ലാമിക സങ്കല്പം എന്താണെന്നറിയാൻ ശരീഅത്ത് നിയമങ്ങൾ മാർഗദർശനങ്ങളാണ്. ഈ വാണിജ്യസമ്പ്രദായങ്ങളുടെയെല്ലാം കാതൽ രണ്ടു ഘടകങ്ങളാണ്. അതിൽ ഒന്ന് ലാഭത്തിലും നഷ്ടത്തിലുമുള്ള പങ്കാളിത്തം. മറ്റൊന്ന് പലിശയെ തീർത്തും നിർമാർജനം ചെയ്യൽ. എന്ത് രൂപത്തിൽ വേഷം മാറി വന്നാലും ശരി പലിശ സമ്പ്രദായം ഇസ്ലാമിൽ അനുവദനീയമല്ല.

**1. മുദാറബ:** മുദാറബയുടെ ഉദ്ഭവം വ്യാപാരത്തിൽ നിന്നാണ്. വ്യാപാരത്തിന്റെ ഉദ്ഭവം കൊള്ള കൊടുക്കലിൽ നിന്നാണല്ലോ. 'മുദാറബ'യുടെ മറ്റു അറബിക്ക് സംജ്ഞകൾ 'ഖിറാദ്', 'മുഖറദ' എന്നിവയാണ്. ഈ സാങ്കേതിക പദവികളെല്ലാം അന്യോന്യം മാറ്റി ഉപയോഗിക്കാറുണ്ട്. അവ തമ്മിൽ സത്തയിൽ വലിയ വ്യത്യാസങ്ങളില്ല. പാശ്ചാത്യർ അറബികളുമായി വ്യാപാരം ആരംഭിച്ചപ്പോൾ ഇത്തരം വാണിജ്യസംരംഭങ്ങൾ അവരും ആരംഭിച്ചു. അതിന് അവർ നൽകിയനാമം 'കമ്മൻറ'(Commenda) എന്നും കമ്മന്റം (commendam) എന്നുമായിരുന്നു.

'മുദാറബ'എന്നത് യാത്ര നടത്തു

ന്നത് സംബന്ധിച്ച പ്രവൃത്തിയിൽ നിന്ന് നിഷ്പന്നമായ ഒരു പദമാണ് *(അൽ റാബ ഫിൽ അർള്).* ഭൂമിയുടെ മേൽ അടിക്കുക അഥവാ കച്ചവടാർഥം ഭൂമിയിൽ സഞ്ചരിക്കുക എന്നാണ് അർഥം. മൂലധന നിക്ഷേപകൻ കച്ചവടം ചെയ്യാൻ വേണ്ടി ഒരു ഏജന്റിനെ ഏല്പിക്കുന്നു. ആ ഏജന്റ് മൂലധനനിക്ഷേപകന് വേണ്ടി, മുൻകൂർ കരാറിന്റെ അടിസ്ഥാനത്തിൽ ലാഭം പങ്ക് വെക്കാമെന്ന കരാറിൽ കച്ചവടം നടത്തുന്നു. ഈ കരാർ സാധാരണയായി ലാഭവിഹിതം തുല്യമോ അല്ലെങ്കിൽ മുൻകൂർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും അനുപാതത്തിലോ ആവാം. ഈ കച്ചവടത്തിൽ നഷ്ടം സംഭവിക്കുകയാണെങ്കിൽ ഏജന്റിന് യാതൊരു ബാധ്യതയും ഉണ്ടാവുന്നില്ല. അതെല്ലാം മൂലധനം മുടക്കിയവന്റെ ചുമലിൽ വന്നു വീഴുന്നു. റസൂൽ തിരുമേനി (സ) കച്ചവട ഏജന്റായി പ്രവർത്തിച്ചിട്ടുണ്ട്. ഇവിടെ മൂലധനം മുടക്കിയത് ഖദീജ(റ) ആയിരുന്നു. റസൂൽ തിരുമേനി(സ)യുടെ സത്യസന്ധതയെപ്പറ്റിയും ഉന്നതമായ ധാർമികാവസ്ഥയെക്കുറിച്ചും ഖദീജ (റ)ക്ക് തന്റെ ജോലിക്കാരിൽ നിന്ന് അറിവ് ലഭിച്ചു. പിന്നീട് റസൂൽ തിരുമേനി(സ)യുമായി അവർ വിവാഹാലോചന നടത്തുകയും വിവാഹം കഴിക്കുകയും ചെയ്യുകയാണുണ്ടായത്.

മൂലധനം മുടക്കുന്നയാൾക്ക് ഏജന്റിനെയോ ഏജന്റിന് മൂലധനം മുടക്കുന്നയാളിനേയോ കണ്ടെത്താവുന്നതാണ്. കച്ചവടം ആരംഭിക്കുന്നതിന് മുമ്പ് ഇരു കക്ഷികളും പരസ്പരം ഉപാധികളോടെ കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ഉദാഹരണത്തിന് ഹദ്റത്ത് അബ്ബാസ് ഇബ്നു അബ്ദുൾ മുത്തലിബ്(പ്രവാചകന്റെ പിതൃവ്യൻ) ഇത്തരത്തിൽ കച്ചവടം ചെയ്യാൻവേണ്ടി ഏജന്റിനെ ഏല്പിക്കുമായിരുന്നു. അപ്പോൾ ചില ഉപാധികളുടെ അടിസ്ഥാനത്തിലായിരുന്നു ആ ധനം അദ്ദേഹം ഏജന്റിനെ ഏല്പിച്ചത്. അതായത് സാധനങ്ങളുമായി കടലിലൂടെ സഞ്ചരിക്കരുത്, താഴ്‌വരകളിലൂടെ സഞ്ചരിക്കരുത്, ജീവനുള്ള മൃഗങ്ങളെ വാങ്ങരുത് ഇവയെല്ലാമായിരുന്നു ആ ഉപാധികൾ. അത് ലംഘിച്ചുകൊണ്ട് ഏജന്റ് കച്ചവടം നടത്തുകയാണെങ്കിൽ നഷ്ടം വന്നാൽ അയാളായിരിക്കും അതിനുത്തരവാദി. കച്ചവടത്തിൽ തന്റെ ഏജന്റിനുമേൽ ഇത്തരം ഉപാധികൾ ചുമത്തുന്നതിന് റസൂൽ തിരുമേനി (സ) യുടെ സമ്മതവും അംഗീകാരവും അദ്ദേഹത്തിന് ലഭിച്ചിരുന്നു.

**'മുദാറബ' യും ഇക്കാലത്തെ ബിസിനസ്സും**

'മുദാറബ'യുടെ ഈ സങ്കല്പം ഇക്കാലത്ത് പ്രാവർത്തികമാക്കുമ്പോൾ റസൂൽ തിരുമേനി(സ)യുടെ കാലത്തെ ഏജന്റ് അഥവാ 'അൽ മുദാറിബ്' ഇക്കാലത്തെ മാനേജരോ മാനേജ്മെന്റോ ആയി മാറുന്നു. മൂലധനത്തിന്റെ ഉടമസ്ഥൻ നിക്ഷേപകനുമാണ് . പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച ജോയിന്റ് സ്റ്റോക്ക് കമ്പനികളിൽ ഇത്തരത്തിൽ ഉടമസ്ഥത, മാനേജ്മെന്റ് എന്നീ വിഭജനം കാണാൻ സാധ്യമല്ലായിരുന്നു. ആറും ഏഴും നൂറ്റാണ്ടുകളിൽ മുസ്‌ലിംകളും ഇസ്‌ലാമിന് മുമ്പുള്ള അറബികളിലും ഇങ്ങനെ ഉടമസ്ഥത, മാനേജ്മെന്റ് എന്നീ വിഭജനങ്ങളോടുകൂടിയ കച്ചവടങ്ങൾ കാണാമായിരുന്നു. നിക്ഷേപകന്റെ ധനം എപ്രകാരം ചെലവഴിക്കണമെന്ന ഉപാധിയും നിക്ഷേപകന് മുന്നോട്ട് വെക്കാനുള്ള അവകാശമുണ്ട്. സാധാരണഗതിയിൽ ഇത്തരം കച്ചവടസംരംഭങ്ങളിൽ മൂലധനത്തിന് ഭാഗികമോ പൂർണമോ ആയ രീതിയിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ഏജന്റിന് അതിൽ യാതൊരു പങ്കുമുണ്ടായിരിക്കുകയില്ല. സ്വാഭാവികമായും ഇത്തരം സാഹചര്യം വാണിജ്യരംഗത്ത് അബൂഹനീഫ (റ)യെപ്പോലെയുള്ള അത്യുന്നതമായ സത്യസന്ധതയും ധാർമികതയും പുലർത്തുന്ന വ്യക്തികളെ മുദാറബി'ന്റെ (ഏജന്റ്, മാനേജർ) റോൾ കൈകാര്യം ചെയ്യുവാനായി ഉയർത്തിക്കൊണ്ട് വരുന്നു.

**മുശാറക്ക: മുഫാവദ, ഇനാൻ (തുല്യമൂലധന പങ്കാളിത്തം, മൂലധന പങ്കാളിത്തം, പാർട്ട്ണർഷിപ്പ്)**

ഒരു പ്രത്യേക ബിസിനസ് ചെയ്യാൻ വേണ്ടിയുള്ള പാർട്ട്ണർഷിപ്പിനാണ് 'മുശാറക്ക' എന്ന് പറയുന്നത്. അതുകൊണ്ട് മുശാറക്ക സാധാരണ നിലയിൽ ഒരു നിശ്ചിത സമയത്തേക്കുള്ള ബിസിനസ് ആയിരിക്കും. പാർട്ട്ണർമാരുടെ സമ്മതത്തോടുകൂടി അത് ശാശ്വതമായ ഒരു പാർട്ട്ണർഷിപ്പ് ബിസിനസ് ആണെങ്കിൽ അത് 'മുഫാവദ' അഥവാ 'ഇനാൽ' എന്ന് അറിയപ്പെടുന്നു 'മുഫാവദ' എന്നത് ഒരു പാർട്ട്ണർഷിപ്പ് ആണ്. ഈ കരാറിൽ പങ്കെടുക്കുന്ന കക്ഷികൾ അവരുടെ നേട്ടത്തിനായി ഏത് വിധേനയുള്ള ഉപാധികളുടെ അടിസ്ഥാനത്തിലും കച്ചവടം ചെയ്യാനുള്ള അവകാശമുണ്ടായിരിക്കും. മൂലധനത്തിന്റെ തോതനുസരിച്ച് ലാഭവും നഷ്ടം വന്നാൽ അതും അവർക്കിടയിൽ വീതിക്കപ്പെടുന്നു. ബിസിനസ് മാനേജ്മെന്റിൽ മൂലധന നിക്ഷേപകരാണ് പങ്കെടുക്കുന്നത്. അവർ പങ്കെടുക്കാതെയുള്ള ബിസിനസും 'മുഫാവദ' യിലാവാം. (തുടരും)

**വിവ: എ.എം.**

## ഇഅ്തികാഫും ലൈലത്തുൽ ഖദ്റും

അബൂ സഈദ്(റ) പറയുന്നു. റമദാനിലെ ഒടുവിലത്തെ പത്തിൽ നബി(സ)യോടൊപ്പം ഞങ്ങൾ ഇഅ്തികാഫ് ഇരുന്നു. റമദാൻ ഇരുപതിന് പ്രഭാതത്തിൽ റസൂൽ തിരുമേനി (സ) പള്ളിയിൽ നിന്ന് പുറത്തുവന്ന് ഞങ്ങളോട് പ്രസംഗിച്ചു. ലൈലത്തുൽ ഖദ്ർ ഞാൻ സ്വപ്നത്തിൽ കണ്ടു. പിന്നീട് ഞാനത് മറന്ന് പോയി. അവസാനത്തെ പത്തിലെ ഒറ്റയൊറ്റദിവസങ്ങളിൽ ഇതിനെ അന്വേഷിക്കുക. കളിമണ്ണിലും വെള്ളത്തിലും ഞാൻ സുജൂദ് ചെയ്യുന്നതായും സ്വപ്നം കണ്ടു. അതിനാൽ എന്റെ കൂടെ ഇഅ്തികാഫ് ഇരിക്കുന്നവരെല്ലാം പള്ളിയിലേക്ക് തന്നെ മടങ്ങട്ടെ അപ്പോൾ ഞങ്ങൾ മടങ്ങി. ആകാശത്തിൽ ഒരു മേഘപാളി പോലുമുണ്ടായിരുന്നില്ല. പെട്ടെന്ന് ആകാശത്തിൽ കാർമേഘങ്ങൾ വന്ന് ശക്തിയായ മഴ വർഷിക്കാൻ തുടങ്ങി മഴയുടെ ശക്തിമൂലം ഈത്തപ്പനമടലുകൊണ്ടുള്ള പള്ളിയുടെ മേൽത്തട്ട് ചോർന്നൊലിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. ശേഷം നസ്കാരത്തിന്ന് ഇഖാമത്ത് വിളിച്ചു. നബി(സ) കളിമണ്ണിലും വെള്ളത്തിലും സുജൂദ് ചെയ്യുന്നത് ഞാൻ കണ്ടു. അവിടുത്തെ തിരു നെറ്റിയിൽ കളിമണ്ണിന്റെ അവശിഷ്ടങ്ങൾ ഞാൻ കാണുന്നത് വരെ (ബുഖാരി)

# അദ്ഭുതങ്ങൾ നിറഞ്ഞ ഒരു പ്രബന്ധാവതരണം

അനശ്വര ജ്ഞാനത്തിന്റെ ആത്മീയ ഗംഗ വചനസുധയായി അണപൊട്ടിയൊഴുകിയപ്പോൾ സദസ്യരാകെ പ്രതിമകളെപ്പോലെ തരിച്ചിരുന്നു. ദൈവത്തിന്റെ വിജയവാഗ്ദാനമുണ്ടായിരുന്ന ആ പ്രബന്ധത്തിന്റെ അവതരണം അലൗകികമായ ഒരു ദിവ്യവിസ്മയമായിരുന്നു. സർവമതസമ്മേളനത്തിൽ വെച്ച് 'ഇസ്‌ലാമീ ഉസൂൽ കീ ഫിലോസഫി' (ഇസ്‌ലാംമതതത്ത്വജ്ഞാനം) എന്ന പേരിലുള്ള വാഗ്ദത്ത മസീഹിന്റെ പ്രബന്ധം അവതരിപ്പിച്ചതിന് ദൃക്‌സാക്ഷിയായ ഒരാളുടെ അനുഭവസാക്ഷ്യം.

**ഹദ്റത്ത് ഭായി അബ്ദുറഹ്മാൻ (റ) ഖാദിയാൻ**

**1896** മധ്യത്തിലായിരുന്നു ആ സംഭവം. സുഗൻചന്ദ്ര എന്ന് പേരുള്ള ഒരു ഹിന്ദുസന്യാസി ഖാദിയാനിൽ ആഗതനായി. പെട്ടെന്ന് അദ്ദേഹം ഞങ്ങളുടെ കൂട്ടത്തിൽ എല്ലാവർക്കും പരിചിതനാവുകയും ചെയ്തു. വാഗ്ദത്ത മസീഹ്(അ) അദ്ദേഹത്തോട് പ്രത്യേക പരിഗണന കാണിച്ചിരുന്നു. അതുകൊണ്ട് മറ്റുള്ളവർക്കും അദ്ദേഹം പ്രിയങ്കരനായി മാറി.

സ്വാമി സുഗൻചന്ദ്ര അഭ്യസ്തവിദ്യനും വിശാലമനസ്കനുമായ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനായിരുന്നു. വ്യക്തിജീവിതത്തിലുണ്ടായിരുന്ന ചില ദുരന്തങ്ങൾ അദ്ദേഹത്തെ ലൗകിക വിരക്തനാക്കി. കൂടുതൽ ആദ്ധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയ അദ്ദേഹം ഒടുവിൽ സത്യാന്വേഷണ തൽപരനായി സർക്കാരുദ്യോഗം ഉപേക്ഷിക്കുകയാണുണ്ടായത്. സന്യാസിയായി മാറിയ അദ്ദേഹം വളരെയേറെ സഞ്ചരിക്കുകയുണ്ടായി. എത്ര മാത്രം അദ്ദേഹം സഞ്ചരിച്ചുവെന്നോ എന്തെല്ലാം കാഴ്ചകൾ അദ്ദേഹം കണ്ടുവെന്നോ എന്തെല്ലാം വർത്തമാനങ്ങൾ അദ്ദേഹം കേട്ടുവെന്നോ ആർക്കും തിട്ടപ്പെടുത്താൻ സാധ്യമല്ലായിരുന്നു. അദ്ദേഹത്തിന്റെ അറ്റമില്ലാത്ത അലച്ചിലിനിടയിൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദിനെ (അ)പ്പറ്റിയുള്ള വിവരം ആരോ അദ്ദേഹത്തെ അറിയിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം വാഗ്ദത്ത മസീഹിനെ കാണാൻ ആത്മാർഥ ഹൃദയത്തോടെ ഖാദിയാനിൽ വരികയാണുണ്ടായത്. വാഗ്ദത്ത മസീഹിന്റെ സവിധത്തിൽ നിന്ന് വേണ്ടുവോളം അനുഗ്രഹങ്ങൾ കരസ്ഥമാക്കിയ അദ്ദേഹം വാഗ്ദത്ത മസീഹിൽ അലിഞ്ഞു ചേരുകയായിരുന്നു. സ്വാമിജി ഖാദിയാനിൽ ദീർഘകാലം താമസിക്കുകയും ചെയ്തു.

ലോകമതങ്ങളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി വിശുദ്ധ ഖുർആന്റെ സത്യസൗന്ദര്യങ്ങളും ഇസ്‌ലാമിന്റെ ഗുണവൈശിഷ്ട്യങ്ങളും തെളിയിച്ചുകാട്ടുക എന്നത് വാഗ്ദത്ത മസീഹിന്റെ ഒരു ആഗ്രഹമായിരുന്നു. അത്തരമൊരു സർവമത സമ്മേളനത്തിൽ മറ്റുമതസ്ഥർക്കും അവരവരുടെ മതങ്ങളുടെ ഗുണഗണങ്ങൾ സമർപ്പിക്കാനുള്ള സന്ദർഭവും ഉണ്ടാവുമല്ലോ.

വാഗ്ദത്ത മസീഹിന്റെ ഈ നിർദേശം സത്യവും അസത്യവും തിരിച്ചറിയാനുള്ള ഒരു സന്ദർഭമാവുമെന്ന് സ്വാമി സുഗൻചന്ദ്ര മനസ്സിലാക്കി. ഇങ്ങനെ ഒരു സമ്മേളനം നടത്താനുള്ള എല്ലാ പരിശ്രമങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു. കാവി വസ്ത്രധാരിയും അഭ്യസ്തവിദ്യനും പരിചയസമ്പന്നനുമായ സ്വാമിക്ക് ഹിന്ദു കേന്ദ്രങ്ങളിൽ ഈ ആശയവുമായി സമീപിക്കാൻ യാതൊരു പ്രയാസവുമില്ലായിരുന്നു. അദ്ദേഹം മുന്നോട്ടു വെച്ച ഈ അഭിപ്രായം വളരെ ഗൗരവപൂർവം പരിഗണിക്കപ്പെട്ടു. ക്രമേണ ഒരു സർവമത സമ്മേളനം നടത്താനുള്ള ആശയം രൂപപ്പെട്ടുവന്നു.

വളരെയേറെ പ്രയാസങ്ങൾ അതിജീവിച്ചുകൊണ്ടു സർവമത സമ്മേളനം എന്ന ആശയം സാക്ഷാൽകൃതമായി. സമ്മേളനത്തിന്റെ തീയതിയും സ്ഥലവും പ്രഖ്യാപിക്കപ്പെട്ടു. 1896 ഡിസംബർ 26,27,28 തീയതികളിൽ ലാഹോറിലെ ടൗൺഹാളിലായിരുന്നു സമ്മേളനം നടത്താൻ തീരുമാനിച്ചത്. സമ്മേളനം നടത്താൻ വേണ്ടി പണ്ഡിതൻമാരും പ്രഗല്ഭരുമായ അനേകം വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപവത്കൃതമായി. സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതറിഞ്ഞ് വാഗ്ദത്ത മസീഹ് സന്തുഷ്ടചിത്തനായി.

സർവമത സമ്മേളനത്തിൽ സമർപ്പിക്കേണ്ട പ്രബന്ധം തയ്യാറാക്കാൻ വാഗ്ദത്ത മസീഹ് തീരുമാനിച്ചു. പക്ഷേ, അദ്ദേഹം രോഗം ബാധിച്ചു ശയ്യാവലംബിതനാവുകയാണുണ്ടായത്. തന്റെ രോഗശമനത്തിനുവേണ്ടി കാത്തിരുന്നാൽ പ്രബന്ധം വൈകുമെന്ന് കരുതി ആ രോഗാവസ്ഥയിൽ തന്നെ ദിവ്യപ്രചോദിതനായി വാഗ്ദത്ത മസീഹ് പ്രബന്ധ രചനയാരംഭിച്ചു. മറ്റു യാതൊരു തയ്യാറെടുപ്പും കൂടാതെ കുറഞ്ഞ സമയത്തിനുള്ളിൽ വാഗ്ദത്ത മസീഹ് വളരെ വേഗത്തിൽ പ്രബന്ധം പൂർത്തിയാക്കി.

സമ്മേളനത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പേ സുവിശേഷങ്ങളടങ്ങിയ വെളിപാട് വാഗ്ദത്ത മസീഹിന് ലഭിച്ചിട്ടുണ്ടായിരുന്നു. അതിൽ 'ഈ പ്രബന്ധം മറ്റെല്ലാ പ്രബന്ധങ്ങളെയും അതിജയിക്കും, ഹൃദയങ്ങൾ അതിനോട് ചായ്‌വുള്ളതായിത്തീരും, സത്യത്തിന്റെ വഴിയിൽ ഇതൊരു അടയാളമായിത്തീരും'എന്നീ സുവിശേഷങ്ങളടങ്ങിയിരുന്നു. ഡിസംബർ 21ന് അച്ചടിച്ചു വിതരണം ചെയ്യാൻ വാഗ്ദത്ത മസീഹ് ഒരു വിജ്ഞാപനമുണ്ടാക്കി. 'സത്യാന്വേഷകർക്ക് ഒരു സുവാർത്ത' എന്നായിരുന്നു അതിന്റെ തലവാചകം. ഈ വിനീതനായ എന്നോട് ഈ ലഘുവിജ്ഞാപനം ലാഹോറിൽ കൊണ്ടുപോയി വിതരണം ചെയ്യാൻ വാഗ്ദത്ത മസീഹ് നിർദേശിച്ചു. ലാഹോറിലെ പൊതുജനങ്ങൾക്കിടയിൽ വ്യാപകമായി ഈ വിജ്ഞാപനം വിതരണം ചെയ്യണമെന്നും തികയാതെ വന്നാൽ വീണ്ടും അച്ചടിക്കണമെന്നും അദ്ദേഹം പ്രത്യേകം നിർദേശിക്കുകയുണ്ടായി.

ഏകദേശം അർദ്ധരാത്രിയോടെയാണ് വിജ്ഞാപനം അച്ചടിച്ചു തയ്യാറായത്. അച്ചടിശാലയിൽ നിന്ന് അത് ശേഖരിച്ച് ഞാൻ കാൽനടയായി ബട്ടാലയിലേക്ക് വണ്ടികയറാൻ പോയി. 1896 ഡിസംബർ 22ന് ഉച്ചയ്ക്ക് ലാഹോറിലെത്തി. വിതരണത്തിനായി തയ്യാറാക്കി നിർത്തിയ ആളുകൾക്ക് ഞാൻ നോട്ടീസ് ഏല്പ്പിച്ചു.

വളരെയേറെ തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഈ സമ്മേളനം നടത്തുന്നതിന് നേരിടേണ്ടിവന്നു. പക്ഷേ അല്ലാഹുവിന്റെ കാരുണ്യം ഒന്നു കൊണ്ട് മാത്രമാണ് ഈ സമ്മേളനം നിശ്ചിത തീയതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലത്ത് വളരെ വിജയകരമായ രീതിയിൽ നടന്നത്. യഹൂദികളെപ്പോലെ ചില ഹിന്ദു സഹോദരന്മാരും വളരെ വലിയ തടസ്സങ്ങളും കുത്സിത തന്ത്രങ്ങളും ഈ സർവമത സമ്മേളനത്തെ പരാജയപ്പെടുത്താൻ ആസൂത്രണം ചെയ്തിരുന്നു. അവസാനം പ്രതിബന്ധങ്ങളുടെ നെടുംകോട്ടകളെല്ലാം (ഖൈബർകോട്ട) തകർന്നുപോയി. വെളിപാടുകളിൽ ഈ പ്രതിബന്ധങ്ങളെല്ലാം തകർന്നുപോകുമെന്നും അരുളപ്പാടുണ്ടായിരുന്നു. 'അല്ലാഹു അക്ബർ ഖരിബത് ഖൈബർ' (അല്ലാഹു ഏറ്റവും വലിയവൻ, ഖൈബർ നശിച്ചു പോയി) എന്നായിരുന്നു ആ വെളിപാട്. സമ്മേളന നടത്തിപ്പിന് ലാഹോർ ടൗൺഹാൾ ഉപയോഗിക്കാൻ ശത്രുക്കൾ സമ്മതിച്ചില്ല. അതിനേക്കാൾ ഏറ്റവും നല്ല വേദിയായ ഇസ്‌ലാമിയാ ഹൈസ്ക്കൂളിലെ വേദി സമ്മേളനത്തിനായി ഒരുക്കിത്തന്നു. അത് അതിവിശാലമായ ഒരു ഇരുനില കെട്ടിടമായിരുന്നു. വലിയ മുറികളും ഗാലറിയോടു കൂടിയ വിശാലമായ ഹാളുകളുമുള്ള ഇത്തരം വലിയ സമ്മേളനങ്ങൾക്ക് പറ്റിയ തുറസ്സായ ഗാംഭീര്യമാർന്ന കെട്ടിടമായിരുന്നു ഇസ്‌ലാമിയാ ഹൈസ്ക്കൂളിലെ വേദി.

1896 ഡിസംബർ 26 ആയിരുന്നു സർവമത സമ്മേളനത്തിന്റെ ആദ്യദിനം. ആ സമയത്ത് സമ്മേളനത്തിന് എത്തിച്ചേർന്നവരുടെ എണ്ണം അത്ര അധികമായിരുന്നില്ല. വാഗ്ദത്ത മസീഹിന്റെ പ്രബന്ധം ഡിസംബർ 28ന് ഉച്ചക്ക് 1.30ന് ആയിരുന്നു അവതരിപ്പിക്കേണ്ടിയിരുന്നത്. സാഹചര്യങ്ങളെല്ലാം തികച്ചും പ്രതികൂലമായിരുന്നു. എതിരാളികളുടെ കടുത്ത എതിർപ്പും വിഷയാവതരണത്തിന് ഉച്ചസമയം നിശ്ചയിച്ചതിലെ പൊരുത്തക്കേടും എല്ലാം കൂടി വാഗ്ദത്ത മസീഹിന്റെ പ്രതീക്ഷക്കനുസരിച്ച് സമ്മേളനം വിജയിക്കില്ല എന്ന ആശങ്കയുമുണ്ടായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ കാരുണ്യം മറ്റൊരു വിധത്തിൽ പ്രകടമായി. ജനങ്ങൾ കൂട്ടംകൂട്ടമായി സമ്മേളനസ്ഥലത്തേക്ക് ആനയിക്കപ്പെടുന്നത് പോലെ അനുഭവപ്പെട്ടു. പ്രസംഗം കേൾക്കുന്നതിൽ നിന്ന് ജനങ്ങളെ തടഞ്ഞവർ വിപരീത രീതിയിൽ അനുകൂലമായി പെരുമാറാൻ തുടങ്ങി. സമ്മേളനം ശ്രവിക്കാൻ ജനങ്ങളുടെ ഭാഗത്ത് നിന്നുണ്ടായ അഭൂതപൂർവമായ ഔത്സുക്യം എതിർത്തവരെക്കൂടി സമ്മേളനഹാളിലേക്ക് ആകർഷിച്ചടുപ്പിക്കുകയായിരുന്നു. ജനങ്ങൾ ഇരച്ചുകയറുവാൻ ആരംഭിച്ചു. എല്ലാ കെട്ടിടങ്ങളും ജനസാന്ദ്രമായി മാറി. ആളുകൾ തിങ്ങിഞെരുങ്ങി മറ്റുള്ളവർക്ക് ഇരിപ്പിടമൊരുക്കുന്നുണ്ടായിരുന്നു.

ഡിസംബറിലെ അവധി ദിവസങ്ങളായതിനാൽ അതിനു ചുറ്റുമുള്ള പല സ്ഥലത്തും വിവിധ തരത്തിലുള്ള സമ്മേളനങ്ങൾ നടക്കുന്നുണ്ടായിരുന്നു. ഭൗതിക കാര്യങ്ങളിൽ മുഴുകിയ ജനങ്ങൾ സ്വാഭാവികമായും അങ്ങോട്ടേക്കായിരുന്നു ഒഴുകേണ്ടത്. പക്ഷേ, ഈ സമയത്ത് സമ്മേളനഹാളിലേക്ക് ജനങ്ങൾ കൂട്ടംകൂട്ടമായെത്തിയത് തീർച്ചയായും അസാധാരണവും അദ്ഭുതകരവുമായ കാഴ്ച തന്നെയായിരുന്നു. അവിടെ കൂടിയിരുന്നവരെല്ലാം ഇതിന് പിന്നിൽ ദൈവത്തിന്റെ കരങ്ങൾ തന്നെയാണുള്ളതെന്ന് സമ്മതിക്കുകയുണ്ടായി. സിക്കുകാരനോ ഹിന്ദുവിനോ ഈ വസ്തുത നിഷേധിക്കാനാവുകയില്ല. ഒരു ആര്യസമാജിക്കോ മുസ്‌ലിമിനോ ഇതിനെ ഖണ്ഡിക്കാൻ സാധ്യമല്ലായിരുന്നു. കൂടിയിരുന്ന ജനങ്ങളുടെ ഹൃദയങ്ങൾക്ക് ഒരു മൃദുത്വം അനുഭവപ്പെട്ടത് ക്രിസ്ത്യാനിക്കും ജൂതമതസ്ഥനും ദേവസമാജിക്കും കാണാതിരിക്കാൻ സാധ്യമല്ലായിരുന്നു. ഈ പരിപാടിയെയും അനുഭവങ്ങളെയും സംബന്ധിച്ച് സൂക്ഷ്മമായ വിവരണം നൽകുക സാധ്യമല്ല. അത് വാക്കുകൾക്കതീതമായിരുന്നു. ചുരുക്കത്തിൽ ആ സമ്മേളനത്തിനു അനുഭവപ്പെട്ട അന്തരീക്ഷത്തിന് തുല്യമായി മറ്റൊന്നുമുണ്ടായിരുന്നില്ല. അത് അതി മഹനീയവും പവിത്രവുമായ ഒരു സമ്മേളനമായിരുന്നു.

പ്രബന്ധം അവതരിപ്പിക്കാൻ തുടങ്ങിയ ഉടൻതന്നെ ജനങ്ങളിൽ ആത്മീയചൈതന്യത്തിന്റെ തിരയിളക്കം അനുഭവപ്പെടുകയും അവർ സ്വയം തന്നെ'സുബ്ഹാനല്ലാഹ്' (അല്ലാഹു പരിശുദ്ധൻ) എന്ന് മന്ത്രിക്കുകയും ചെയ്തു. അത്തരത്തിലുള്ള അനുഭൂതി ഹിപ്നോട്ടിസം, മെസ്മരിസം എന്നിവ മുഖേന അനുഭവിപ്പിക്കാൻ സാധിക്കുമെന്ന് ഞാൻ കേട്ടിരുന്നു. പക്ഷേ, വിവിധ വിശ്വാസക്കാരും വിവിധ തരക്കാരുമായ ആയിരക്കണക്കിനാളുകളിൽ ഇങ്ങനെയൊരു പ്രഭാവം സംജാതമാക്കാൻ കഴിയുന്നതെങ്ങനെ? തീർച്ചയായും അതൊരു അസാധാരണ സംഭവമായിരുന്നു. ഒരു ദിവ്യാനുഭവത്തിന്റെ സാഫല്യമായിരുന്നു.

മൗലവി അബ്ദുൽകരീം സാഹിബി (റ)നെയായിരുന്നു വാഗ്ദത്ത മസീഹിന്റെ പ്രബന്ധം വായിക്കാൻ ചുമതലപ്പെടുത്തിയത്. വിശുദ്ധ ഖുർആനോട് അദ്ദേഹത്തിന് അഗാധമായ സ്നേഹമുണ്ടായിരുന്നു. അതിനാൽ അല്ലാഹു



മൗലവി അബ്ദുൽകരീം സാഹിബ്

അദ്ദേഹത്തിന് ദാവൂദ് നബി (അ)യെപ്പോലെ ഐതിഹാസികമായ ശബ്ദ മാധുര്യം നൽകി. ദൈവ വചനങ്ങളിലെ സത്യസൗന്ദര്യം അദ്ദേഹത്തിൽ നിറഞ്ഞു തുളുമ്പി. പ്രബന്ധത്തിലുള്ള ഖുർആൻ വചനങ്ങൾ തരളഭാവത്തോടും അനുഭൂതിദായകമായും അത്യന്തം വികാരവായ്പോടെ അദ്ദേഹം ഉരുവിട്ടു. സദസ്യർ മുഴുവൻ തന്റെ മാന്ത്രിക വചസ്സുകളിൽ അധീനരായി. ആ സദസ് ഒരു പ്രത്യേകാനുഭൂതിയിൽ ഘനസാന്ദ്രമായി. പ്രബന്ധം മുഴുവനും വാഗ്മികതയും ഉത്സുകതയും നിറഞ്ഞുനിന്നു. അത്യന്തം ആഹ്ലാദജനകമായിരുന്നു അത്. പ്രബന്ധത്തിന്റെ അവതാരകന്റെ വികാരഭാവങ്ങൾക്കോ ശബ്ദലാവണ്യത്തിനോ യാതൊരു മാറ്റങ്ങളുമില്ലായിരുന്നു. സദസ്യർ മുഴുവൻ അക്ഷരാർഥത്തിൽ സമ്മോഹ നിദ്രയിലകപ്പെട്ടത് പോലെ സ്തബ്ധരായി നിന്നുപോയി.

കഠിനശത്രുക്കളായ ചില ഹിന്ദുക്കളും സിക്കുകാരും ആര്യസമാജികളുമടക്കം 'സുബ്ഹാനല്ലാഹ്' (അല്ലാഹു പരിശുദ്ധൻ)എന്ന സ്തുതി ഉരുവിടുന്നതായി ഞാൻ എന്റെ ചെവികൊണ്ട് കേൾക്കുകയുണ്ടായി. ആയിരക്കണക്കിന് സദസ്യർ പ്രതിമകളെപ്പോലെ മരവിച്ചിരുന്നുപോയി. ഒരു പക്ഷി വന്ന് അവരുടെ തലയിരുന്നാൽ പോലും അതിൽ അദ്ഭുതപ്പെടാനില്ല. ആ വാഗ്ധോരണിയിലൂടെ ഹൃദയത്തിലേക്ക് പ്രവഹിച്ച ആത്മീയ പ്രവാഹം അത്രമാത്രം പ്രത്യക്ഷ ഗോചരമായിരുന്നു. പ്രഭാഷകന്റെ ശബ്ദമല്ലാതെ മറ്റെല്ലാ ശബ്ദവും അതിനെതിരെ ഒടുങ്ങിപ്പോയി. നിതാന്ത നിശബ്ദത മാത്രം നിലനിന്നു. അത് ദൈവത്തിന്റെ വല്ലാത്തൊരു പ്രവർത്തനമായിരുന്നു. പരിസരത്തുള്ള മൃഗങ്ങൾകൂടി ശാന്തത പാലിച്ചു.പ്രഭാഷണത്തിന്റെ കാന്തിക ശക്തിയിൽ പുറമെനിന്ന് മറ്റൊരു ശബ്ദവും കൂടിക്കലർന്നില്ല. ഈ അവസ്ഥ രണ്ടു മണിക്കൂറോളം നീണ്ടുനിന്നു.


സമയം 3.30 അടിച്ചു. അനുവദിച്ച സമയം കഴിഞ്ഞു. അത്യദ്ഭുതകരമായ ആ ആത്മീയാനുഭൂതിക്കും ആഹ്ലാദത്തിനും വിരാമമായി. അടുത്ത അരമണിക്കൂർ മുബാറക്ക് അലി സിയാൽക്കോട്ടിക്ക് പ്രബന്ധമവതരിപ്പിക്കാനുള്ള ഊഴമായിരുന്നു. നിർത്തിവച്ച പ്രഭാഷണം തുടരാൻ സദസിൽ നിന്ന് ആവശ്യമുയർന്നു. മറ്റുപ്രസംഗങ്ങൾ ഇതിനു വേണ്ടി ഉപേക്ഷിക്കണമെന്നും സദസ്യർ ആവശ്യപ്പെട്ടു. മുബാറക്ക് അലി ഉടൻതന്നെ എഴുന്നേറ്റ് നിന്ന് ഈ ആവശ്യം താൻ സദയം സന്തോഷത്തോടെ അംഗീകരിച്ചതായി സദസിനെ അറിയിച്ചു. ഈ വിലപ്പെട്ട പ്രബന്ധം തുടരണമെന്ന് അദ്ദേഹവും ആവശ്യപ്പെട്ടു. അതോടെ വിരാമാവസ്ഥ പൂകിയ ആ വചനസുധയുടെ പ്രവാഹം വീണ്ടും ആരംഭിച്ചു. പഴയ ദിവ്യാനുഭൂതി വീണ്ടും സംജാതമായി. മണി നാലടിച്ചു. പ്രബന്ധം ഇനിയും തീർന്നിട്ടുണ്ടായിരുന്നില്ല. സദസിന്റെ ആവശ്യത്തെത്തുടർന്ന് പ്രഭാഷണം 5.30 വരെ തുടർന്നു. ഉപന്യാസത്തിന്റെ ഗതി പിന്നെയും തുടർന്നു. പരിസരം ഇരുൾ പരന്നു. പക്ഷേ ഈ മാന്ത്രിക പ്രഭാഷണം സദസിന്റെ ഇച്ഛയ്ക്ക് വിരുദ്ധമായി അവസാനിപ്പിക്കേണ്ടി വന്നു. ബാക്കിഭാഗം തൊട്ടടുത്ത ദിവസം 1896 ഡിസംബർ 29നും തുടർന്നു.

പ്രബന്ധത്തിന്റെ അതിവിപുലമായ കീർത്തിയും സദസിന്റെ ആവശ്യവും പരിഗണിച്ച് സർവമത സമ്മേളനത്തിന്റെ സംഘാടകർ അന്ന് തന്നെ യോഗം ചേർന്നു. മൂന്ന് ദിവസത്തെ സമ്മേളനം ഒരു ദിവസത്തേക്ക് കൂടി വാഗ്ദത്ത മസീഹി(അ)ന്റെ പ്രബന്ധം അവതരിപ്പിക്കാൻ വേണ്ടി നീട്ടുകയായിരുന്നു.

ഡിസംബർ 29ന് രാവിലെ 9.30ന് തന്നെ പ്രബന്ധാവതരണം പുനരാരംഭിച്ചു. ലാഹോർ പട്ടണത്തെ സംബന്ധിച്ചിടത്തോളം തണുപ്പുകാലത്തെ ഈ സമയം ഒട്ടും യോജിച്ചതായിരുന്നില്ല. ജനങ്ങൾക്ക് ഒഴിവുദിനമായിരുന്നാൽ പോലും ഈ കൊടുംതണുപ്പിൽ ഇത്ര നേരത്തേ ജനങ്ങൾ പുറത്തിറങ്ങാറില്ല. വളരെ അപൂർവമായേ അവർ വെളിയിലിറങ്ങിയിരുന്നുള്ളൂ. അതുകൊണ്ട് രാവിലെ സദസ്യരുടെ എണ്ണം വളരെ കുറവായിരിക്കുമെന്നും ആദ്യമുണ്ടായിരുന്നത്ര ആത്മീയമായ അന്തരീക്ഷം ഉണ്ടാവില്ല എന്നും ധരിച്ചിരുന്നു. ദൈവത്തിന്റെ പ്രവൃത്തി മൂലം അസാധാരണമായ ഒരു ആകർഷണവും കാന്തശക്തിയും അനുഭവപ്പെട്ടു. അപ്രതിരോധ്യമായ ആ ആകർഷണം ഒരു ശക്തിക്കും തടയാൻ കഴിയുമായിരുന്നില്ല. മനുഷ്യൻ ഇക്കാര്യത്തിൽ അവഗണനയും ഉദാസീനതയും കാണിക്കുകയാണെങ്കിൽ അല്ലാഹു തന്റെ മലക്കുകളെ ഉപയോഗിച്ച് അത് വിജയിപ്പിക്കും! ചുരുക്കത്തിൽ കാലത്ത് തന്നെ തണുത്തുവിറക്കുന്ന കുളിരിൽ ജനങ്ങൾ കൂട്ടം കൂട്ടമായി എത്താൻ തുടങ്ങി. 28 ഡിസംബറിന് ഹാജരായിരുന്ന ജനത്തേക്കാൾ വമ്പിച്ച ഒരു സദസ് ആ കൊടും തണുപ്പിലും ഒത്തുകൂടി. പരിപാടി ആരംഭിച്ചു. ഉപന്യാസത്തിന്റെ അന്തിമ ഭാഗം അവിടെ വായിച്ചു. ഒരിക്കൽ കൂടി ആ ദിവ്യരചനയുടെ വാങ്മയം അവികല വാഗ്മിതയോടും മനോഹാരിതയോടെയും അവതരിപ്പിക്കപ്പെട്ടു. മുഴുവൻ പരിപാടിയും മഹത്വമാർന്നവയും അതിഗംഭീരവുമായിരുന്നു. വാഗ്ദത്ത മസീഹിന്റെ പ്രബന്ധം അതിന്റെ അത്യുൽകൃഷ്ടമായ ഗുണസൗഷ്ടവത്താൽ ഉജ്ജ്വല പ്രതാപത്തോടെ മറ്റെല്ലാ പ്രബന്ധങ്ങളേയും അതിജയിച്ചു. അതിന്റെ വിജയമുദ്രകളും മഹത്വവും ജ്ഞാനലോകത്തെ അനശ്വര പ്രതീകങ്ങളായി മാറി. വാനലോകത്തെ സൂര്യചന്ദ്രൻമാരെപ്പോലെ അവ വെട്ടിത്തിളങ്ങി.

മിത്രങ്ങളും അതുപോലെ ശത്രുക്കളും ഒരുപോലെ ആ പ്രബന്ധത്തെ സ്തുതിക്കാതെ അവശേഷിച്ചില്ല. പ്രബന്ധം പൊതുജനങ്ങൾക്കിടയിലും മാധ്യമലോകത്തും വമ്പിച്ച പ്രീതിക്ക് പാത്രമായി. അനേകം പത്രങ്ങൾ ഈ പ്രബന്ധത്തെ വാഴ്ത്തിക്കൊണ്ട് അവലോകനങ്ങളെഴുതി. സർവമത സമ്മേളനം നടത്തിയ കമ്മിറ്റിക്കാരും 'ഇസ്‌ലാം മതതത്ത്വജ്ഞാനം' എന്ന ഈപ്രബന്ധത്തിന്റെ ഔന്നത്യത്തെയും അധീശത്വത്തെയും ജനപ്രീതിയെയും അങ്ങേയറ്റം വാഴ്ത്തിക്കൊണ്ട് വാഗ്ദത്തമസീഹിനെ അറിയിക്കുകയുണ്ടായി. സർവശക്തനായ അല്ലാഹുവിന്റെ വചനങ്ങൾ ഇവിടെ സാർഥകമായി. മറ്റൊന്നും അതിനെതിരിൽ തടസ്സമായി വന്നില്ല.

ഈ പ്രബന്ധത്തിന്റെ വിവർത്തനം 'ഇസ്‌ലാം മതതത്ത്വജ്ഞാനം' എന്ന പേരിൽ മലയാളത്തിലും ലഭ്യമാണ് (വിവ:)



# ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ (റ)

## വിശുദ്ധ ഖുർആനെ പ്രണയിച്ച ദിവ്യാത്മാവ്

കെ.വി. ഹസ്സൻ കോയ, കോഴിക്കോട്

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആദ്യത്തെ ഖലീഫയുടെ അതുല്യ വ്യക്തിത്വത്തെ കുറിച്ചുള്ള വിവരണം

'ജമാഅത്തിലെ ഓരോ അംഗവും നൂറുദ്ദീനെപ്പോലെ മാർഗദീപമായിരുന്നുവെങ്കിൽ എന്തൊരു സൗഭാഗ്യമായിരിക്കും. ഓരോ ഹൃദയവും സത്യംനിറഞ്ഞതെങ്കിൽ ലക്ഷ്യംനേടി.' 'നിശാനെആസ്മാനി' എന്ന ഗ്രന്ഥത്തിൽ വാഗ്ദത്ത മസീഹ്(അ) എഴുതിയ ഈ കവിതാശകലം ഹദ്റത്ത് മൗലവി നൂറുദ്ദീൻ(റ)ന്റെ ഔന്നത്യത്തെക്കുറിച്ചുള്ള സുവർണരേഖയാണ്. അദ്ദേഹം വാഗ്ദത്ത മസീഹി(അ)ന്റെ ഒന്നാം ഖലീഫയായിരുന്നു.

വാഗ്ദത്ത മസീഹി(അ)ന്റെ ഇത്തരത്തിലുള്ള സ്നേഹം അർഹിക്കുന്ന വിധം സ്വഭാവ വൈശിഷ് ട്യത്തിന്റെയും സൽപെരുമാറ്റത്തിന്റെയും ഉടമയായിരുന്നു അദ്ദേഹം. അല്ലാഹു വിനോടുള്ള സ്നേഹം, റസൂൽ തിരുമേനി(സ)യോടുള്ള സ്നേഹം, വിശുദ്ധ ഖുർആനോടുള്ള സ്നേഹം, വാഗ്ദത്ത മസീഹി (അ) നോടുള്ള സ്നേഹം എന്നീ നാലു സ്നേഹങ്ങൾ അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു.

വിശുദ്ധ ഖുർആനോടുള്ള അദ്ദേഹത്തിന്റെ നിസ്തുലമായ സ്നേഹത്തെപ്പറ്റിയാണ് ഇവിടെ വിവരിക്കുന്നത്. ഖലീഫാ നൂറുദ്ദീൻ(റ) ഖുർആൻ പൂർണമായും ഹൃദിസ്ഥമാക്കിയ ഒരു ഹാഫിസ് ആയിരുന്നു. 40-ാമത്തെ വയസ്സിലാണ് അദ്ദേഹം ഖുർആൻ മന:പ്പാഠമാക്കിയത്. ഒരു മാസം കൊണ്ടാണ് അദ്ദേഹം വിശുദ്ധ ഖുർആന്റെ പകുതിഭാഗം മന:പ്പാഠമാക്കിയത്. 1889 ൽ ഒരു രാജകുമാരന്റെ വിവാഹത്തിൽ പങ്കെടുത്ത് സ്വദേശമായ കശ്മീരിലെ ഭേരയിലേക്ക് മടങ്ങവേ ഒരു വാഹനാപകടത്തിൽ അദ്ദേഹത്തിന് പരിക്ക് പറ്റി. അദ്ദേഹത്തിന്റെ സഹയാത്രികനായ ഒരു ഓഫീസർ ഹദ്റത്ത് നൂറുദ്ദീനെ ആ അവസ്ഥയിൽ വിട്ടില്ല. ഒരു മാസക്കാലം ചികിത്സക്കായി അദ്ദേഹത്തിന് വിശ്രമിക്കേണ്ടി വന്നു. ആ അവസരത്തിലാണ് 14 ജുസൂഅ് അദ്ദേഹം മന:പ്പാഠമാക്കിയത്. വേദന അനുഭവിക്കുന്ന ആ വേളയിലും അദ്ദേഹം വിശുദ്ധ ഖുർആൻ മന:പ്പാഠമാക്കിയിട്ടുണ്ടെങ്കിൽ ആ പവിത്ര ഗ്രന്ഥത്തോടുള്ള അദ്ദേഹത്തിന്റെ അനുരക്തി എത്ര അഗാധമാണ്. വിശുദ്ധ ഖുർആനിലെ അനന്തമായ ജ്ഞാനങ്ങൾ പ്രചാരപ്പെടുത്താൻ ആ മഹാത്മാവ് ചെയ്ത സേവനങ്ങൾ വിവരണാതീതമാണ്.



ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ)

വിശുദ്ധ ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷയുടെ തർജമ പൂർത്തിയാക്കിയത് അവിടുത്തെ ആഭിമുഖ്യത്തിലായിരുന്നു. വിശുദ്ധ ഖുർആന്റെ ആധികാരികമായ ഒരു ഇംഗ്ലീഷ് പരിഭാഷയുടെ ആവശ്യകതയെപ്പറ്റി ഖലീഫത്തുൽ മസീഹ്(റ) വളരെയധികം ബോധവാനായിരുന്നു. ഈ ജോലി മൗലവി മുഹമ്മദലി സാഹിബിനെയാണ് ഹുസൂർ ഭരമേൽപ്പിച്ചിരുന്നത്. ഖലീഫാ തിരുമനസ്സ് പരിഭാഷാ നോട്ട് ഉറുദുവിൽ പറഞ്ഞുകൊടുക്കും. മൗലവി മുഹമ്മദലി സാഹിബ് അത് ഇംഗ്ലീഷിലേക്ക് തർജമ ചെയ്യും ഇതായിരുന്നു രീതി. ഖലീഫാ തിരുമനസ്സിന്റെ വിയോഗത്തിന്ന് മൂന്ന് ദിവസം മുമ്പാണ് ഈ ജോലി പൂർത്തിയാക്കിയത്. നിർഭാഗ്യകരമെന്ന് പറയട്ടെ മൗലവി മുഹമ്മദലി സാഹിബ് ജമാഅത്തിന്റെ മുഖ്യധാരയിൽനിന്ന് പുറത്ത് പോയി തന്റെ ആശയങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്തി അത് പിന്നീട് സ്വന്തം പേരിൽ പ്രസിദ്ധീകരിക്കുകയാണുണ്ടായത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ വൈജ്ഞാനിക സേവനത്തിന്റെ ദുരുപയോഗമായിരുന്നു ഇത്.

ഇന്ന് വിശുദ്ധ ഖുർആന്റെ നിരവധി പരിഭാഷകളും വ്യാഖ്യാനങ്ങളുമുണ്ട്. ശ്രദ്ധേയമായൊരു കാര്യം നാം മനസ്സിലാക്കേണ്ടത് ഖലീഫത്തുൽ മസീഹ് ഖുർആന്റെ വ്യാഖ്യാനം എഴുതിയിട്ടുണ്ട് എന്നതാണ്. പക്ഷേ തന്റെ സുഹൃത്തുക്കളുടെ നിർബന്ധമുണ്ടായിട്ടും അദ്ദേഹം അത് പ്രസിദ്ധീകരിച്ചില്ല. ഈ വ്യാഖ്യാനങ്ങളിൽ നിന്ന് ജനങ്ങൾക്ക് പ്രയോജനമെടുക്കാൻ സാധിക്കുമെങ്കിലും ജനങ്ങൾ അത് അന്തിമ വാക്കായിക്കരുതുമെന്നും ഇത് അല്ലാഹുവിന്റെ അനന്തമായ ജ്ഞാന സമുദ്രത്തെ സ്വയം അടച്ചുകളയലായിരിക്കുമെന്നും അദ്ദേഹം കരുതി. റസൂൽതിരുമേനി(സ)യോ അവിടുത്തെ സച്ചരിതരായ ഖലീഫമാരോ ഫിഖ്ഹിന്റെ നാല് മഹാന്മാരായ ഇമാമുമാരോ ഹദീസ് ക്രോഡീകരിച്ച ബുഖാരി, തിർമിദി, അബൂദാവൂദ് എന്നിവരോ, വാഗ്ദത്ത മസീഹ് (അ)തന്നെയോ ഖുർആൻ വ്യാഖ്യാനമെഴുതിയിട്ടില്ല. ആയതിനാൽ ഖലീഫത്തുൽ മസീഹ് ഖുർആന് ചെയ്ത സേവനത്തിന് മികവ് കുറയുന്നില്ല. ഹുസൂർ തിരുമനസ്സ് തന്റെ ദർസുകളിലൂടെ ഖുർആന്റെ നിരവധി ജ്ഞാനനിധികൾ അനാവരണം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ

ഖുർആൻ ക്ലാസുകളെല്ലാം അസാധാരണങ്ങളായിരുന്നു. അഗാധജ്ഞാനത്തിന്റെ നിധി കുംഭങ്ങളായിരുന്നു അവ. ഖുർആനിക വിജ്ഞാനങ്ങളുടെ ശേഖരത്തിലെ അമൂല്യമായ ജ്ഞാനനിക്ഷേപങ്ങളാണവ. 1903ൽ ഖാദിയാനിൽ പുതുതായി വന്ന ഒരാൾ തന്റെ അഭിപ്രായം ഇങ്ങനെരേഖപ്പെടുത്തുന്നു.

''ഞാനും എന്റെ കൂട്ടുകാരനും അസർ നമസ്ക്കാരത്തിന് ശേഷം ഖാദിയാനിൽ എത്തിച്ചേർന്നു. മസ്ജിദ് അഖ്സയിലേക്ക് ഞങ്ങൾ ആനയിക്കപ്പെട്ടു. നമസ്ക്കാരത്തിന് ശേഷം ഭക്തന്മാർ വട്ടമിട്ടിരുന്നു. ഓരോ ആളുടെയും കൈയിൽ ഓരോ വിശുദ്ധ ഖുർആൻ ഉണ്ടായിരുന്നു, അപ്പോൾ ഒരു വന്ദ്യവയോധികൻ നൽകുന്ന പാഠങ്ങൾ ചുറ്റും കൂടിയിരുന്നവർ കേൾക്കുന്നുണ്ടായിരുന്നു. വിശുദ്ധ ഖുർആന്റെ ഒരു ഭാഗം ഓതിക്കൊണ്ടാണ് പാഠങ്ങൾ ആരംഭിച്ചത്. ശ്രോതാക്കളെ പുളകം കൊള്ളിക്കുകയും വികാര തരളിതമാക്കുകയും ചെയ്യുന്ന വിധമായിരുന്നു പാരായണം. പിന്നെ താൻ പാരായണം ചെയ്ത വചനങ്ങളുടെ അർഥം അദ്ദേഹം വിശദീകരിക്കാനാരംഭിച്ചു. പിന്നെ അതിലടങ്ങിയ തത്ത്വജ്ഞാനവും യുക്തിയും വിശദീകരിച്ചു. ഇത് പോലൊരു വിശദീകരണം ഞാൻ ഇതിനു മുമ്പ് ഒരിക്കലും കേട്ടിരുന്നില്ല. എന്റെ ഹൃദയം വികാര നിർഭരമായി. എന്റെ അടുത്തിരുന്ന വ്യക്തിയോട് ഞാൻ ചോദിച്ചു :ഇതാണോ വാഗ്ദത്ത മസീഹ്? അദ്ദേഹം പറഞ്ഞു: അല്ല. ഇദ്ദേഹം മൗലവി നൂറുദ്ദീനാണ് .ഞാൻ അദ്ഭുതപ്പെട്ടുപോയി.ഈ അത്യുത്തമ വ്യക്തി ഒരു ശിഷ്യൻ മാത്രമാണെങ്കിൽ പിന്നെ അദ്ദേഹത്തിന്റെ ഗുരു എങ്ങനെ യായിരിക്കും?'

യഥാർഥത്തിൽ ഹദ്റത്ത് ഹക്കീം നൂറുദ്ദീനെപ്പോലെ ആത്മീയോന്നതി പ്രാപിച്ച ശിഷ്യന്മാർ വാഗ്ദത്ത മസീഹിന്റെ സത്യതക്കുള്ള ദൃഷ്ടാന്തമാണ്. ഹദ്റത്ത് നൂറുദ്ദീൻ ആത്മീയ തേജസ്സ് പ്രസരിക്കുന്ന ഒരുവ്യക്തിത്വമായിരുന്നു. അദ്ദേഹത്തിന്റെ ഖുർ ആൻ പാണ്ഡിത്യം അപാരമായിരുന്നു. ഒരിക്കൽ മുൻഷി ജമാലുദ്ദീൻ സാഹിബ് എന്ന പണ്ഡിതൻ ഖുർആൻ ക്ലാസ് എടുക്കുകയായിരുന്നു. ഹക്കീം നൂറുദ്ദീനും ആ ക്ലാസിൽ പങ്കു ചേർന്നു. 'വിശ്വസിച്ചവരെ കണ്ടുമുട്ടുമ്പോൾ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു വെന്നവർ പറയും. അവരിൽ ചിലർ അവരുടെ സുഹൃത്തുക്കളുമായി തനിച്ചാകുമ്പോൾ.. (2:77) ഈ വചനത്തെ കൂടാതെ ഖുർആനിൽ 2:15ലും ഈ വിഷയം പരാമർശിക്കപ്പെട്ടിട്ടുണ്ട്. അവിടെ സുഹൃത്തുക്കളുമായി തനിച്ചാകുമ്പോൾ എന്നതിന് പകരം പിശാചുക്കളുമായി തനിച്ചാകുമ്പോൾ എന്നാണ്. ഈ വ്യത്യാസത്തിന് കാരണമെന്തെന്ന് ചോദിക്കപ്പെട്ടപ്പോൾ മുൻഷി ജമാലുദ്ദീൻ തനിക്കറിയില്ലെന്ന് സമ്മതിച്ചു. പിന്നീട് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ ആ വ്യത്യാസം ഇപ്രകാരം വിശദീകരിക്കുകയുണ്ടായി. അതായത് മദീനയിൽ രണ്ടുതരം കപടവിശ്വാസികളുണ്ടായിരുന്നു. ഒന്ന് ജൂതന്മാരിൽ നിന്നുള്ളവർ; മറ്റേത് വിഗ്രഹാരാധകരിൽനിന്നുള്ളവർ. ഇപ്പോൾ വിശദീകരിച്ച വചനത്തിൽ പരാമർശിച്ചിട്ടുള്ളത് ജൂതന്മാരെയാണ്. അവർ ഗ്രന്ഥാനുസാരികളായതിനാൽ അവരെക്കുറിച്ച് 'സുഹൃത്തുക്കളുമായി തനിച്ചാകുമ്പോഴുള്ള കപട വിശ്വാസികൾ' എന്ന് പറഞ്ഞു.2:15 ൽ പരാമർശിക്കപ്പെട്ടത് വിഗ്രഹാരാധകരായ കപടവിശ്വാസികളെപ്പറ്റിയാണ്. അതിനാൽ അവരെ പിശാചുക്കൾ എന്ന് പറഞ്ഞു ഈ വിവരണം കേട്ടപ്പോൾ സദസാകെ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിൽ മതിപ്പു രേഖപ്പെടുത്തി.

ഹുസൂറിന്റെ ദർസുൽ ഖുർആൻ പാഠങ്ങൾ ജീവിതകാലം മുഴുവൻ തുടർന്നു. കാലം കഴിയും തോറും അതിന്റെ ആത്മീയ തീവ്രത കൂടിവരികയായിരുന്നു. 1908 ഒക്ടോബറിൽ റമദാനിലെ അവസാനത്തെ പത്ത് ദിവസങ്ങളിൽ അദ്ദേഹം ഒരുസംഘത്തോടൊപ്പം പള്ളിയിൽ ഇഅ്തികാഫിരുന്നു. ദിവസവുമുള്ള നമസ്കാര സമയങ്ങളൊഴിച്ച് ബാക്കി സമയങ്ങളിലെല്ലാം അദ്ദേഹം ഖുർആൻ ക്ലാസ് എടുക്കുമായിരുന്നു. ഖുർആനെപ്പറ്റി സുദീർഘമായ പ്രഭാഷണങ്ങളായിരുന്നു അദ്ദേഹം നടത്തിയിരുന്നത്. അങ്ങനെ വിശുദ്ധ ഖുർആൻ മുഴുവൻ പത്ത് ദിവസം കൊണ്ട് പൂർത്തിയാക്കി. അപ്പോൾ അദ്ദേഹത്തിന്റെ പ്രായം 67 വയസ്സായിരുന്നുവെന്ന് നാമോർക്കണം. പ്രായമായ അദ്ദേഹം വ്രതത്തിന്റെ ക്ഷീണമോ പ്രയാസമോ ഒന്നും വക വെക്കാതെയാണ് ഖുർആന് സേവനങ്ങൾ അർപ്പിച്ചിരുന്നത്.

അവസാനനാളുകളിൽ അദ്ദേഹം തികച്ചും രോഗിയായി. അപ്പോൾ അദ്ദേഹത്തിന് 73 വയസ്സ് പ്രായമായിരുന്നു. 1914 ൽ തിരുമനസ്സിന്റെ ആരോഗ്യം തീർത്തും ദുർബലമായി, പക്ഷേ ക്ലാസ് തുടർന്നു കൊണ്ടിരുന്നു. 1914 ഫിബ്രവരി 2-ാം തീയതി നടത്തിയ പ്രഭാഷണം വികാരോജ്ജ്വലമായിരുന്നു. വിടപറയുന്ന തങ്ങളുടെ പ്രിയപ്പെട്ട നേതാവിനോടുള്ള സ്നേഹാദരങ്ങളാൽ പങ്കെടുത്തവരെല്ലാം ചിന്താമഗ്നരായി. ഫിബ്രവരി 12 മുതൽ ഹുസൂർ തിരുമനസ്സ് ഖുർആൻ ക്ലാസുകൾ വീട്ടിൽ വെച്ചു തന്നെയാണ് നടത്തിവന്നത്. ഹുസൂർ ചരമം പ്രാപിക്കുന്നതിന്ന് 11 ദിവസം മുമ്പ് മൗലവി മുഹമ്മദലിക്ക് നൽകിയ കുറിപ്പുകൾ അദ്ദേഹം സംശോധന ചെയ്യുകയുണ്ടായി. വിശുദ്ധ ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷക്ക് വേണ്ടിയുള്ളതായിരുന്നു അത്. മാർച്ച് 4ന് അതായത് ഹുസൂർ തിരുമനസ്സ് ദിവംഗതനാകുന്നതിന്ന് 9 ദിവസങ്ങൾക്ക് മുമ്പ് അവിടുന്ന് മരണ ശയ്യയിലായി. ഈ ദിവസം ഹുസൂർ തന്റെ ഒസ്യത്ത് പറഞ്ഞുകൊടുത്തു. അതിൽ തന്റെ മക്കളെക്കുറിച്ചുള്ള ശ്രദ്ധ, പുസ്തകങ്ങൾ, തന്റെ പിൻഗാമിക്കുണ്ടായിരിക്കേണ്ടഗുണങ്ങൾ എന്നിവയെക്കുറിച്ച് നിർദേശങ്ങൾ അടങ്ങിയിരുന്നു. അദ്ദേഹത്തിന്റെ ഒസ്യത്തിന്റെ അവസാനവാചകം വിശുദ്ധഖുർ ആന്റെയും ഹദീസിന്റെയും പാഠങ്ങൾ തുടരണമെന്നായിരുന്നു. 1914 മാർച്ച് 13ന് വെള്ളിയാഴ്ച രാവിലെ ആ മഹാത്മാവ് തന്റെ സ്വർഗീയ ഗൃഹത്തിലേക്ക് വിട വാങ്ങുന്നതിന് മുമ്പ് തന്റെ മൂത്ത പുത്രനെവിളിച്ചു പറഞ്ഞു 'ഞാൻ നിന്നെ ഉപദേശിക്കുന്നു, ദൈവിക ഗ്രന്ഥം വായിക്കുകയും പഠിക്കുകയും അതനുസരിച്ച് ജീവിക്കുകയും വേണം. ഞാൻ മഹാനായ ഒരു മനുഷ്യനെ കണ്ടിട്ടുണ്ട്, പക്ഷേ വിശുദ്ധ ഖുർആൻ പോലെ യാതൊന്നും കണ്ടിട്ടില്ല. സംശയലേശമന്യേ അത് ദൈവത്തിന്റെ ഗ്രന്ഥമാണ്. ബാക്കിയെല്ലാം ഞാൻ ദൈവത്തിൽ ഭരമേൽപ്പിക്കുന്നു'

അവിടുത്തെ അവസാനത്തെ ശ്വാസത്തിലും ഒസ്യത്തിലും മകനോടുള്ള അന്തിമമായ ഉപദേശത്തിലും വിശുദ്ധ ഖുർആനോടുള്ള അനുരക്തിയാണ് നിറഞ്ഞുനിന്നത്. നബി തിരുമേനി (സ) യോടുള്ള സ്നേഹത്തിലും വിശുദ്ധ ഖുർആനോടുള്ള അനുരക്തിയിലും വാഗ്ദത്തമസീഹിനോടുള്ള അനുസരണത്തിലും ഹദ്റത്ത് നൂറുദ്ദീൻ (റ) നെ മാതൃകയാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ (ആമീൻ)

(അവലംബം: യു.കെ. അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധികരിച്ച താരീക്ക് സോവനീറിലെ ഇർഫാൻ ചൗധരിയുടെ 'ഹദ്റത്ത് നൂറുദ്ദീൻ(റ)സ് ലൗ ഓഫ് ഹോളി ഖുർആൻ' എന്ന ലേഖനം.)

ലേഖനം



# വ്രതാനുഷ്ഠാനം

മസൂദ് അഹ്മദ്, കരുനാഗപ്പള്ളി

**ആത്മീയവും ശാരീരികവുമായ പരിശീലനത്തിലൂടെയുള്ള ആത്മീയ വളർച്ചയാണ് വ്രതാനുഷ്ഠാനം ലക്ഷ്യമാക്കുന്നത്**

**മു**സ്ലിംകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു മാസമാണ് റമദാൻ. ഈ മാസത്തിൽ എല്ലാ മുസ്ലിംകളും ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് പകൽ മുഴുവൻ വ്രതാനുഷ്ഠാനത്തിൽ കഴിയുന്നു.

''വിശ്വാസികളെ! നിങ്ങൾക്കു മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ധാർമികവും ആത്മീയവുമായ ന്യൂനതകളിൽ നിന്ന് സുരക്ഷിതരാകും വിധം) ദോഷബാധയെ സൂക്ഷിക്കാൻ വേണ്ടി" (വി.ഖു. 2:184). തുടർന്ന് ഇതേ അദ്ധ്യായത്തിൽ തന്നെ 185 മുതൽ 188 വരെയുള്ള വചനങ്ങൾ ഇതുസംബന്ധമായി വിശദീകരണങ്ങൾ തരുന്നുണ്ട്. വ്രതാനുഷ്ഠാനം എന്ന ആശയം എല്ലാ മതവിശ്വാസികളിലും ഉദ്ബോധിപ്പിക്കപ്പെട്ടിരിക്കുന്നതായും ഇവയെല്ലാം തന്നെ ദിവ്യവെളിപാടുകളുടെ അടിസ്ഥാനത്തിലാണെന്നും കാണാവുന്നതാണ്. എന്നാൽ ഇസ്ലാമിൽ ഇത് സംബന്ധമായിട്ടുള്ള ആജ്ഞകളെല്ലാം തന്നെ വ്യക്തവും കൃത്യവുമാണെന്നു മാത്രമല്ല അതിന്റെ പ്രയോഗക്ഷമത വളരെ കർശനമായിട്ടുള്ളതുമാണ്.

അനുവദനീയമായ ഒഴികഴിവുകൾ ഉണ്ടെങ്കിലും പ്രായപൂർത്തി ആയ എല്ലാ ഓരോ മുസൽമാനെ സംബന്ധിച്ചിടത്തോളവും റമദാൻ മാസത്തിൽ നോമ്പ് നോൽക്കുക എന്നത് ധാർമികമായ ബാദ്ധ്യതയാണ്. ചന്ദ്രമാസമനുസരിച്ചുള്ള കലണ്ടറിന്റെ അടിസ്ഥാനത്തിൽ എല്ലാ ഒൻപതാം മാസവുമാണ് റമദാൻ വരുന്നത്. ഇത് സൂര്യമാസമനുസരിച്ചുള്ള കലണ്ടറിനെക്കാൾ പതിനൊന്നു ദിവസം കുറവായതിനാൽ ഓരോ കൊല്ലവും കഴിഞ്ഞ കൊല്ലത്തേക്കാൾ 11 ദിവസം നേരത്തെ റമദാൻ വരുന്നു. ഇതിന്റെ ഫലമായി നോമ്പുകാലം ഭൂമിയുടെ എല്ലാ ഭാഗത്തും എല്ലാ കാലാവസ്ഥയിലും മാറിമാറി വന്നുകൊണ്ടേയിരിക്കുന്നു. (33 കൊല്ലം കൊണ്ട് ഒരു ഭ്രമണം പൂർത്തിയാകുന്നു) തത്ഫലമായി കഠിനമായ ചൂടിലും വരൾച്ചയിലും ഉണ്ടാകുന്ന അസഹ്യമായ ദാഹവും തണുപ്പുകാലത്തെ അതിശൈത്യവും അതിജീവിക്കുന്നതെങ്ങനെയെന്ന് ഒരു നോമ്പുകാരൻ അറിയുന്നു. വ്രതാനുഷ്ഠാനം പ്രായശ്ചിത്തത്തിനുള്ള ഒരു മാർഗം മാത്രമല്ല അത് ശാരീരികവും മാനസികവും ധാർമികവുമായ അച്ചടക്കത്തിനുള്ള ഒരു മാർഗം കൂടിയാകുന്നു. അതിന്റെ ലക്ഷ്യം സന്മാർഗം പ്രാപിക്കലും പൈശാചികമായ ചിന്തകളിൽ നിന്നുള്ള സംരക്ഷണവുമാണ്. മനുഷ്യരാശിക്കുവേണ്ടി ഇങ്ങനെയൊരു മാർഗദർശനം തന്ന റബ്ബിനെ എത്ര വാഴ്ത്തിയാലും മതിവരില്ല. വ്രതാനുഷ്ഠാനത്തിലൂടെ ലഭിക്കുന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരു ആരാധകൻ അല്ലാഹുവിനെ അതിയായി വാഴ്ത്തുന്നു. ഒരു ഈശ്വരവിശ്വാസി അനുഭവിക്കുന്ന മനഃസ്സമാധാനവും സുഖവും ഒരു അവിശ്വാസിക്ക് ഒരിക്കലും മനസ്സിലാക്കാൻ കഴിയില്ല.

റമദാൻ മാസത്തിലല്ലാതെയും നോമ്പ് അനുഷ്ഠിക്കാവുന്നതാണ്. ഇത് നിർബന്ധനോമ്പല്ല. എന്നാൽ രണ്ട് പെരുന്നാൾ ദിവസങ്ങളിലും നോമ്പ് അനുഷ്ഠിക്കാൻ പാടില്ലാത്തതാകുന്നു. മുഹമ്മദ് നബി(സ)സാധാരണയായി തിങ്കൾ, വ്യാഴം ദിവസങ്ങളിൽ നോമ്പ് അനുഷ്ഠിക്കുമായിരുന്നു. വെള്ളിയാഴ്ചകളിൽ നോമ്പ് എടുക്കുമായിരുന്നില്ല. പാപപൊറുതിക്കായും പ്രായശ്ചിത്തമായും നോമ്പ് നോൽക്കാവുന്നതാണ്. എന്നാൽ അങ്ങനെയുള്ള സന്ദർഭങ്ങളിലും ലക്ഷ്യം ശാരീരികവും മാനസികവും ധാർമികവുമായ പുരോഗതിയായിരിക്കും. ഇത് സംബന്ധമായി ഖുർആനിക അദ്ധ്യാപനങ്ങൾക്കുവേണ്ടി 2:197, 5:90, 4:93, 58:5, 19:11, 19:27 എന്നീ വചനങ്ങളും അവയുടെ വ്യാഖ്യാനവും നോക്കുക.

നോമ്പ് ആരംഭിക്കുന്നതിന് തൊട്ടുമുമ്പായി (സുബ്ഹി നമസ്കാരത്തിനുള്ള ബാങ്ക് കേൾക്കുന്നതിനു മുമ്പ്) ഒരു ലഘുഭക്ഷണം അനുവദനീയമാണ്. അതുപോലെത്തന്നെ സൂര്യാസ്തമയത്തിനുശേഷം (മഗ്രിബു ബാങ്ക് വിളി കേട്ടാൽ) നോമ്പ് മുറിക്കാവുന്നതാണ്. ഒരു കവിൾ വെള്ളം, ഒരു കപ്പ് ചായ, ഒന്നോ രണ്ടോ ഈത്തപ്പഴം, ഒരു നുള്ള് ഉപ്പ് ഇവയിലേതെങ്കിലും ഉപയോഗിച്ച് നോമ്പ് തുറന്നുകഴിഞ്ഞാൽ മഗ്രിബ് നമസ്കാരാനന്തരം ആഹാരം കഴിക്കാവുന്നതാണ്. എന്നാൽ ആർത്തിയോടെയുള്ള തീറ്റയും കുടിയും നോമ്പിന്റെ ആന്തരോദ്ദേശ്യത്തെ തന്നെ ഇല്ലാതാക്കുന്നു. ഇത് നബി(സ)യുടെ ചര്യകൾക്കു വിപരീതമാണെന്നു മാത്രമല്ല ദഹനക്കേടിനും അനാരോഗ്യത്തിനും ഇടയാക്കുമെന്നും തെളിയിക്കപ്പെട്ടിരിക്കുന്നു.

ഗുണപ്രദമായ മൂല്യങ്ങളിൽ ഊന്നിയുള്ള തീവ്രമായ പരിശീലനമാണ് റമദാൻ മാസത്തിൽ നോമ്പ് അനുഷ്ഠിക്കുന്നതിലൂടെ നമുക്ക് കിട്ടുന്നത്. ഒരു ദിവസത്തിന്റെ കുറച്ചുമണിക്കൂറുകൾ മാത്രമാണെങ്കിലും തുടർച്ചയായി ഒരു മാസത്തോളം ആഹാരപാനീയങ്ങൾ ഉപേക്ഷിക്കൽ എന്ന തീവ്ര പരിശീലനത്തിലൂടെ ദൃഢവും അചഞ്ചലവും സഹനശക്തിയുള്ളതുമായ മനസ്സിന്റെ ഉടമകളായി നാം മാറുന്നു. എന്നാൽ ഇവയെല്ലാം തന്നെ നോമ്പിന്റെ ബാഹ്യമായ ഗുണങ്ങളാണ്. സമൂഹത്തിലെ സമ്പന്നരുടെ വീടുകളിലേക്ക് വിശപ്പിന്റെയും ദാഹത്തിന്റെയും വില എന്തെന്ന പാഠം കൂടി എത്തിക്കാൻ നോമ്പിന് കഴിയുന്നു എന്നതാണ് മറ്റൊരു സവിശേഷത. അവശ്യസാധനങ്ങളുടെ അഭാവത്തെ സഹജീവികളുമായി സഹകരിച്ച് എങ്ങനെ പങ്കുവയ്ക്കാമെന്ന പരിശീലനവും ജീവിതത്തിന്റെ അധികകാലവും പട്ടിണിയിലും അർധപട്ടിണിയിലും കഴിയുന്ന ജനലക്ഷങ്ങളുടെ വിശപ്പിന്റെ വിളി എന്തെന്നറിയുന്നതിനും റബ്ബ് മനുഷ്യരാശിക്കായി ചൊരിഞ്ഞിരിക്കുന്ന അനുഗ്രഹങ്ങളും ഔദാര്യവും എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണെന്ന ബോധവത്ക്കരണത്തിനും വ്രതാനുഷ്ഠാനം കാരണമാകുന്നു.

ഇസ്ലാമിലെ എല്ലാ ആരാധനകളെയും പോലെത്തന്നെ റമദാന്റെ യഥാർഥ ഉദ്ദേശ്യം മനുഷ്യനെ അവന്റെ സ്രഷ്ടാവിലേയ്ക്ക് കൂടുതൽ കൂടുതൽ വലിച്ചടുപ്പിക്കുക എന്നതാണ്. ദൈനംദിന ജീവിതത്തിൽ സാധാരണ ചെയ്യുന്ന തൊഴിലുകളും പ്രയത്നങ്ങളും പതിവുപോലെ തുടരവെതന്നെ സാന്മാർഗികവും ആത്മീയവുമായ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള തീവ്രമായ അഥവാ ഊർജിതമായ ഒരു പരിശീലനമാണ് റമദാനിലൂടെ നമുക്ക് കിട്ടുന്നത്. ഈ പ്രധാന ഉദ്ദേശ്യത്തിനു മുന്നിൽ മറ്റെന്തിനെയും കുറഞ്ഞ പ്രാധാന്യത്തോടെ മാത്രമേ കാണാൻ കഴിയൂ. ഒരു നോമ്പുകാരന്റെ കേൾവിയും കാഴ്ചയും നാവും മനസ്സും എല്ലാം കർശനമായ നിയന്ത്രണത്തിലാണ്. ഉദാഹരണത്തിന് ആവശ്യമില്ലാത്ത സംസാരം ഒഴിവാക്കുക എന്നതു മാത്രമല്ല, കൂടുതൽ സംസാരിക്കുന്നതിൽ നിന്നും ഒഴിഞ്ഞു മാറേണ്ടതുമാണ്. ഇതിലൂടെ അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനിൽ അന്തർലീനമായിരിക്കുന്ന ഗുണഗണങ്ങൾ വാഴ്ത്തുന്നതിലും കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നു.

"ഏതൊരുവൻ, നോമ്പുകാലത്ത് ആഹാരപാനീയങ്ങൾ സ്വയം വർജിക്കുകയും എന്നാൽ കളവ് പറയുന്നതിൽ നിന്നും പിൻമാറാതിരിക്കുകയും ചെയ്യുന്നുവോ, അവന്റെ പട്ടിണികൊണ്ട് യാതൊരു പ്രയോജനവുമില്ല." – നബിവചനം.

നോമ്പുകാലത്ത് പ്രത്യേകിച്ചും ദരിദ്രരെയും നിസ്സഹായരെയും രോഗികളെയും അനാഥരെയും അറിഞ്ഞ് സഹായിക്കുക. റമദാൻ മാസത്തിൽ ചെയ്യാവുന്നതിന്റെ പരമാവധി ദാനധർമങ്ങൾ ചെയ്യുക. വിശുദ്ധ ഖുർആന്റെ പഠനവും അത് മനഃപ്പാഠമാക്കുന്നതിലൂടെ കിട്ടുന്ന ദൈവീകമായ അടയാളങ്ങളുടെ പ്രതിഫലനവും നമ്മുടെ മറ്റാവശ്യങ്ങളെ ലഘൂകരിക്കുകയും ദിവസത്തിന്റെ അധികസമയവും ഈ മൂല്യങ്ങൾ ശേഖരിക്കാനും സൂക്ഷിച്ചുവയ്ക്കാനുമായി ഉപയോഗിക്കുകയും ചെയ്യുക. മൗലവിമാരും പണ്ഡിതന്മാരും റമദാൻ മാസം മുഴുവനും വിശുദ്ധ ഖുർആനെപ്പറ്റി പ്രസംഗങ്ങൾ നടത്തുന്നു. സാധാരണയായി രാത്രിയുടെ അന്ത്യയാമത്തിലുള്ള ഐച്ഛികമായ നമസ്കാരം റമദാൻ മാസത്തെ രാത്രികളിൽ നിർബന്ധിതമാണെന്ന് മാത്രമല്ല ധാർമികമായ ബാദ്ധ്യത കൂടിയാണ്. എന്നാൽ ഈ നമസ്കാരം തനിച്ചോ കൂട്ടായോ നിർവഹിക്കാവുന്നതാണ്. അസമയത്ത് പള്ളിയിൽ പോകാൻ പ്രയാസമുള്ളവരുടെ സൗകര്യാർഥം ഈ നമസ്കാരം 'ഇശാ'യ്ക്കുശേഷമോ സുബ്ഹി നമസ്കാരത്തിന് മുമ്പോ കൂട്ടായി പള്ളിയിൽ ത്തന്നെ നടത്താവുന്നതാണ്. ഈ സമസ്കാരം എട്ട് റക്കഅത്ത് (രണ്ട് റക്കഅത്ത് വീതമുള്ള നാല് യൂണിറ്റ്) ആണ്. ഓരോ റക്കഅത്തിലും 'സൂറാഫാത്തിഹാ'യെ തുടർന്നുവരുന്ന സൂറത്ത് ഒരു മാസം കൊണ്ട് പരിശുദ്ധ ഖുർആൻ ഒരാവർത്തി പൂർത്തിയാക്കത്തക്ക വിധം ദൈർഘ്യമുള്ളതായിരിക്കണം. ആയതിനാൽ ഖുർആൻ മനഃപ്പാഠമാക്കിയ ആളായിരിക്കും 'ഇമാം' (നമസ്കാരത്തിന് നേതൃത്വം കൊടുക്കുന്നയാൾ). 'ഇമാം' അദ്ദേഹത്തിന്റെ ഓർമയിൽ നിന്ന് ഓതുന്നു, ആരാധകരുടെ കൂട്ടം പൂർണമായ ശ്രദ്ധയോടെ അദ്ദേഹത്തെ തുടരുന്നു.

ആവർത്തിച്ച് വായിക്കപ്പെടുന്നത്, മനഃപ്പാഠമാക്കപ്പെടുന്നത്, വെളിപ്പെടുത്തപ്പെടുന്നത് എന്നീ അർഥങ്ങൾ കൊടുക്കാവുന്ന 'ഖുർആൻ' എന്ന പേര് എഴുപതിലധികം തവണ ദൈവീകവെളിപാടായിത്തന്നെ ആവർത്തിക്കപ്പെട്ടിരിക്കുന്നു എന്നതാണ് പരിശുദ്ധ ഖുർആന്റെ മറ്റൊരു സവിശഷത. ഈ ഭൂമിയുടെ എല്ലാ ഭാഗത്തും ദശലക്ഷക്കണക്കിനാളുകൾ രാപകൽ ഭേദമെന്യേ, തങ്ങളുടെ പ്രാർഥനകളിലും അല്ലാതെയും കണ്ടും കാണാതെയും ഓതിക്കൊണ്ടിരിക്കുന്ന ഒരു വേദഗ്രന്ഥമാണ് പരിശുദ്ധ ഖുർആൻ. എന്നാൽ റമദാൻ മാസത്തിൽ ഇതിന്റെ ആഴവും പരപ്പും വർധിക്കുന്നു. ഈ മാസത്തിൽ എണ്ണമറ്റ ആളുകൾ (ഭക്തർ) ആവർത്തിച്ചാവർത്തിച്ച് ഓതുന്നു എന്നതാണ് പരിശുദ്ധ ഖുർആന്റെ മറ്റൊരു പ്രത്യേകത.

റമദാൻ മാസത്തിലെ അവസാനത്തെ പത്ത് ദിവസം ഭൗതികമായ എല്ലാ സുഖഭോഗങ്ങളും ഉപേക്ഷിച്ച് ഖുർആൻ പാരായണത്തിലും പഠനത്തിലും പ്രാർഥനയിലും മുഴുകി അല്ലാഹുവിന്റെ സ്മരണയിൽ പള്ളിയിൽ തന്നെ കഴിയുന്ന ധാരാളം വിശ്വാസികളുണ്ട്. ഇതിലൂടെ ഒരു നോമ്പുകാരൻ ശാരീരികവും ധാർമികവും ആദ്ധ്യാത്മികവുമായ ഉന്നതി പ്രാപിക്കുന്നു.

വിശപ്പും ദാഹവും സഹിച്ചിട്ടാണെങ്കിലും നോമ്പ് നോൽക്കാനുള്ള താല്പര്യം ചെറിയ കുട്ടികളിൽ കൂടുതലായി കാണുന്നുണ്ട്. മുസ്ലിം കുട്ടികളെ സംബന്ധിച്ചിടത്തോളം ഭയഭക്തിയിലധിഷ്ഠിതമായ വിശ്വാസത്തിന്റെ അന്തരീക്ഷത്തിൽ അവർ വളരുന്നു എന്നതാവാം ഇതിന്റെ കാരണം. എന്നാൽ ചെറിയ കുട്ടികളെക്കൊണ്ട് നോമ്പ് എടുപ്പിക്കുന്നത് ചില ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. അതുകൊണ്ട് 12, 13 വയസ്സുള്ള കുട്ടികളെ 3, 4 ദിവസം ഇടവിട്ടും അടുത്ത റമദാനിൽ കുറച്ചുകൂടി ഇടവേള കുറച്ചും അതിനടുത്ത റമദാനിൽ ഒന്നിടവിട്ട ദിവസങ്ങളിലും നോമ്പ് നോൽക്കാൻ പരിശീലിപ്പിക്കുന്നതിലൂടെ നാലാം വർഷം ആകുമ്പോൾ പൂർണമായും നോമ്പനുഷ്ഠിക്കാൻ അവർ പ്രാപ്തരായിത്തീരുന്നു.

വളരെ ശ്രദ്ധേയമായ മറ്റൊരു വസ്തുത ഇസ്ലാമിലെ ആഹാരനിയന്ത്രണമാണ്. എന്തും കഴിച്ച് വയറുനിറക്കാൻ ഇസ്ലാം കല്പിക്കുന്നില്ല.

"ശവവും രക്തവും പന്നിമാംസവും അല്ലാഹുവല്ലാത്തവരുടെ പേരിൽ വഴിപാടാക്കപ്പെട്ടവയും മാത്രമാണ് അവൻ നിങ്ങൾക്കു നിഷിദ്ധമാക്കിയിട്ടുള്ളത്." (വി.ഖു. 2:174).

അല്ലാഹു അല്ലാതെ മറ്റെന്തിന്റെയെങ്കിലും പേരിൽ വഴിപാട് ചെയ്യപ്പെട്ട ധർമവിരുദ്ധമായ മാംസവും വിലക്കപ്പെട്ടിട്ടു

ള്ളതായിക്കാണുന്നു. (വി.ഖു. 6:146)

ഇതിൽ ആദ്യം പറഞ്ഞ മൂന്ന് വസ്തുക്കൾ (ശവം, രക്തം, പന്നിമാംസം) ശരീരത്തിന് അഥവാ ആരോഗ്യത്തിന് ഹാനികരമായതിനാലാണ് വിലക്കപ്പെട്ടിട്ടുള്ളത്. ശരീരത്തിന് ഹാനികരമായത് മനസ്സിനും ഹാനികരമാണ്. അല്ലാഹുവല്ലാതെ മറ്റെന്തിന്റെയെങ്കിലും പേരിൽ വഴിപാടാക്കപ്പെട്ടത് ഭക്ഷിക്കുന്നതിലൂടെ ഒരു വ്യക്തി സദാചാരപരമായും ആത്മീയമായും തകരുന്നു. എന്നാൽ ഈ വിലക്കപ്പെട്ട വസ്തുക്കൾ പോലും ഒരു പ്രത്യേക സാഹചര്യത്തിൽ (ജീവൻ രക്ഷിക്കാനായി) കഴിക്കേണ്ടി വന്നാൽ അത്യാവശ്യത്തിനുവേണ്ട അളവു മാത്രം ഭക്ഷിക്കുന്നത് ശിക്ഷാർഹമായിരിക്കുകയില്ല. അതുപോലുള്ള സന്ദർഭങ്ങളിൽ 'ജീവൻ രക്ഷിക്കുക' എന്നതിനായിരിക്കും മുൻഗണന (വി.ഖു. 6:146, 2:174).

"മദ്യവും മറ്റെല്ലാ ലഹരി പദാർഥങ്ങളും നിരോധിക്കപ്പെട്ടിരിക്കുന്നു. ഇവയുടെ ഉപയോഗത്തിലൂടെ ചില വ്യക്തികൾക്ക് താല്ക്കാലികമായ സന്തോഷവും ചില ഗുണങ്ങളുമുണ്ടെങ്കിലും അവയുടെ ദോഷം അവയുടെ ഗുണത്തേക്കാൾ വളരെ വലുതാണ്" (വി.ഖു. 2:20).

"വിശ്വസിച്ചവരേ, നിശ്ചയമായും മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും, പ്രശ്നം വയ്ക്കുന്ന അസ്ത്രങ്ങളും പിശാചിന്റെ ചെയ്തികളിൽപ്പെട്ട നീചകൃത്യങ്ങളാണ്. അതിനാൽ നിങ്ങൾ അവയെ വർജിക്കുക. നിങ്ങൾ വിജയികളാകുന്നതിനുവേണ്ടി" (വി.ഖു. 5:91)

"തീർച്ചയായും പിശാച് ഉദ്ദേശിക്കുന്നത് മദ്യവും ചൂതാട്ടവും മുഖേന നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർക്കണമെന്നും അല്ലാഹുവിന്റെ സ്മരണയിൽ നിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയണമെന്നും മാത്രമാണ്. അത്കൊണ്ട് നിങ്ങൾ (ഇവയിൽ നിന്നെല്ലാം) വിരമിക്കുന്നവരാണോ? (വി.ഖു. 5:92). മദ്യത്തിലൂടെയോ മറ്റ് ലഹരി പദാർഥങ്ങളിലൂടെയോ ലഭിക്കുന്ന സന്തോഷവും ഗുണവും താല്കാലികമാണ്. എന്നാൽ അതുമൂലമുണ്ടാകുന്ന ദോഷം ഒരു വ്യക്തിയിൽ മാത്രം ഒതുങ്ങുന്നതല്ല, മറിച്ച് അത് സമൂഹത്തെ മുഴുവനായും കാർന്നു തിന്നുന്ന മഹാവിപത്താണ്. പരിശുദ്ധ ഖുർആന്റെ ലക്ഷ്യം തന്നെ വ്യക്തിപരമായ മാർഗനിർദേശത്തിനുപരിയായി ഓരോ വ്യക്തിയും സമൂഹത്തിന്റെ അഥവാ മനുഷ്യവർഗത്തിലെ കണ്ണിയാണ് എന്നതുകൂടി കണക്കിലെടുത്തുള്ള മാർഗനിർദേശമാണ്. അനുവദിക്കപ്പെട്ടിട്ടുള്ള ആഹാരസാധനങ്ങൾ പോലും എല്ലാ അവസരങ്ങളിലും യഥേഷ്ടം തിന്നാനോ കുടിക്കാനോ ഇസ്ലാം അനുവദിക്കുന്നില്ല.

"മനുഷ്യരേ! ഭൂമിയിലുള്ളതിൽ നിന്ന് നിയമാനുസൃതവും ശുദ്ധവുമായത് നിങ്ങൾ ഭക്ഷിക്കുവിൻ! പിശാചിന്റെ ചവിട്ടടികളെ നിങ്ങൾ പിൻപറ്റരുത്. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു." (വി. ഖു. 2: 169). ഇതിനും ആപേക്ഷികമായ ഒരു കാഴ്ചപ്പാടുണ്ട്. പ്രായപൂർത്തി ആയ ഒരു വ്യക്തിക്ക് ആവശ്യമായ അളവിലും അനുപാതത്തിലുമുള്ള ആഹാരം ഒരു ചെറിയ കുട്ടിയ്ക്കോ രോഗിയായ ഒരു വ്യക്തിയ്ക്കോ ആവശ്യമില്ല. എല്ലാ ഓരോ വ്യക്തിയ്ക്കും ആവശ്യമായ ആഹാരത്തിന്റെ അളവിലും അനുപാതത്തിലും വ്യത്യാസമുണ്ടെന്നർഥം. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടായാൽ റബ്ബിന്റെ പാരിതോഷികമായി മനുഷ്യകുലത്തിന് നല്കപ്പെട്ടിട്ടുള്ള നല്ല ആഹാരസാധനങ്ങൾ തിന്നുകയോ കുടിക്കുകയോ ചെയ്യുന്നതിലൂടെ ഏതെങ്കിലും തരത്തിലുള്ള ദോഷമോ പാപമോ ഉണ്ടാകുന്നില്ല.

"വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരാരോ, അവർ സൂക്ഷ്മത പാലിക്കുകയും വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും, എന്നിട്ട് അവർ സൂക്ഷ്മതയിൽ പുരോഗതി പ്രാപിക്കുകയും വിശ്വസിക്കുകയും പിന്നീട് ഭയഭക്തിയിൽ കൂടുതൽ പുരോഗതി പ്രാപിക്കുകയും ചെയ്യുന്നതായാൽ അവർ ഏതൊന്നു ഭക്ഷിക്കുന്നുവോ അതിൽ അവർക്ക് കുറ്റമൊന്നുമില്ല. അല്ലാഹു നന്മ പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നു. (വി.ഖു. 5:94).

ഒരു മുസൽമാനെ സംബന്ധിച്ചിടത്തോളം തിന്നുന്നതിനും കുടിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം പ്രയോജനകരമായ നിയന്ത്രണങ്ങൾക്ക് വിധേയവും ചിട്ടയോടുകൂടിയതുമാണ്. എന്നാൽ നോമ്പ് കാലത്ത് ഈ നിയന്ത്രണങ്ങളും ചിട്ടയും കുറച്ചു കൂടി കർശനമായിട്ടുള്ളതാണ്. ഒരു പ്രത്യേക ഉദ്ദേശ്യലക്ഷ്യത്തോടെയുള്ള തീക്ഷ്ണമായ വികാരമാണ് ഇവിടെ പ്രകടമാകുന്നത്. ജീവൻ നിലനിറുത്തുന്നതിനാവശ്യമായ ആഹാരവും ജലവും വംശം നിലനിറുത്തുന്നതിനാവശ്യമായ ലൈംഗികബന്ധം എന്നിവയെല്ലാം റമദാൻ മാസത്തിൽ പൂർണമായും നിയന്ത്രണങ്ങൾക്കു വിധേയമാണ്. അല്ലാഹുവിന്റെ തൃപ്തിക്കാണ് ഇവിടെ പ്രാധാന്യം കൊടുക്കുന്നത്.

ഒരു മാസത്തെ തീവ്രമായ പരിശീലനത്തിലൂടെ ലഭിക്കുന്ന സൻമാർഗികവും ആത്മീയവുമായ അഭിവൃദ്ധി ആകൊല്ലത്തിലെ തുടർന്നുള്ള പതിനൊന്നുമാസത്തേക്കുകൂടി നീണ്ടുനില്ക്കുന്നു എന്നതാണ് മറ്റൊരു സവിശേഷത.

"എല്ലാ ആരാധനകൾക്കും സന്മാർഗനിരതമായ പ്രവർത്തനങ്ങൾക്കും ഉചിതമായ പ്രതിഫലങ്ങൾ ഉണ്ട്. എന്നാൽ നോമ്പ് അനുഷ്ഠിക്കുന്നവന് ലഭിക്കുന്ന ആത്യന്തികമായ പ്രതിഫലം അല്ലാഹുവിന്റെ സന്തോഷവും തൃപ്തിയുമാണ്. അവന് കിട്ടുന്നത് അല്ലാഹുവിനെത്തന്നെയാണ്." നബിവചനം.

നോമ്പിന്റെ 29-ാം ദിവസം പുതിയ ചന്ദ്രക്കല ആകാശത്തു ദൃശ്യമാകുന്നതോടെ നോമ്പ് അവസാനിക്കുന്നു. കാലാവസ്ഥയിലുള്ള മാറ്റങ്ങൾ കാരണമായി ചന്ദ്രനെ കാണാതെ വന്നാൽ ഒരു ദിവസം കൂടി നോമ്പ് നോറ്റിടും. 30 തികച്ചതിനുശേഷം അടുത്തദിവസം പെരുന്നാൾ ആഘോഷിക്കുന്നു. പെരുന്നാൾ ദിവസം രാവിലെ ഭക്തജനങ്ങൾ ഇമാമിന്റെ നേതൃത്വത്തിലുള്ള രണ്ട് റക്അത്ത് പെരുന്നാൾ നമസ്കാരത്തിലും തുടർന്നുള്ള ഖുത്ബയിലും സംബന്ധിക്കുന്നു. ശേഷം പരസ്പരം 'മുലാഖാത്ത്' ചെയ്ത് പിരിയുന്ന ഭക്തന്മാർ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീടുകളിൽ സന്ദർശനം നടത്തിയും പാവങ്ങൾക്ക് ആഹാരം കൊടുത്തും രോഗികളെ സന്ദർശിച്ചും സർവോപരി ഈ അനുഗ്രഹങ്ങൾ ചൊരിഞ്ഞ റബ്ബിനെ കൂടുതലായി സ്തുതിച്ചും ആ ദിവസം ആഘോഷിക്കുന്നു.

-2001 October November മാസത്തെ 'Review of Religions' വന്ന 'Fasting' എന്ന ലേഖനത്തോട് കടപ്പാട്.

## നോമ്പിന്റെ ബാധ്യത

നോമ്പ് പിടിച്ച് വീട്ടാനുള്ള ബാധ്യത അവശേഷിപ്പിച്ചിരിക്കുന്ന ഘട്ടത്തിൽ വല്ലവനും മരണമടഞ്ഞാൽ ആ നോമ്പ് അവന്റെ ബന്ധുക്കൾ അവന്റെ പേരിൽ പിടിച്ചു വീട്ടേണ്ടതാണ്.

**മുഹമ്മദ് നബി(സ) (ബുഖാരി)**

# ഉയിർത്തെഴുന്നേൽക്കുന്ന റഷ്യൻ ഓർത്തഡോക്സ് സഭ

**കമ്മ്യൂണിസത്തിന് ശേഷം റഷ്യൻ ഓർത്തഡോക്സ് സഭ ഭരണകൂടത്തിന്റെ പിന്തുണയോടെ ദേശീയ മതമായി മാറിക്കൊണ്ടിരിക്കുകയാണ്. The Hindu 2011 July 9 ന് വന്ന ലേഖനത്തിന്റെ വിവർത്തനം**

**വ്ളാദ്മിർ റദിയുദ്ദീൻ**

ഭൂരിപക്ഷം റഷ്യൻ ജനതയുടെ സജീവ താത്പര്യമില്ലെങ്കിലും ഭരണകൂടത്തിന്റെ ഉറച്ച പിൻതുണയോടെ ഓർത്തഡോക്സ് ചർച്ച് റഷ്യയുടെ ദേശീയ മതമായി വളർന്നുകഴിഞ്ഞു.

റഷ്യയിലെ ടാക്സി ഡ്രൈവർമാർ പറയാറുള്ളത്, റഷ്യൻ തലസ്ഥാനത്ത് വൻ വാഹനത്തിരക്കിനിടയിലും തങ്ങളുടെ വസതിയിൽനിന്ന് നഗരമധ്യത്തിലേക്ക് വെറും 15 മിനിട്ടുകൾകൊണ്ട് എത്തിച്ചേരാൻ കഴിയുന്നത് വെറും മൂന്നുപേർക്കുമാത്രമാണെന്നാണ്. രാഷ്ട്രപതി ദിമിത്രി മെദ്‌വെദേവ്, പ്രധാനമന്ത്രി വ്ളാഡിമർ പുടിൻ, പിന്നെ റഷ്യൻ ഓർത്തഡോക്സ് ചർച്ച് തലവൻ പത്രിയാർക്കീസ് കിറിൽ. ഈ മൂന്ന് വി. ഐ.പി കൾക്കുമാത്രമാണ് നഗരഗതാഗതം നിശ്ചലമാക്കിക്കൊണ്ട് സായുധ അകമ്പടിയോടുകൂടി അവരുടെ ലിമോസിനുകളിൽ 150 കിലോമീറ്റർ വേഗതയിൽ വിജനമായ നിരത്തിലൂടെ ചീറിപ്പായാൻ സാധിക്കുന്നത്. ഒരുസഭാതലവനെ രാഷ്ട്രതലവൻമാരുടെ തലത്തിലേക്ക് ഉയർത്തുന്ന മറ്റൊരുകാര്യം അദ്ദേഹത്തിന്റെ അംഗരക്ഷകർ ക്രംലിൻ സെക്യൂരിറ്റി സർവീസിൽനിന്ന് ഗവൺമെന്റ് ചെലവിലാണ് നിയമിച്ചിരിക്കുന്നത് എന്നതുകൂടിയാണ്. ഭരണഘടന പ്രകാരം റഷ്യയിൽ ചർച്ച് സർക്കാരിന്റെ ഭാഗമല്ല. സ്റ്റേറ്റിന് ഒരു മതമില്ലെന്നും അത് നിഷ്കർഷിക്കുന്നു. എന്നാൽ കമ്യൂണിസത്തിനുശേഷമുള്ള റഷ്യയിൽ ഓർത്തഡോക്സ് സഭ സായുധ സേന, പോലീസ്, കോടതി എന്നിവപോലെതന്നെ രാജ്യത്തിന്റെ തൂണുകളിലൊന്നായി മാറിക്കഴിഞ്ഞു.

മതവിരുദ്ധ സോവിയറ്റ് യൂണിയന്റെ പതനത്തോടെ രാജ്യത്ത് മതത്തിനെതിരെയുള്ള പീഢനങ്ങൾ അവസാനിച്ചു. മതസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് 1997 -ൽ നിലവിൽ വന്ന നിയമം നാല് മതങ്ങളെ-ക്രിസ്തുമതം, ഇസ്ലാം, ബുദ്ധമതം, ജൂതമതം- റഷ്യൻ ജനതയുടെ ചരിത്രപാരമ്പര്യത്തിലെ അനിഷേധ്യ ഭാഗമായി അംഗീകരിക്കുകയുണ്ടായി. എന്നാൽ ഈ നിയമം എല്ലാ മതവിഭാഗങ്ങൾക്കും തുല്യത കല്പിച്ചിരിക്കുന്ന ഭരണഘടനക്കെതിരായിരുന്നു. മാത്രവുമല്ല പ്രസ്തുതനിയമത്തിൽ ഓർത്തഡോക്സ് സഭക്ക് റഷ്യൻ ചരിത്രത്തിലുണ്ടായിരുന്ന പ്രത്യേക സ്ഥാനത്തെ പരാമർശിച്ചുകൊണ്ട് മറ്റുമതങ്ങളേക്കാൾ പരിഗണനയും നൽകിയിരിക്കുന്നു. ഒരു പക്ഷേ നിയമത്തിലൂടെ സഭക്ക് ലഭിച്ച ഈ പ്രത്യേക പരിഗണനയുടെ വെളിച്ചത്തിലായിരിക്കണം റഷ്യയിലെ മുഖ്യജൂതപുരോഹിതൻ ബേൾ ലാസറിനും മുസ്ലിം നേതാവ് മുഫ്തി ഖൈനുദ്ദീനും തങ്ങളുടെ വാഹനങ്ങളിൽ ഫ്ളാഷ് ലൈറ്റുകൾ ഉപയോഗിക്കാനുള്ള അനുമതി കുറെ വർഷങ്ങൾക്കുമുൻപ് നിഷേധിക്കപ്പെട്ടത്.



പത്രിയാർക്കീസ് കിറിൽ

ഓർത്തഡോക്സ് പുരോഹിതന്മാർ അവകാശപ്പെടുന്നത് മതവിശ്വാസം റഷ്യയിൽ അനുദിനം ശക്തിയാർജിച്ചുവരികയാണെന്നാണ്. പരമ്പരാഗത റഷ്യക്കാരിൽ മൂന്നിൽ രണ്ടുഭാഗവും ഇപ്പോൾ ഓർത്തഡോക്സ് വിശ്വാസികളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 90കളുടെ മധ്യത്തിൽ 50 ശതമാനമായിരുന്നു വിശ്വാസികൾ. എന്നിരുന്നാലും 10-15 ശതമാനം റഷ്യക്കാർ മാത്രമാണ് സ്ഥിരമായി ചർച്ചുകളിൽ പോകുന്നത്. ക്രൈസ്തവവിശ്വാസത്തിന്റെ സുപ്രധാനചടങ്ങായ കമ്മ്യൂണിയൻ എടുക്കുന്നവർ വെറും 5 ശതമാനമാണ്. വലിയൊരുവിഭാഗം വിശ്വാസികൾക്കും തങ്ങളുടെ മതവിശ്വാസവും വംശീയ അസ്തിത്വവും ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട് എന്നാണ് സാമൂഹ്യ ശാസ്ത്രജ്ഞന്മാരുടെ നിഗമനം.

റഷ്യൻ ജനതക്ക് പൊതുവെ നിഷ്പക്ഷമായ സമീപനമാണുള്ളതെങ്കിലും ഓർത്തഡോക്സ് സഭ ഗവൺമെന്റിന്റെ ഉറച്ച പിൻതുണയോടെ ഔദ്യോഗിക മതമെന്നതരത്തിൽ സുസ്ഥാപിതമായിക്കഴിഞ്ഞു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട രാഷ്ട്രപതി സഭാധിപതിയിൽനിന്ന് അനുഗ്രഹങ്ങൾ വാങ്ങി പുതിയ കീഴ്വഴക്കങ്ങൾക്ക് തുടക്കമിട്ടത് സഭക്ക് കൽപ്പിച്ചിരിക്കുന്ന പ്രത്യേക പദവിക്ക് തെളിവാണ്. പുട്ടിനും മെദ്‌വദേവും അവർ തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഇവ്വിധം ആശീർവദിക്കപ്പെടുകയുണ്ടായി. മെയ് 2008ൽ സഭാധിപനിൽനിന്ന് പ്രത്യേക ഉപഹാരം സ്വീകരിച്ചുകൊണ്ട് റഷ്യൻ പ്രസിഡന്റ് മെദ്‌വെദേവ് പറഞ്ഞത് ഗവൺമെന്റിന്റെയും ഓർത്ത

ഡോക്സ് സഭയുടെയും യോജിച്ചുള്ള പ്രവർത്തനങ്ങൾ കാരണമാണ് രാജ്യം വികസനത്തിൽ പുതിയ ഉയരങ്ങൾ കീഴടക്കിയത് എന്നാണ്. റഷ്യൻ സാർചക്രവർത്തിമാരുടെ കുടുംബദേവാലയമായിരുന്ന ക്രംലിനിലെ ഏറ്റവും പഴക്കം ചെന്ന ചർച്ചിൽവെച്ചുനടന്ന ചടങ്ങ് ഒരു മതപരമായ ചടങ്ങ് എന്നതിനേക്കാൾ പ്രസിഡന്റ് പദവിയെ കൂടുതൽ ആധികാരികമാക്കുന്നതിന്റെ ഭാഗമായാണ് കാണേണ്ടത്. റഷ്യയിലെ തിരഞ്ഞെടുപ്പ് സംവിധാനം നിലനിൽക്കുന്നത് കുറ്റമറ്റ ജനാധിപത്യ പ്രക്രിയയിലൂടെയാണെന്ന് പറയാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ സഭ-ഭരണകൂട കൂട്ടായ്മ പരസ്പരം നേട്ടങ്ങൾ കൊയ്തുകൊണ്ടിരിക്കുകയാണ്. കമ്മ്യൂണിസത്തിന്റെ തകർച്ച സൃഷ്ടിച്ച ആശയപരവും ആത്മീയവുമായ ശൂന്യതയെ ഇല്ലാതാക്കാൻ ക്രംലിൻ (ഭരണസിരാകേന്ദ്രം) സഭയെ ഉയർത്തിക്കാട്ടുമ്പോൾ സഭ തങ്ങൾക്ക് ലഭിക്കുന്ന രാഷ്ട്രീയ പിന്തുണ തങ്ങളുടെ പെരുമയും സ്വാധീനവും വർധിപ്പിക്കാൻ ഉപയോഗിക്കുന്നു. സഭ ഉയർത്തിപ്പിടിക്കുന്ന പരമ്പരാഗതമായ ചില ഓർത്തഡോക്സ് മൂല്യങ്ങളാണ് ക്രംലിൻ ഏറ്റവും പ്രയോജനപ്രദമായിക്കാണുന്നത്. അതായത് നേതൃത്വത്തോടുള്ള പൂർണമായ അനുസരണവും ആദരവും. അതുവഴി ഭരണപരിഷ്കാരങ്ങൾ സൃഷ്ടിച്ച കൊടിയ ദാരിദ്ര്യത്തിനും അസമത്വത്തിനുമെതിരായ ജനവികാരത്തെ നിയന്ത്രിക്കുന്നതിന് സഭയെ ഉപയോഗപ്പെടുത്താമെന്ന് അവർ കണക്കുകൂട്ടുന്നു. ജോർജിയ, ഉക്രെയിൻ, ബെലാറെസ് തുടങ്ങിയ രാജ്യങ്ങളിലെ സഭകളും റഷ്യൻ സഭാധ്യക്ഷന് കീഴിൽ വരുന്നതിനാൽ റഷ്യൻ താത്പര്യങ്ങൾക്ക് വിദേശരാജ്യങ്ങളിൽ സ്വാധീനം ചെലുത്തുന്നതിന് സഭ നല്ലൊരു ഉപകരണമാണ്. 2007ൽ റഷ്യൻ ഓർത്തഡോക്സ് സഭ മറ്റ് രാജ്യങ്ങളിലുള്ള ഓർത്തഡോക്സ് സഭകളുമായി 80 വർഷത്തോളം നീണ്ടുനിന്ന തർക്കം അവസാനിപ്പിച്ച് പുനസംഘടിച്ചത് മോസ്കൊ സഭാധ്യക്ഷന്റെ ആഗോള സ്വാധീനം വർധിപ്പിച്ചിരിക്കുകയാണ്.

സോവിയറ്റ് കാലഘട്ടത്തിൽ സംഭരണശാലകളായും ഓഫീസുകളായും ഉപയോഗിച്ചിരുന്ന ആയിരക്കണക്കിന് ദേവാലയങ്ങളെ പുനരുദ്ധീകരിക്കുന്നതിനും പുതിയത് നിർമിക്കുന്നതിനും ഭരണകൂടം സഹായിച്ചുകൊണ്ടിരിക്കുന്നു. 1931ൽ തച്ചുതകർക്കപ്പെട്ട, 19 -ാം നൂറ്റാണ്ടിൽ നിർമിച്ച കൂറ്റൻ കത്തീഡ്രൽ 1990 കളിലാണ് പുനർനിർമിച്ചത്. ക്രംലിനുസമീപം സ്ഥിതിചെയ്യുന്ന ഈ ദേവാലയം മാർക്സിസ്റ്റ് ലെനിനിസ്റ്റ് റഷ്യയുടെ ഓർത്തഡോക്സ് വൽകരണത്തിനുള്ള വലിയ അടയാളമാണ്. അലങ്കാരപൊലിമയുള്ള 103 മീറ്റർ ഉയരവും ഒരു ഫുട്ബോൾ ഗ്രൗണ്ടിനോളം വലിപ്പവുമുള്ള ഈ ദേവാലയം ലോകത്തിലെ ഏറ്റവും വലിയ ഓർത്തഡോക്സ് ചർച്ചാണ്. 500 മില്ല്യൺ ഡോളർ ചെലവഴിച്ചാണ് ഇത് പണികഴിപ്പിച്ചിരിക്കുന്നത്. പ്രധാനമായും പൊതുഖജനാവിൽനിന്നുള്ള പണമാണ് ഇതിനുപയോഗിച്ചിരിക്കുന്നത് എന്ന ആരോപണം നിലനിൽക്കുന്നുണ്ട്.

റഷ്യൻ സമൂഹത്തിന്റെ ത്വരിത പൗരോഹിത്യവൽക്കരണത്തിലും പൊതുജീവിതത്തിന്റെ എല്ലാ മേഖലയിലുമുള്ള സഭയുടെ സജീവ ഇടപെടലുകളിലും ആശങ്ക പ്രകടിപ്പിച്ചുകൊണ്ട് നാല് വർഷങ്ങൾക്ക് മുമ്പ് രണ്ട് നോബേൽ സമ്മാന ജേതാക്കളുൾപ്പടെ ഒരു കൂട്ടം പ്രമുഖ ശാസ്ത്രജ്ഞന്മാർ റഷ്യൻ പ്രസിഡന്റിന് തുറന്ന കത്തെഴുതുകയുണ്ടായി. 2009 ജനുവരിയിൽ ചരമം പ്രാപിച്ച സഭാധ്യക്ഷൻ പത്രിയാർക്കീസ് അലക്സി II നുശേഷം ചുമതലയേറ്റ പത്രിയാർക്കീസ് കിറിൽ ന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾക്ക് കരുത്താർജിക്കുകയായിരുന്നു.

'വൈദികന്റെ വചനങ്ങൾ' എന്ന ടെലിവിഷൻ പരിപാടിയിലൂടെ വർഷങ്ങളായി തന്റെ വാക്ചാതുരി ഉപയോഗിച്ച് റഷ്യൻ ജനതയെ സ്വാധീനിക്കാൻ ശ്രമിക്കുന്ന റഷ്യയിലെ ഏറ്റവും വ്യക്തിപ്രഭാവമുള്ള മതപുരോഹിതനായ 65 കാരനായ കിറിൽന്റെ പരിശ്രമങ്ങളാണ് റഷ്യയിൽ സഭയുടെ സ്വാധീനം വർധിപ്പിച്ചതും ഭരണകൂടവുമായുള്ള ബന്ധം ശക്തിപ്പെടുത്തിയതും. പ്രധാനമന്ത്രി പുടിനെ അപേക്ഷിച്ച് പ്രസിഡന്റ് മെദ്‌വദേവ് സഭയുടെ ഉറച്ച അനുയായി ആയി മാറിയത് അദ്ദേഹത്തിന്റെ ഈ സ്വാധീനം നിമിത്തമാണ്. ഓർത്തഡോക്സ് മതപഠനകേന്ദ്രങ്ങൾക്ക് മറ്റ് സെക്കുലർ യൂണിവേഴ്സിറ്റികളുടേതിന് സമാനമായ പദവി ലഭിച്ചത് മെദ്‌വെദേവിന്റെ ശ്രമഫലമായാണ്. 10-ാം നൂറ്റാ



1931 ൽസ്റ്റാലിൻ തകർത്ത ചർച്ച് ഓഫ് ക്രൈസ്റ്റ് സേവ്യർ 2001ലാണ് പുനർ നിർമിച്ചത്

ണ്ടിൽ കീവ് രാജകുമാരൻ വോളോദിമിർ തന്റെ ജനതയെ കൃസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിച്ചതിനെ അനുസ്മരിക്കുന്നതിന് റഷ്യൻ ജ്ഞാനസ്നാന ദിനം എന്നപേരിൽ ഒരു പൊതുഅവധി നൽകാനുള്ള തീരുമാനത്തിൽ മെദ്‌വദേവ് ഒപ്പുവെച്ചത് കഴിഞ്ഞവർഷമാണ്.

റഷ്യയിൽ ഇപ്പോൾ ഓർത്തഡോക്സ് വിശ്വാസവുമായി ബന്ധപ്പെട്ട് രണ്ട് ഔദ്യോഗിക അവധി ദിനങ്ങളാണുള്ളത്. മറിച്ച് മറ്റുമതവിശ്വാസങ്ങളുമായി ബന്ധപ്പെട്ട ഒരു അവധിദിനം പോലുമില്ല. സോവിയറ്റ് ഭരണകൂടം മതസംഘടനകളിൽനിന്ന് പിടിച്ചെടുത്ത വസ്തുവകകൾ തിരികെനൽകുന്നതിനെ അംഗീകരിച്ചുകൊണ്ട് ഈ വർഷം ഡിസംബറിൽ പുറപ്പെടുവിച്ച വിവാദമായ നിയമം സഭയെ രാജ്യത്തിലെ ഏറ്റവും വലിയ റിയൽ എസ്റ്റേറ്റ് ഉടമകളാക്കിത്തീർക്കും. അങ്ങനെ 1917ലെ റഷ്യൻ വിപ്ലവത്തിനു മുൻപുള്ള അവസ്ഥ പുനസ്ഥാപിക്കപ്പെടും. സഭ നൽകുന്ന രാഷ്ട്രീയ പിന്തുണക്കും ആശയപരമായ സംരക്ഷണത്തിനും ക്രംലിൻ നൽകുന്ന പ്രതിഫലമായാണ് വിമർശകർ ഇതിനെ കാണുന്നത്. ഈ നിയമം മ്യൂസിയങ്ങളെയും ചരിത്രരേഖാസൂക്ഷിപ്പുകേന്ദ്രങ്ങളെയും ആശങ്കയിലാക്കിയിരിക്കുകയാണ്. മുമ്പ് ആരാധനാലയങ്ങളായിരുന്ന കെട്ടിടങ്ങളിൽനിന്ന് ചരിത്രരേഖകളും മറ്റും ഉപേക്ഷിച്ച് അവർക്ക് പടിയിറങ്ങേണ്ടിവരും. ആന്ദ്രേ റുബ്ലേവിന്റെയും മറ്റ് മധ്യകാല ചിത്രകാരന്മാരുടെയും മികച്ച സൃഷ്ടി

കളുൾപ്പടെ അനേകം വിലമതിക്കാനാകാത്ത ചരിത്രശേഷിപ്പുകൾ റഷ്യക്ക് കൈമോശം വന്നേക്കുമെന്ന് വിദഗ്ധർ വിലയിരുത്തുന്നു. ഇത്തരം ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കാനുള്ള സാഹചര്യങ്ങളോ വൈദഗ്ധ്യമോ സഭക്കില്ലെന്നതാണ് അതിന് കാരണം.

ഓർത്തഡോക്സ് സംസ്കാരം സ്കൂളുകളിൽ പാഠ്യവിഷയമാക്കണമെന്ന സഭയുടെ ദീർഘകാലമായുള്ള ആവശ്യത്തിന് മെദ്‌വദേവിന്റെ പിന്തുണയുണ്ട്. ചില പ്രദേശങ്ങളിൽ ഇത് ഐച്ഛിക വിഷയമാണ്. എന്നാൽ ചുരുങ്ങിയത് 5 പ്രവിശ്യകളിലെങ്കിലും ഇത് നിർബന്ധ വിഷയമാക്കികഴിഞ്ഞു. മറ്റ് മതവിഭാഗങ്ങളിൽനിന്നുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ പ്രതിഷേധത്തിന് ഇത് ഇടയാക്കിയിട്ടുണ്ട്.

പ്രതിരോധ മന്ത്രാലയം ഇപ്പോൾ അറിയിച്ചിരിക്കുന്നത് പ്രസിഡന്റിന്റെ നിർദേശാനുസരണം അവർ ഈ വർഷാവസാനത്തോടെ ഒരു സൈനിക പുരോഹിതസംഘത്തിന് രൂപം കൊടുക്കുമെന്നും പുരോഹിതർക്ക് സൈനികവിദ്യാലയത്തിൽ പരിശീലനം നൽകുമെന്നുമാണ്. സഭക്ക് ഇപ്പോഴുള്ള സ്ഥാനം അവർ 1917ലെ വിപ്ലവത്തിനുമുൻപ് റഷ്യയുടെ ഔദ്യോഗിക മതമായിരുന്നപ്പോഴുള്ള അവസ്ഥക്ക് സമാനമാണ്. സാമ്രാജ്യത്തകാലത്ത് സഭ സാർഭരണകൂടത്തിനു വിധേയപ്പെട്ടാണ് കഴിഞ്ഞിരുന്നതെങ്കിൽ ഇന്ന് സഭയാണ് ഏറ്റവും വലിയ ഭരണേതരശക്തി എന്നതുമാത്രമാണ് പ്രകടമായ വ്യത്യാസം.

റഷ്യൻ ജനതയുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും സജീവസാന്നിധ്യം സഭക്കുണ്ടായിരിക്കണമെന്നാണ് ഫെബ്രുവരിയിൽ റഷ്യൻ ഓർത്തഡോക്സ് ബിഷപ്പുമാരുടെ സമിതിയെ അഭിസംബോധചെയ്തുകൊണ്ട് പത്രിയാർക്കീസ് കിറിൽ ആഹ്വാനം ചെയ്തത്. ഈ സമിതിയാകട്ടെ നിർബന്ധ സാഹചര്യങ്ങളിൽ തദ്ദേശീയ, സ്വയംഭരണ പ്രവിശ്യാ തെരഞ്ഞെടുപ്പുകളിൽ പാതിരിമാർക്ക് മത്സരിക്കുന്നതിനുള്ള അധികാരവും നൽകി. അതായത് ഓർത്തഡോക്സ് സഭയെ തിരഞ്ഞെടുപ്പിലൂടെ എതിർക്കാൻ ശ്രമിക്കുന്ന ശക്തികളെ ചെറുക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ.

മതകാര്യങ്ങളിൽ ഊന്നൽ നൽകിയിരുന്ന തന്റെ മുൻഗാമിയായ അലെക്സി രണ്ടാമനിൽനിന്ന് വിരുദ്ധമായി ആഗോള ഭൗതികവിഷയങ്ങൾമുതൽ വാഹനങ്ങളുടെ സാങ്കേതികപരിശോധനയിൽ വരുത്തേണ്ട നിയന്ത്രണങ്ങളെക്കുറിച്ച് വരെ വിധിപറയുന്ന ഒരു രാഷ്ട്രീയ വ്യക്തിത്വമായാണ് പത്രിയാർക്കീസ് കിറിൽ നിറഞ്ഞുനിൽക്കുന്നത്. റഷ്യൻ വിദഗ്ധസമിതി തയാറാക്കുന്ന ഏറ്റവും സ്വാധീനം ചെലുത്തുന്ന 10 മികച്ച റഷ്യൻ പൊതുപ്രവർത്തകരുടെ പട്ടികയിൽ തുടർച്ചയായി ഇടം പിടിക്കുന്ന ഏക ഭരണേതര പ്രതിനിധിയാണ് ഇദ്ദേഹം. മെദ്‌വെദേവ്-പുടിൻ ദ്വയം എന്നത് സാവകാശം പത്രിയാർക്കീസ് കിറിൽ കൂടി ഉൾപ്പെടുന്ന ഒരു ത്രിനായകത്വത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണെന്നാണ് വിദഗ്ധരുടെ നിരീക്ഷണം.

''ഈ രാജ്യത്തെ നയിക്കാൻ തികച്ചും പര്യാപ്തനായ സർവഥാ യോഗ്യനായ രാഷ്ട്രീയ വ്യക്തിത്വമാണ് പത്രിയാർക്കീസ് കിറിൽ. ഈ കർത്തവ്യ നിർവഹണത്തിനായി അദ്ദേഹം എപ്പോൾ വിളിക്കപ്പെടും എന്നതുമാത്രമാണ് അവശേഷിക്കുന്ന ചോദ്യം'' എന്നാണ് രാഷ്ട്രീയ വിചക്ഷണനായ സ്റ്റാനിസ്ലാവ് ബെൽക്കോവ്സ്കി പറയുന്നത്.

തന്റെ കാറിനുള്ള ഫ്ളാഷ് ലൈറ്റും ക്രംലിൻ സുരക്ഷാസംഘവും പത്രിയാർക്കീസ് കിറിൽന്റെ പുതിയ ദൗത്യത്തിനുള്ള അംഗീകാരമാകാം.

വിവ: അഹ്മദ് ശാഫി

---

പേജ് 20ൽ നിന്ന് തുടർച്ച

വിശ്വാസികളെ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതു പോലെ നിങ്ങളിലും നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി." (ബഖറ -184) ഇതിൽ നിന്ന് മനസ്സിലാകുന്നത് എല്ലാവിധ ധാർമികവും ആത്മീയവുമായ ദോഷങ്ങളെ ഇല്ലായ്മ ചെയ്തു കൊണ്ട് ആത്മാവിനെയും ഹൃദയത്തെയും ശുദ്ധീകരിക്കാനുള്ള ഒരു ഉപാധിയാണ് വ്രതം എന്നാണ്. അതുകൊണ്ട് ഈ വ്രതാനുഷ്ഠാനകാലത്ത് പ്രത്യേകിച്ച് എല്ലാ തിന്മകളിൽ നിന്നും ഒഴിഞ്ഞു നിൽക്കുകയും പകരം നൻമകൾ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റേണ്ടതുമാണ്. വിഷം ചീറ്റുന്ന ഒരു സാമൂഹിക-സാംസ്കാരിക ചുറ്റുപാടിലാണ് നാം ജീവിച്ചു കൊണ്ടിരിക്കുന്നത്. കലയുടെ പേരിൽ ഇന്ന് നാം ടെലിവിഷനിലൂടെ കണ്ടുകൊണ്ടിരിക്കുന്ന പരിപാടികളിൽ അധികവും അസഭ്യവും അശ്ലീലവും അസംസ്കാരികവും നഗ്നതാ പ്രദർശനത്തിൽ ആവരണം ചെയ്യപ്പെട്ടതുമാണ്. ഹൃദയത്തിനു സന്തോഷം പ്രദാനം ചെയ്യുന്നതിനു പകരം ഇച്ഛകളെ ഉത്തേജിപ്പിക്കുകയും അതിലൂടെ പൈശാചിക ചിന്തകളെ ഉണർത്തുകയും സമൂഹത്തിൽ അസമാധാനത്തിനും അക്രമത്തിനും അത് കാരണമാവുകയും ചെയ്യുന്നു. മനുഷ്യനെ ആനന്ദിപ്പിക്കുന്നതിനു വേണ്ടി ഫലിതമെന്ന പേരിൽ പരിഹാസങ്ങളും സഭ്യമല്ലാത്ത ആശയങ്ങളെ പ്രതിഫലിപ്പിക്കു ന്ന വാക്കുകളും സർവ സാധാരണമായിരിക്കുന്നു. പരസ്പര ബഹുമാനമോ ആദരവോ ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. പുരോഗമനത്തിന്റെ പേരിൽ ഏതു തലം വരെയും താഴാനും മനുഷ്യൻ പഠിച്ചിരിക്കുന്നു. കലയുടെ പേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾക്ക് സംസ്കാരത്തിന്റെയും പുരോഗമനത്തിന്റെയും ലേബൽ നൽകി ആദരവിന്റെയും അംഗീകാരത്തിന്റെയും ചുവന്ന പരവതാനികൾ വിരിച്ചു കൊണ്ടിരിക്കുന്നു. ഇത്തരം ധാർമിക രോഗങ്ങളിൽ നിന്ന് രക്ഷനേടാനുള്ള ഒരു കവചമാണ് വ്രതം. പരിശുദ്ധമായ ആത്മാവിലൂടെ മാത്രമേ പരിശുദ്ധ കർമങ്ങൾ വെളിപ്പെടുകയുള്ളു. അതുകൊണ്ട് ഇസ്‌ലാം മനസ്സിന്റെ ശുദ്ധീകരണത്തിലേക്ക് അതിയായ ശ്രദ്ധ നൽകിയിട്ടുണ്ട്. സകല ആരാധനകളുടെയും തീവ്രമായ യത്നത്തിന്റെയും സാരംശം തഖ്‌വയുടെ രൂപത്തിലാണ് പ്രകടമാകുന്നത്. ആരാധനകളും തഖ്‌വയും നഷ്ടപെട്ടു പോകുന്ന ഒരുപാട് ആത്മീയ രോഗങ്ങൾ ഉണ്ട്. അഹങ്കാരം, സ്വാർഥത, അലസത, ശിർക്ക്, ഊഹം,പിശുക്ക്, വിദ്വേഷം, വൈരാഗ്യം, അസൂയ, അത്യാഗ്രഹം, കളവ്, അനാവശ്യകാര്യങ്ങളിലുള്ള അഭിനിവേശം, ആരാധനയോടുള്ള വിരക്തി, വിശ്വാസവഞ്ചന എന്നിവ ഓരോന്നായി ഇല്ലായ്മചെയ്യേണ്ടത് ആത്മീയ കാര്യങ്ങളിൽ അഭിവൃദ്ധി നേടാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് അനിവാര്യമാണ്.

### നാവിന്റെ ശുദ്ധീകരണം

ഇസ്‌ലാം മറ്റുള്ള അവയവങ്ങളെ സംരക്ഷിക്കാൻ പറയുന്നതോടൊപ്പം മനുഷ്യൻ ഏറ്റവും കൂടുതലായി തെറ്റുകളിൽ അകപ്പെടുന്ന നാവിനെയും പ്രത്യേകമായി സൂക്ഷിക്കാൻ പറയുന്നുണ്ട്. മനുഷ്യനും മൃഗവും തമ്മിലുള്ള

പ്രധാനപ്പെട്ട ഒരു വ്യത്യാസം മനുഷ്യന് സംസാരിക്കാനുള്ള കഴിവുണ്ട് എന്നതാണ്. അവന് തന്റെ ചിന്തകളെ വാചികമായി പ്രതിഫലിപ്പിക്കാനുള്ള കഴിവുണ്ട്. ഈ കഴിവിലൂടെ തന്നെയാണ് അവൻ തന്നെ സൃഷ്ടിച്ച റബ്ബിനെ സ്തുതിക്കുന്നതും സ്തോത്രം ചെയ്യുന്നതും. ഈ നാവ് തെറ്റായ കാര്യങ്ങൾ പറയുന്നതിനു വേണ്ടി ഉപയോഗിക്കുമ്പോൾ തന്റെ സ്രഷ്ടാവുമായിട്ടുള്ള ബന്ധം അറ്റുപോവുന്നു. ദൈവസ്നേഹത്തിനു പകരം ദൈവകോപത്തിനു കാരണമായിത്തീരുന്നു. ഇതിന്റെ അനിയന്ത്രിതമായ ഉപയോഗം കൊണ്ട് സഹോദരങ്ങൾ പരസ്പരം ശത്രുക്കളായി തീരുന്നു. ഭാര്യാഭർത്താക്കൻമാർ പരസ്പരം അകലുന്നു. വിവാഹ ബന്ധം വിച്ഛേദിക്കപ്പെടുന്നു. ദുഷിച്ച വാക്കുകൾ പറയുന്നവരെ ബന്ധുക്കൾ മാത്രമല്ല, സമൂഹംവരെ വെറുക്കുന്നു. സംസാരിക്കുന്നതിനു മുമ്പായി എന്താണ് പറയുന്നത് എന്ന് ചിന്തിക്കാൻ പറഞ്ഞിട്ടുള്ളതും അതുകൊണ്ടാണ്. പരദൂഷണം, ഏഷണി, കളവ് പറയൽ, സഭ്യമല്ലാത്ത സംസാരം, പരിഹാസം, കുത്തുവാക്ക് പറയൽ, ദുരാരോപണം ഉന്നയിക്കൽ, ഊഹം പ്രചരിപ്പിക്കൽ, മറ്റുള്ളവരെ ശകാരിക്കൽ മുതലായ ധാർമിക രോഗങ്ങൾ നമ്മുടെ നാവിന്റെ പ്രവർത്തനഫലമായി ഉണ്ടാകുന്നതും അത് ദിനം പ്രതി നമ്മുടെ ആത്മീയതയെ ഗ്രസിച്ചുകൊണ്ടിരിക്കുന്നതുമാണ്. ആയതിനാൽ നാം ഇത്തരം രോഗങ്ങളിൽ നിന്ന് അകന്നു നിൽക്കാനുള്ള പ്രതിജ്ഞ ഈ റമദാൻ മാസത്തിൽ എടുക്കുകയും അത് പൂർത്തീകരിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

നബി (സ) പറഞ്ഞു, "ആരാണോ നാവിനെയും ഗുഹ്യസ്ഥാനത്തെയും സംരക്ഷിച്ചത് അവൻ മോക്ഷം പ്രാപിച്ചിരിക്കുന്നു." വിശുദ്ധ ഖുർആൻ പറയുന്നു, "നല്ല വാക്ക് പറയുകയെന്നത് ദാനധർമത്തെക്കാൾ ഉത്തമമാണ്."

നബി(സ)ഒരു ചെറിയ ഹദീസിലൂടെ ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. നബി (സ) പറയുന്നു: ''ഇഹ്ഫള് ലിസാനക്ക" നിന്റെ നാവിനെ കാത്തു സൂക്ഷിക്കുക.

ഇത് വളരെ ചെറിയ ഒരു ഉപദേശമാണെങ്കിലും ഇത് പ്രാവർത്തികമാക്കണമെങ്കിൽ വളരെയധികം സഹനവും ക്ഷമയും അനിവാര്യമാണ്. മറ്റൊരു സുദീർഘമായ ഹദീസിൽ നബി (സ) ഇപ്രകാരം പറയുന്നു. ഹദ്റത്ത് മആദ് (റ) പറഞ്ഞു,

''നബി (സ) ചോദിച്ചു: ഞാൻ നിനക്ക് മതത്തിന്റെ മുഴുവൻ സാരാംശം പറഞ്ഞുതരട്ടെയോ? ഞാൻ പറഞ്ഞു: 'പറഞ്ഞു തന്നാലും.' നബി (സ) പറഞ്ഞു: താങ്കൾ സ്വന്തം നാവ് പിടിച്ചുവെക്കുക. അതിനെ തടഞ്ഞു നിറുത്തുക. ഞാൻ ചോദിച്ചു, യാ റസൂലുല്ലാഹ്, നാം പറയുന്ന കാര്യങ്ങളെക്കുറിച്ചും ചോദിക്കപ്പെടുമോ? നബി (സ) പറഞ്ഞു: ''സ്വന്തം നാവിന്റെ കൊയ്തെടുത്ത കൃഷിയിടങ്ങൾ അതായത്, തങ്ങളുടെ ദുഷിച്ച സംസാരവും അനവസരത്തിലുള്ള സംസാരവും കാരണത്താൽ നരകത്തിൽ മുഖം കുത്തി വീഴുന്നതാണ്.

ഹദ്റത്ത് അഖ്ബ ബിൻ ആമിർ (റ) നബി(സ)യോട് ചോദിച്ചു: അല്ലയോ റസൂൽ(സ) മോക്ഷം എങ്ങനെയാണ് കരസ്ഥമാകുന്നത്?. റസൂൽ (സ)പറഞ്ഞു: നിങ്ങളുടെ നാവിനെ തടഞ്ഞുനിറുത്തുക നിന്റെ വീട് നിനക്ക് മതിയായതാണ്. അതായത് അത്യാഗ്രഹത്തിൽ നിന്ന് രക്ഷപ്പെട്ടുകൊള്ളുക. എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ ലജ്ജാലുവായി അല്ലാഹുവിന്റെ മുമ്പിൽ വിലപിച്ചുകൊണ്ട് പാപപ്പൊറുതി തേടുക. (തിർമിദി)

ഹദ്റത്ത് ആയിശ (റ) നബി (സ) യുടെ സ്വഭാവത്തെ പറ്റി പറയുന്നു. നബി (സ) ഒരിക്കലും അസഭ്യംപറയുകയോ ബസാറിൽ ഒച്ചത്തിൽ സംസാരിക്കുകയോ ചെയ്യുമായിരുന്നില്ല. തിന്മക്ക് പകരം തിന്മ പ്രവർത്തിക്കുമായിരുന്നില്ല. വിട്ടുവീഴ്ചയോടെ പെരുമാറുമായിരുന്നു. (ബുഖാരി)

നബി (സ) യുടെ സാമൂഹികപരമായ സ്വഭാവ സവിശേഷതകളെ കുറിച്ച് ഹദ്റത്ത് അലി (റ) ഇപ്രകാരം വിവരിക്കുന്നു. നബി (സ)യ്ക്ക് എപ്പോഴും പുഞ്ചിരിക്കുന്ന പ്രകൃതമായിരുന്നു. മൃദുലവും, വിശിഷ്ടവുമായ സ്വഭാവത്തിനുടമയുമായിരുന്നു അദ്ദേഹം. ദു:സ്വഭാവിയും കോപിഷ്ടനുമായിരുന്നില്ല. അശ്ലീലം സംസാരിക്കുകയോ, ആക്രോശിക്കുകയോ ചെയ്തിരുന്നില്ല. കുറ്റാരോപണം നടത്തുന്നവനോ പിശുക്കനോ ആയിരുന്നില്ല. അനിഷ്ടകരമായ കാര്യങ്ങൾ ശ്രദ്ധിക്കുകയോ അതിനെ സംബന്ധിച്ച് മറുപടി പറയുകയോ ചെയ്തിരുന്നില്ല. അവിടുന്ന് മൂന്ന് കാര്യങ്ങളെ തൊട്ട് തികച്ചും സ്വതന്ത്രനായിരുന്നു. അതായത് കലഹം, അഹങ്കാരം, അനാവശ്യമായ സംസാരം. മൂന്ന് കാര്യങ്ങളെ തൊട്ട് ജനങ്ങളും സ്വതന്ത്രരായിരുന്നു. ആരേയും ആക്ഷേപിക്കുകയോ, ആരെയും കുറിച്ച് പരദൂഷണം പറയുകയോ ആരെയും കുറിച്ചുള്ള രഹസ്യങ്ങൾ പരസ്യമാക്കുകയോ ചെയ്യുകയില്ല. ദൈവത്തിങ്കൽ പ്രതിഫലം കിട്ടുമെന്ന് പ്രതീക്ഷയുള്ള കാര്യങ്ങൾ മാത്രമേ പറയുമായിരുന്നുള്ളു. നബി (സ) നിശബ്ദനാകുമ്പോൾ ജനങ്ങൾ സംസാരിക്കുമായിരുന്നു. നബി(സ) സഹാബികളുടെ സംസാരത്തിൽ താത്പര്യത്തോടെ പങ്കെടുക്കുമായിരുന്നു. അദ്ഭുതപരമായ സംസാരങ്ങൾ കേട്ടാൽ അദ്ഭുതം പ്രകടിപ്പിക്കുമായിരുന്നു.എപ്പോഴെങ്കിലും അപരിചിതനായ യാത്രക്കാരൻ വന്നാൽ അയാളുടെ സംസാരം അല്ലെങ്കിൽ ആവശ്യം അത്യധികം ശ്രദ്ധയോടെ കേൾക്കുമായിരുന്നു''.(അശ്ശിഫാ തഅ്രീഫ് ഹുഖൂഖുൽ മുസ്തഫാ,വാള്യം 3-പേജ് 206) നാവുമായി ബന്ധപെട്ട നബി (സ) യുടെ ഈ സ്വഭാവങ്ങൾ നാം സ്വായത്തമാക്കുമ്പോഴാണ് യഥാർഥത്തിൽ ഹൃദയത്തെ ശുദ്ധീകരിക്കുവാൻ നമുക്ക് സാധ്യമാവുകയുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ''നമ്മുടെ ജമാഅത്ത് അനിവാര്യമായും സ്വായത്തമാക്കേണ്ട ഒരു കാര്യം നാവിനെ ആനാവശ്യമായ സംസാരത്തിൽ നിന്ന് പവിത്രമാക്കി വെക്കുകയെന്നതാണ്. നാവ് ശരീരത്തിന്റെ കവാടമാകുന്നു. നാവിനെ പരിശുദ്ധമാക്കുന്നതിലൂടെ മാത്രമെ അല്ലാഹു ശരീരത്തിന്റെ കവാടത്തിൽ വരികയുള്ളു. അങ്ങനെ അല്ലാഹു ശരീരത്തിന്റെ കവാടത്തിൽ വന്നാൽ പിന്നെ ഉള്ളിൽ വരാൻ എന്ത് വിസ്മയമാണ് ഉള്ളത്."
(മൽഫൂസാത്ത്:വാള്യം-3,പേജ്:245)
ഹദ്റത്ത് മസീഹ് മൗഊദ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു: ''ഒരു കാര്യം പറയുന്നതിനു മുമ്പ് അതിന്റെ പരിണിതഫലം എന്തായിരിക്കുമെന്നും അത് പറയാനുള്ള അല്ലാഹുവിന്റെ അനുവാദം എവിടം വരെയുണ്ടെന്നും നിങ്ങൾ ചിന്തിക്കുക. ഏതുവരെ ഇത് ചിന്തിക്കുന്നില്ലയോ അത്വരെ സംസാരിക്കാതിരിക്കുക. അങ്ങനെ പറയുന്നതുമൂലം അക്രമത്തിനും കലഹത്തിനും കാരണമാവുമെങ്കിൽ അത് പറയാതിരിക്കുകയാണ് നല്ലത്.എന്നാൽ സത്യമായ കാര്യം പറയാതിരിക്കുകയെന്നതും വിശ്വാസിക്ക് ഭൂഷണമല്ല.അത്തരം സന്ദർഭത്തിൽ ഒരു ആക്ഷേപകന്റെ ആക്ഷേപവും ഭയവും നാവിനു തടസ്സമാകരുത്."

(മൽഫൂസാത്ത്: വാള്യം-1,പേജ്:423)

കുറിപ്പുകൾ

# അഹ്മദികളുടെ ഹജ്ജ്:
## സഊദി രാജാവിന് ദാറുൽ ഉലൂം വൈസ്ചാൻസലറുടെ കത്ത്



മുസാഫിർ

ഇന്ത്യയിലെ പ്രമുഖ മതപാഠശാലയായ ദാറുൽ ഉലൂംദയൂബന്ദ്, ആക്റ്റിങ്ങ് വൈസ് ചാൻസലർ മൗലാനാ അബുൽ കാസിം നുഅ്മാനി അഹ്മദികളെ ഹജ്ജും ഉംറയും നിർവഹിക്കുന്നതിൽ നിന്ന് തടയണ മെന്ന് സഊദി ഭരണാധികാരി അബ്ദുല്ലാ രാജാവിനോട് ഒരു കത്തിലൂടെ ആവശ്യപ്പെട്ട വിവരം ഇന്ത്യൻ എക്സ്പ്രസ്സ്( 4 ജൂലായ് 2011), ടൈംസ് ഓഫ് ഇന്ത്യ( 30 ജൂൺ 2011)എന്നീ ദേശീയ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുക യുണ്ടായി. ഹജ്ജും ഉംറയും നിർവഹി ക്കുന്നതിൽ നിന്ന് അഹ്മദികളെ തടയാൻ, അപേക്ഷിക്കു ന്നവർ മുഹമ്മദ് നബി അന്ത്യ പ്രവാചകനാണെന്ന് അംഗീകരിക്കുന്നു ണ്ടോ എന്ന ഒരു ചോദ്യം കൂടി അപേക്ഷാ ഫോറത്തിൽ ചേർക്കണ മെന്നും കാസിം നുഅ്മാനി കത്തിൽ സഊദി രാജാവിനോട് അഭ്യർഥിച്ചി ട്ടുണ്ട്.

ഉത്തർ പ്രദേശിലെ ശഹ്റാൻപൂർ ജില്ലയിലെ ദയൂബന്ദിൽ 1866 ൽ മൗലാനാ മുഹമ്മദ് കാസിം നാനുത്തവി യാണ് ഈ മതപാഠശാല സ്ഥാപിച്ചത്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെ പിന്തുണച്ച മതസ്ഥാപനം എന്ന നിലയിൽ ഭരണക്കാരുടെ അനുഭാവം ദാറുൽ ഉലൂമിനുണ്ട്. ഇന്ത്യയിലെ സുന്നി മുസ്ലിം യാഥാസ്ഥിതികത്വ ത്തിന്റെ പ്രതീകമായ ഈ സ്ഥാപനം ലോകവ്യാപകമായി അറിയപ്പെടുന്ന ഒരു മതവിദ്യാഭ്യാസകേന്ദ്രമാണ്. കുപ്രസി ദ്ധമായ അനേകം ഫത്വകൾ കൊണ്ട് ഇസ്ലാമിനെയും ഇന്ത്യൻ മുസ്ലിം കളെയും നിരന്തരം അപമാനിച്ചു കൊണ്ടിരിക്കുന്ന ഒരു മതസ്ഥാപനം എന്ന ഒരു അപഖ്യാതി കൂടി ദാറുൽ ഉലൂം വഹിക്കുന്നു. അത് പിന്നീട് പറയാം.



അബുൽ കാസിം നുഅ്മാനി　　ഗുലാം റസൂൽ വാസ്തൻവി

പാവനമായ ഹജ്ജ് കർമം മുസ്ലിം സാഹോദര്യത്തിന്റെയും വിശ്വമാന വൈകൃത്തിന്റെയും സജീവ ദൃഷ്ടാന്ത മാണ്. ഇസ്ലാം ജനിക്കുന്നതിനും രണ്ടര സഹസ്രാബ്ദങ്ങൾക്ക് മുമ്പ് ഖലീലുല്ലാഹി ഹദ്റത്ത് ഇബ്രാഹിം നബി (അ) വിശ്വാസികളെ ഹജ്ജിനായി കഅ്ബത്തുല്ലായിലേക്ക്ക്ഷണിച്ചതിന് ഉത്തരം നൽകാനാണ് ലോകമുസ് ലിംകൾ ഹജ്ജിനായെത്തുന്നത്. ഹജ്ജിന് പോകുന്ന ഒരാളെ തടയുക എന്നത് അല്ലാഹുവിന്റെ ശിക്ഷ വിളിച്ചുവരുത്തുന്ന ഒരു കിരാത കൃത്യമാണ്. ജാഹിലിയ്യാ കാലത്ത്, ഹജ്ജ് തടയുക എന്ന കുഫ്ഫാറു കളുടെ ഹീനകൃത്യത്തിന്ന് വിധേയനായ പുണ്യാത്മാവായിരുന്നു റസൂൽ തിരു മേനി(സ). ഹജ്ജിന് വരുന്നവരെ തടയാൻ പാടില്ലെന്നും മസ്ജിദുൽ ഹറാ മിൽ സമീപസ്ഥർക്കും വിദൂരസ്ഥർ ക്കും ഒരേ അവ കാശമാണുള്ളതെന്നും വിശുദ്ധ ഖുർആൻ പറയുന്നു.

'ആദരണീയ ദേവാലയത്തിൽ നിന്ന് അവർ ആളുകളെ തടയുന്നുവെന്നി രിക്കെ അല്ലാഹു അവരെ ശിക്ഷിക്കാതി രിക്കാൻ അവർക്ക് എന്തുണ്ട് ന്യായം?. അവരതിന്റെ യഥാർഥ രക്ഷാധികാരി കളല്ലതാനും. അതിന്റെ യഥാർഥ രക്ഷാധികാരികൾ ദോഷബാധയെ സൂക്ഷിക്കുന്നവർ മാത്രമാണ്. എന്നാൽ അധികമാളുകളും ഇക്കാര്യം അറിയു ന്നില്ല.'(8:35) അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്നും മസ്ജിദുൽ ഹറാമിൽ നിന്നും തടയുക യും ചെയ്യുന്നവർ-അവിടെ താമസി ക്കുന്നവരും പുറമെ നിന്ന് വരുന്നവരു മായ എല്ലാവർക്കും നാം അതിനെ സമാവകാശമാക്കിവെച്ചിരിക്കുന്നു.' ആരെങ്കിലും അവിടെ വെച്ച് അക്രമവും അനീതിയും നടത്തു വാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവനെ വേദനാജനകമാ യശിക്ഷ രുചിപ്പിക്കു ന്നതാണ്. (22:26)

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപക രായ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)യുടെ ശിഷ്യനും പ്രശസ്ത ഗ്രന്ഥ കാരനും ഒന്നാമത്തെ അഹ്മദിപത്രപ്ര വർത്തകനുമായ അൽ ഹാജ് ഹദ്റത്ത് യഅ്ക്കൂബ് അലി സാഹിബ് ഇർഫാനി (റ) 1927 ൽ പരിശുദ്ധ ഹജ്ജ് കർമത്തി നായി വിശുദ്ധ മക്കയിൽ ചെന്നപ്പോൾ അന്നത്തെ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ നിർദേശ പ്രകാരം ആധുനിക സഊദി അറേബ്യയുടെ സ്ഥാപകനായ മർഹൂംസുൽത്താൻ സഊദ്ബ്നു അബ്ദുൽ അസീസിനെ കാണുകയുണ്ടായി. ആ കൂടിക്കാഴ്ച യിൽ സഊദി രാജാവുമായി അദ്ദേഹം നടത്തിയ സംഭാഷണവും അഭിപ്രായ പ്രകടനവും ഇർഫാനി സാഹിബ് തന്റെ 'കിത്താബുൽ ഹജ്ജ്' എന്ന പുസ്തക ത്തിൽ ഇപ്രകാരം വിവരിക്കുന്നു.

ഇർഫാനി: ജലാലത്തുൽ മുൽക്ക്! വിശുദ്ധ ഹറമുകളുടെ സേവനത്തിനു ള്ളഭാഗ്യം അങ്ങയ്ക്ക് ലഭിച്ചതെങ്ങനെ യാണെന്നറിയാമോ?

സുൽത്താൻ: ദാലിക്ക ഫള്ലുള്ളാഹി യുഅ്ത്തീ മൻ യശാഅ്(അത് ദൈവാനു ഗ്രഹമത്രേ, അവൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് നൽകുന്നു (ഖുർആൻ)

ഇർഫാനി: നിശ്ചയമായും ഇതൊരു അനുഗ്രഹം തന്നെ. എന്നാൽ ആ അനുഗ്രഹ പ്രാപ്തിക്ക് കാരണങ്ങ ളുമുണ്ടാകുമല്ലോ.



ഫൈസൽ രാജാവ് സഫറുല്ലാഹ് ഖാൻ സഹിബിനെ സ്വീകരണ വേളയിൽ ഹസ്തദാനം ചെയ്യുന്നു.

സുൽത്താൻ: എനിക്കറിയില്ല, താങ്കൾ പറയൂ.

ഇർഫാനി: ശരീഫ് ഔന്റെ കാലത്ത് അങ്ങയുടെ പിതാമഹൻ ഹജ്ജിനായി വന്നിട്ടുണ്ടായിരുന്നു. എന്നാൽ ശരീഫ് ഔൻ വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുൻനിർത്തി അവരെ തടഞ്ഞു. അല്ലാഹു അത് ഇഷ്ടപ്പെട്ടില്ല. ആകയാൽ ശരീഫിന്റെ കുടുബക്കാരിൽ നിന്ന് ഈ മഹാഭാഗ്യം അല്ലാഹു പിടിച്ചുപറ്റി സഊദ് കുടുംബത്തിന് നൽകി.!

സുൽത്താൻ: മർഹബാ! മർഹബാ!!

ഇർഫാനി: വിശുദ്ധ മക്ക ലോകത്തുള്ള മുഴുവൻ മുസ്‌ലിംകളുടെയും കേന്ദ്ര മാണ് ഇവിടെ വിവിധ വിശ്വാസക്കാരും കക്ഷിക്കാരുമായ മുസ്‌ലിംകൾ വരും. ചിലർക്ക് അങ്ങുമായും അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. വിശ്വാസ പരമായ അഭിപ്രായ വ്യത്യാസങ്ങളെ മുൻനിർത്തി അങ്ങ് ആരെയെങ്കിലും അകറ്റുന്ന പക്ഷം ഓർമവെച്ചു കൊള്ളുവിൻ, സർവശക്തനായ അല്ലാഹു അങ്ങിൽ നിന്ന് ഈ സേവനഭാഗ്യം പിടിച്ചുവാങ്ങും. എന്നിട്ട് വിശ്വാസ പരമായ അഭിപ്രായ വ്യത്യാസങ്ങളെ മുനിർത്തി ആരെയും അകറ്റിക്കളയാത്ത ആൾക്ക് അത് നൽകുകയും ചെയ്യും!.

എന്റെ ഈ സംസാരം അന്നത്തെ അദ്ദേഹത്തിന്റെ പ്രസിദ്ധ മന്ത്രിയായിരുന്ന തൗഫീക്ക് ശരീഫ് സാഹിബാണ് പരിഭാഷപ്പെടുത്തിയിരുന്നത്. ചില പ്പോൾ ഞാൻ തന്നെ തപ്പിതടഞ്ഞു എന്റെ ഭാഷയിൽ സംസാരിക്കുകയും ചെയ്തിരുന്നു. സുൽത്താൻ എന്റെ ഈ സംസാരം കേട്ടപ്പോൾ ഇസ്തിഗ്ഫാർ ചൊല്ലിക്കൊണ്ട് പെട്ടെന്ന് എഴുന്നേറ്റ് നിന്നു പറഞ്ഞു.

ഇൻശാ അല്ലാഹ്, നാം ഒരിക്കലും അപ്രകാരം ചെയ്യില്ല!.

അദ്ദേഹം ഇപ്രകാരം പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു:

ഇക്കാരണത്താൽ തന്നെയാണ് ഈസത്യം അങ്ങയെ ഉണർത്തണമെന്ന് എനിക്ക് തോന്നിയത്!. അൽഹംദുലില്ലാഹ്. ഞാനിതാ എന്റെ കടമ നിർവഹിച്ചു കഴിഞ്ഞു.

പറഞ്ഞു. ''താങ്കൾ തന്നെ സാക്ഷിയാണ ല്ലോ നാം ഒരു വിരോധവും കാണിച്ചിട്ടില്ല. താങ്കളെക്കുറിച്ച് ആക്ഷേപ മുണ്ടായെങ്കിലും നാം അത് ചെവികൊണ്ടിട്ടുമില്ല".

ഇബ്നു സഊദിന്റെ കാലശേഷവും അഹ്മദികൾ നിർബാധം ഹജ്ജ് ചെയ്തുപോന്നു. 1967 ൽ ഹദ്റത്ത് സാഹിബ് സാദാ മിർസാ റഫീക്ക് അഹ്മദ് സാഹിബ്, ഹദ്റത്ത് സർ സഫറുല്ലാഹ് ഖാൻ സാഹിബ് തുടങ്ങിയ അന്താരാഷ്ട്ര പ്രശസ്തരായ അഹ്മദികൾ പരിശുദ്ധ ഹജ്ജ് കർമം നിർവഹിക്കുകയുണ്ടായി. അഹ്മദിയ്യാമുസ്‌ലിം ജമാഅത്തുമായി അക്കാല ത്ത് നല്ല ബന്ധമുണ്ടായിരുന്ന ഫൈസൽ രാജാവ് സർ സഫറുല്ലാഹ് ഖാൻ മുസ്‌ലിം ലോകത്തിന് നൽകിയ സംഭാവനകളെ മാനിച്ച് അദ്ദേഹത്തിന് ഹജ്ജ് വേളയിൽ ഒരു വിരുന്ന് നൽകി ആദരിക്കുകയുണ്ടായി. പിന്നീട് ഗൾഫ് മേഖലയിൽ എണ്ണ വസന്തം വന്ന പ്പോൾ ഇസ്‌ലാം മതത്തിന്റെ സംരക്ഷ കരെന്ന വ്യാജേന പാകിസ്താനിൽ നിന്നും ഇന്ത്യയിൽ നിന്നും ഭിക്ഷാപാത്ര വുമായി അറബികൾക്ക് ചുറ്റും വന്നണഞ്ഞ ഉലമാക്കന്മാർ അഹ്മദിക ൾക്ക് ഹജ്ജ് നിരോധിക്കാനുള്ള ഉപജാപങ്ങൾ നടത്തുകയുണ്ടായി. ഏതായലും അഹ്മദി മുസ്‌ലിംകൾ ഹജ്ജ് ചെയ്യാറില്ല ഖാദിയാൻ സമ്മേളന മാണ് അഹ്മദികളുടെ ഹജ്ജ് എന്ന് ഒരു വശത്ത് അവർ നടത്തുന്ന വ്യാജ പ്രചരണത്തിന് ഇതൊരു മറുപടി കൂടിയാണല്ലോ.

ഇന്ത്യൻ മുസ്‌ലിംകളുടെ എല്ലാ പിന്നോക്കാവസ്ഥക്കും ദുരിതങ്ങൾ ക്കും നിർണായക പങ്കുള്ള ദാറുൽ ഉലൂം അഹ്മദികളുടെ ഹജ്ജ് മുടക്കാൻ ശ്രമിക്കുന്നതിൽ അദ്ഭുതമില്ല. രക്ത ദാനവും ജീൻസ് ധരിക്കലും ഹറാമാ ണെന്ന് ഫത്‌വ നൽകിയ ദാറുൽ ഉലൂം ഈയിടെ ഇന്ത്യ മുഴുവൻ കത്തിപ്പടർന്ന ഒരു വിവാദ ഫത്‌വയിലൂടെ ഇസ്‌ലാമിനെയും ഇന്ത്യൻ മുസ്‌ലിംകളെയും അപമാനിക്കുകയുണ്ടായി. ദാറുൽ ഉലൂമിന്റെ 'ദാറുൽ ഇഫ്ത്ത' നൽകിയ മുത്തലാക്കിനെ സംബന്ധിച്ച 27275-ാം നമ്പർ ഫത്‌വയിൽ, ഒരാൾ ബോധപൂർവമോ അബോധാവ സ്ഥയിലോ മൂന്ന് തവണ തലാക്ക് എന്ന് പറയുകയോ എഴുതു കയോ ഇന്റർനെറ്റ് ചാറ്റിങ്ങിനിടയിൽ ടൈപ്പ് ചെയ്യുകയോ ചെയ്താൽ വിവാഹമോചനം പ്രാബല്യത്തിൽ വരുന്നതാണ്. ഭർത്താവിന്റെ മൊഴി ചൊല്ലലിന് ഭാര്യയോ ഭാര്യയുടെ രക്ഷിതാവോ മറ്റുസാക്ഷികളോ സാക്ഷ്യം വഹിക്കേണ്ടതില്ല. അബദ്ധം മനസ്സിലാക്കി ഭർത്താവിന് മൊഴിചൊല്ലപ്പെട്ട ഭാര്യയെ തിരിച്ചെടുക്കണമെങ്കിൽ അവളെ മറ്റൊരാൾ വിവാഹം കഴിച്ച് മൊഴി ചൊല്ലി 'ഇദ്ദ' കാലം കഴിഞ്ഞതിന് ശേഷമേ ആദ്യത്തെ ഭർത്താവിന് അവളെ വിവാഹം കഴിക്കാൻ പാടുള്ളൂ എന്നാണ് ഫത്‌വ. പണ്ട് കാലത്ത് നമ്മുടെ നാട്ടിലും യാഥാസ്ഥിതിക മതനേതൃത്വം നടത്തി വന്നിരുന്ന 'ചടങ്ങിനിരിക്കൽ' എന്ന ജുഗുപ്സാവഹമായ ദുരാചാരത്തിനാണ് ദാറുൽ ഉലൂം ആധുനിക കാലത്ത് നിയമ സാധുത നൽകിയിരിക്കുന്നത്. ഇസ്‌ലാമിന്റെ മനുഷ്യാവകാശ സങ്കൽപ്പങ്ങൾ ക്കെതിരായ ഈ ഫത്‌വക്കെതിരെ മുസ്‌ലിംകളിൽ നിന്നും അമുസ്‌ലിം കളിൽ നിന്നും വൻ വിമർശനമുയരു കയുണ്ടായി. മുസ്‌ലിം ദൈന്യതയോട് പൊതുവേ അനുഭാവം പുലർത്തുന്ന 'ദ ഹിന്ദു' എഴുതിയ എഡിറ്റോറിയൽ ഇപ്രകാരമായിരുന്നു.

ഇന്റർനെറ്റ് ചാറ്റിങ്ങിനിടയിൽ തമാശക്ക് ഒരു മുസ്‌ലിം ഭർത്താവ് തന്റെ ഭാര്യക്ക് മൂന്ന് തവണ തലാക്ക് എന്ന് ടൈപ്പ് ചെയ്താൽ വിവാഹബന്ധം വേർപെടുമോ? അതെ, ഈയിടെ എഴുതിക്കൊടുത്ത ഒരു ചോദ്യത്തിന് മറുപടിയായി ഏഷ്യയിലെ ഏറ്റവും കൂടുതൽ സ്വാധീനമുള്ള മതപാഠശാലയായ ഉത്തർ പ്രദേശിലെ ദാറുൽ ഉലൂം ദയൂബന്ദിന്റെ കുപ്രസിദ്ധമായ മത വിധിയാണിത്. ഈ ചോദ്യം ഗൗരവമായിട്ടാണോ ചോദിക്കപ്പെട്ടത് എന്ന് വ്യക്തമല്ല. പക്ഷേ ഫത്‌വ രൂപത്തിലുള്ള ഉത്തരം ചില മുസ്‌ലിം പുരോഹിത ന്മാരുടെ പ്രതിലോമകരമായ ചിന്തയെ പ്രതിഫലിപ്പിക്കുന്നു. മൂന്നു മൊഴി (ഭാര്യകേൾക്കാതെ പോലും) ചൊല്ലി യാൽ ആ ഭാര്യ അയാൾക്ക് 'ഹറാം' ആയി. അവളെ മറ്റൊരാൾ വിവാഹം ചെയ്ത് വിവാഹമോചനം നേടുന്നത്



ദാറുൽ ഉലൂം ദയൂബന്ദ്

വരെ കാത്തിരുന്നാൽ മാത്രമേ അവളെ പുനർവിവാഹം ചെയ്യാൻസാധിക്കൂ. (ദി ഹിന്ദു 1 നവംബർ: 2010)

ദാറുൽ ഉലൂം ഭരണ സമിതി ഇപ്പോൾ ഗുരുതരമായ ഒരു പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. കഴിഞ്ഞ ജനുവരി 10 ന് നിയമിതനായ ദാറുൽ ഉലൂം വൈസ്ചാൻസലർ (മുഅ്ത്തലിം) മൗലാനാ ഗുലാം റസൂൽ വാസ്തൻവി എം ബി എ ബിരുദധാരിയും പരിഷ്കര ണവാദിയുമായ ഒരു ഉൽപതിഷ്ണു വാണ്. പൊതുവേ വൃത്തിഹീനമായ സ്ഥിതിയിൽ കാണപ്പെടുന്നവയാണ് മുസ്‌ലിം മതപഠനസ്ഥാപനങ്ങൾ. വാസ്തൻവി വന്നയുടനെമദ്രസ്സ വെടി പ്പും വൃത്തിയുമുള്ളതാക്കാൻ നടപടി സ്വീകരിക്കുകയും വിദ്യാർഥികളിൽ പല പരിഷ്കരണങ്ങൾ നടപ്പാക്കാനും പദ്ധതിയിട്ടിട്ടുണ്ടായിരുന്നു. പക്ഷേ സംഗതികൾ പെട്ടെന്ന് മാറിമറിഞ്ഞു. ഇപ്പോഴത്തെ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡിയെ സ്തുതിച്ചു പറയുകയും ഗുജറാത്ത് കലാപം മുസ്‌ലിംകൾ മറക്കേണ്ടതാണെന്നുമുള്ള വിവാദ പര മായ പ്രസ്താവന നടത്തുകയും ചെയ്ത യാളായി രുന്നു വാസ്തവി. മാത്രമല്ല ഒരു ഈദ് മിലൻ പരിപാടിയിൽ മഹാരാഷ്ട്രാ മന്ത്രിക്ക് ശ്രീകൃഷ്ണന്റെയും രാധയു ടെയും ചിത്രമുള്ള ഉപഹാരം അദ്ദേഹം സമർപ്പിക്കുകയും ചെയ്തു. ഈ വിവരം ദാറുൽ ഉലൂമിൽ കത്തി പടർന്നു. ഇതിന്റെ പേരിൽ അദ്ദേഹത്തെ അന്വേഷണ വിധേയനാക്കി സസ്പെന്റ് ചെയ്യുകയുണ്ടായി. മൂന്നംഗ സമിതിയാണ് അന്വേഷണം നടത്തുന്നത്. പകരം താൽകാലികമായി ആ സ്ഥാനത്ത് നിയമിതനായ മൗലാനാ അബുൽ കാസിം നുഅ്മാനിയാണ് അഹ്മദിക ളുടെ ഹജ്ജ് മുടക്കാനുള്ള ശുപാർശയു മായി സഊദി രാജാവിന് കത്തയച്ച് വാർത്ത സൃഷ്ടിച്ചിരിക്കുന്നത്. മൗലാനാ വാസ്തൻവിയെ ഒഴിവാക്കാൻ ദാറുൽ ഉലൂമിലെ വിദ്യാർഥികളും ചില ഭരണസമിതിയംഗങ്ങളും പ്രക്ഷോഭ ത്തിലാണ്. അദ്ഭുതകരമായ കാര്യം വാസ്തൻവിയെ പിന്തുണക്കാൻ യാഥാസ്ഥിതിക കോട്ടയായ ദാറുൽ ഉലൂമിൽ നിന്നു തന്നെ വിദ്യാർഥികളും ഭരണ സമിതിയംഗങ്ങളും മുന്നോട്ട് വന്നിരിക്കുന്നു എന്നതാണ്. ഈ അവ സരത്തിൽ തന്റെ തീവ്രവാദപരമായ നിലപാടറിയിച്ച് കസേരയുറപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗം കൂടിയായിരിക്കാം മൗലാനാ നുഅ്മാനി അഹ്മദിയ്യാ കാർഡ് വലിച്ചിട്ടത്. അവസാനം ദിവസ ങ്ങളോളം നീണ്ടു നിന്ന കൂടിയാലോ ചനകൾക്ക് ശേഷം ജൂലായ് 24ന് ദാറുൽഉലൂം ഭരണസമിതി വാസ്തൻ വിയെ പുറത്താക്കാനും കാസിം നുഅ്മാനിയെ സ്ഥിരപ്പെടുത്താനും തീരുമാനിക്കുകയുണ്ടായി.

ഏതായാലും ഹദ്റത്ത് ഇബ്രാഹിം നബി(അ)വിളിക്കുകയും റസൂൽ തിരുമേനി(സ)നിർബന്ധമാക്കുകയും ചെയ്ത ഹജ്ജ് യഥാർഥ മുസ്‌ലിം കളായ അഹ്മദികൾക്ക് നിർഭയം നിർവഹിക്കാനുള്ള സ്ഥിതി ആരെതിർ ത്താലും സർവശക്തനായ അല്ലാഹു ഒരുക്കി തരികതന്നെ ചെയ്യും. ഇപ്പോഴത്തെ തടസങ്ങൾ റസൂൽ തിരുമേനി (സ) യുടെ ജീവിതത്തിൽ അവിടുന്ന് അനുഭവിച്ചത് പോലെയുള്ള താൽക്കാ ലിക വൈഷമ്യങ്ങൾ മാത്രം. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

നിങ്ങളൊരിക്കലും ഭൂമിയിൽ അല്ലാഹുവിന്റെ പദ്ധതി പരാജയപ്പെടു ത്തുന്നവരല്ല. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് വല്ല രക്ഷകനോ സഹായ കനോ ഇല്ലതാനും (42:32).

## അനുസ്മരണം

# സാഹിബ് സാദി സയ്യിദ നാസിറ ബീഗം സാഹിബ

ഖാദിയാൻ: ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹു) ന്റെ വന്ദ്യ മാതാവ് 2011 ജൂലൈ 29 -ാം തിയ്യതി വൈകുന്നേരം 7:15 ന് പാകിസ്താനിലെ റബ്വയിൽ വെച്ച് വഫാത്തായി. (ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.)

സയ്യിദ നാസിറ ബീഗം സാഹിബ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) ന്റെ പൗത്രിയും ഹദ്റത്ത് മിർസാ ബശീ റുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് സാനി(റ) വിന്റെ പുത്രിയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) എന്നിവരുടെ സഹോദരിയും ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ ഉമ്മയുമാണ്.

ഹദ്റത്ത് സാഹിബ് സാദി സയ്യിദാ നാസിറ ബീഗം സാഹിബ 1911 സെപ്തംബർ മാസത്തിൽ ഖാദിയാനി ലാണ് ജനിച്ചത്. മാതാവിന്റെ പേര് ഹദ്റത്ത് സാഹിബ് സാദി മഹ്മൂദാ ബീഗം സാഹിബ (റ) എന്നാണ്. 1934 ജൂലൈ 2 ാം തീയതി അവരുടെ നിക്കാഹ് ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ് (റ) വിന്റെ മകൻ ഹദ്റത്ത് മിർസാ മൻസൂർ അഹ്മദ് സാഹിബുമായി നടക്കുകയുണ്ടായി. അവർ പാകിസ്താനിലുള്ള റബ്വ ജമാഅത്തിന്റെ ലജ്നാ ഇമാഇല്ലാ (വനിതാ സംഘടന)യുടെ ദീർഘകാല സദ്ർ (പ്രസിഡന്റ്) ആയിട്ടുണ്ട്.

2005 ൽ ഖാദിയാനിൽ നടന്ന ജൽസാ സാലാനയിൽ അവർ പങ്കെ ടുത്തിരുന്നു. അപ്പോഴാണ് അവർ ഖലീഫത്തുൽ മസീഹ് അൽഖാമി സിനെ അവസാനമായി കണ്ടത്. മർഹൂമാക്ക് രണ്ട് ആൺകുട്ടികളും മൂന്ന് പെൺകുട്ടികളുമാണുള്ളത്. അല്ലാഹു മർഹൂമാക്ക് ജന്നത്തുൽ ഫിർദൗസിൽ ഉന്നതസ്ഥാനം നൽകി അനുഗ്രഹിക്കുമാറാകട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. ആമീൻ.



# യേശുവിന്റെ കശ്മീർ സന്ദർശനം: ഇന്ത്യാ ഗവൺമെന്റിന്റെ ഡോക്യുമെന്ററി

**യേ**ശുവിന്റെ ഇന്ത്യാ സന്ദർശനത്തെ സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റിന്റെ ഫിലിം ഡിവിഷൻ നിർമിച്ച The Rosabal shrine of Srinagar എന്ന ഡോക്യുമെന്ററി ചിത്രം ശ്രദ്ധേയമാവുകയാണ്. ജിയോഗ്രഫിയിൽ റാങ്കോടെ മാസ്റ്റർ ബിരുദം നേടിയ എഴുത്തുകാരനും സിനിമാ സംവിധായകനുമായ യശേന്ദ്ര പ്രസാദ് എന്ന ബീഹാർ സ്വദേശിയാണ് ഈ ഡോക്യുമെന്ററിയുടെ രചനയും സംവിധാനവും നിർവഹിച്ചത്. ജൂലായ് 31 മുതൽ ആഗസ്ത് 4 വരെ തിരുവനന്തപുരത്ത്‌വെച്ച് നടക്കുന്ന അന്താരാഷ്ട്രാ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കാൻ തെരഞ്ഞെടുത്ത ഏക ഇന്ത്യൻ ഡോക്യുമെന്ററിയാണിത്. 11 മറ്റു ഡോക്യുമെന്ററികളെ പിന്തള്ളിക്കൊണ്ടാണ് 'ദി റോസാബാൽ ഷ്റൈൻ ഓഫ് ശ്രീനഗർ' തെരഞ്ഞെടുക്കപ്പെട്ടത്. കേരള ചലച്ചിത്രഅക്കാദമിയാണ് പ്രദർശനം സംഘടിപ്പിക്കുന്നത്.

പുരാതനഭാരതത്തിലെ പ്രസിദ്ധമായ മതസാംസ്കാരിക കേന്ദ്രങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടാണ് ഡോക്യുമെന്ററി ആരംഭിക്കുന്നത്. യേശുവിന്റെ കശ്മീരിലെ കബറിടത്തിന്റെ സീനുകൾക്ക് ശേഷം യേശുവിന്റെ ഭാരത സന്ദർശനത്തെ പറ്റി എഴുതിയ ഗ്രന്ഥകാരന്മാരെ പരിചയപ്പെടുത്തുന്നു. ആധുനികകാലത്ത് യേശുവിന്റെ കിഴക്കൻ യാത്രയെക്കുറിച്ചും കശ്മീരിലെ കബറിനെക്കുറിച്ചും ആദ്യമായി ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തിയ അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)നെ ഡോക്യുമെന്ററി പരിചയപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന പുസ്തകത്തിൽ ഇത് സംബന്ധിച്ച് വിശദമായ ഗവേഷണ പഠനങ്ങൾ നടത്തിയിട്ടുണ്ടെന്നും പ്രദേശനിവാസികളുടെ സാക്ഷ്യത്തോടുകൂടിയാണ് അദ്ദേഹം തന്റെ വാദങ്ങൾ സമർപ്പിച്ചിട്ടുള്ളതെന്നും ഡോക്യുമെന്ററി വിവരിക്കുന്നു. അസീസ് കശ്മീരി, ഫേബർ കൈസർ, ഹോൾഗർ കൈസർ, എഡ്വേർഡ് മാർടിൻ, സ്വാമി അഭേദാനന്ദ, നിക്കളോയ് നോട്ടോവിച്ച് മുതലായ ഗ്രന്ഥകാരന്മാരെയും ഡോക്യുമെന്ററി പരിചയപ്പെടുത്തുന്നു. യേശുവിന്റെ കൗമാരപ്രായത്തിലെ ഭാരതപര്യടനം വിവരിക്കാൻ തിബത്തിലെ ഹെമിസ് ബുദ്ധ സന്യാസി മഠത്തിൽ നിന്ന് ലഭിച്ച രേഖകളെയാണ് സംവിധായകൻ ആധാരമാക്കുന്നത്. ഹെമിസ് ബുദ്ധ വിഹാരത്തിന്റെ ചേതോഹരമായ ദൃശ്യങ്ങളുമുണ്ട്. യേശു 13-ാം വയസ്സിൽ ഫലസ്തീനിൽ നിന്നും ഭാരതത്തിലെത്തിയെന്നും പഞ്ചാബ് കടന്ന് രാജസ്ഥാനിലെത്തിയ യേശു അവിടെ ജൈനരോടൊപ്പം താമസിച്ചുവെന്നും പിന്നീട് വേദപഠന കേന്ദ്രമായിരുന്ന ഒറീസയിലെ പുരി ജഗന്നാഥ ക്ഷേത്രത്തിൽ അദ്ദേഹം വേദം പഠിക്കാനെത്തിയെന്നുമാണ് വിവരണം. അതിന് ശേഷം പുരാതന മഗധയുടെ തലസ്ഥാനമായ രാജഗൃഹത്തിൽ വെച്ച് ബുദ്ധമത തത്ത്വങ്ങൾ പഠിച്ചു. അവിടെ നിന്ന് ഗംഗാ തീരത്തെ വരാണസിയിൽ പോയ യേശു ഒരു ഗുരുവിന്റെ കീഴിൽവെച്ച് യോഗയും വേദവും അഭ്യസിച്ചുവെന്നും പിന്നീട് ലഡാക്ക്, നേപ്പാൾ, തിബത്ത് മുതലായ ഹിമാലയൻ പ്രദേശങ്ങൾ സന്ദർശിച്ച ശേഷം സ്വദേശത്തേക്ക് പോയി, പിന്നീട് കുരിശ് സംഭവത്തിന് ശേഷമാണ് യേശു വീണ്ടും ഇന്ത്യയിലേക്ക് വന്നതെന്നും ഡോക്യുമെന്ററി പറയുന്നു. ഇവിടെ ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദങ്ങളുമായി ഡോകുമെന്ററി വിയോജിക്കുന്നുണ്ട്. ബാല്യകാലത്ത് യേശു ഇന്ത്യയിൽ വന്നു വേദം പഠിച്ചു എന്ന ഭാരതീയ പണ്ഡിതൻമാരുടെ അഭിപ്രായത്തെ ഹദ്റത്ത് അഹ്മദ്(അ) തന്റെ

## വഖ്ഫ് ജദീദ്

ഖാദിയാൻ : ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ഈ അനുഗൃഹീത റമദാൻ മാസത്തിൽ വഖ്ഫ് ജദീദ് വാഗ്ദാനം പൂർണമായും അടച്ചു തീർക്കാൻ ശ്രമിക്കണമെന്ന് നാസിം മാൽ വഖ്ഫ് ജദീദ് ഭാരത് ജ: ശുഹൈബ് അഹ്മദ് സാഹിബ് അറിയിക്കുന്നു.




യശേന്ദ്ര പ്രസാദ്



യശേന്ദ്ര ഹസനൈനിക്കൊപ്പം

പുസ്തകത്തിൽ അനിഷേധ്യമാംവിധം ഖണ്ഡിച്ചിട്ടുണ്ട് എന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്.

കുരിശ് സംഭവവും വിമോചനവും ബൈബിൾ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ അഹ്മദികളുടെ വ്യാഖ്യാന പ്രകാരമാണ് സംവിധായകൻ ആവിഷ്ക്കരിച്ചിട്ടുള്ളത്. യഹൂദ ഗോത്രങ്ങളെത്തേടി വീണ്ടും ഇന്ത്യയിലെത്തുന്ന യേശു കാശ്മീരിൽ വെച്ചു ദിവംഗതനാവുകയാണുണ്ടായത്. കശ്മീരിലെ പുരാതന യഹൂദ സാന്നിധ്യം അറിയിക്കുന്ന ചരിത്ര സ്മാരകങ്ങളുടെയും ചരിത്ര സ്ഥലികളുടെയും പശ്ചാത്തലത്തിൽ കശ്മീരി ജനതയുടെ യഹൂദ സാമ്യത ചിത്രീകരിച്ചിരിക്കുന്നു. ആ സമാനത സ്ഥാപിക്കാൻ നരവംശ ശാസ്ത്രത്തിന്റെ വീക്ഷണ കോണിൽ കാശ്മീരികളുടെ ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടെയും ശരീരഭാഷയുടെയും ചിത്രീകരണം മനോഹരമായിട്ടുണ്ട്. ഈ വിഷയത്തിൽ ഏറ്റവും ആധികാരിക പണ്ഡിതനായ ഡോ:ഫിദാ ഹസനൈനിയുടെയും അമേരിക്കൻ ഗവേഷകയായ സൂസന്നാ ഓൾസെന്റെയും ദീർഘമേറിയ ഭാഷണങ്ങളും ഡോക്യുമെന്ററിക്ക് ആധികാരികത നൽകുന്നു.

55മിനുട്ട് ദീർഘിച്ചുനിൽക്കുന്ന ഡോക്യുമെന്ററി വിജ്ഞേയവും ആസ്വാദ്യകരവുമാണ്. സർക്കാർ അനുവദിച്ച പരിമിതമായ ബഡ്ജറ്റിനകത്ത് നിന്ന്കൊണ്ട് നിർമിച്ച ഈ ഡോക്യുമെന്ററിയിൽ പല വിഷയങ്ങളും ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നും അങ്ങേയറ്റം വിവാദപരമായ ഈ വിഷയത്തിൽ ഇന്ത്യാ ഗവൺമെന്റ് നിഷ്പക്ഷ സമീപനമാണ് പുലർത്തുന്നതെന്നും സ്ക്രിപ്റ്റ് റൈറ്ററും സംവിധായകനുമായ യശേന്ദ്ര പ്രസാദ് ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു. സാഹചര്യം അനുകൂലമാണെങ്കിൽ ഡി.എൻ.എ ടെസ്റ്റിന് കബറിലെ അവശേഷിപ്പുകൾ വിധേയമാക്കണമെന്നും അമൂല്യമായ ഈ ചരിത്ര സ്മാരകം ദേശീയ സ്മാരകമായി സംരക്ഷിക്കാൻ ഗവൺമെന്റ് മുന്നോട്ട് വരണമെന്നും അദ്ദേഹം ഒരഭിമുഖത്തിൽ പ്രസ്താവിക്കുകയുണ്ടായി

ഏ.എം

# നോർവേ ഭീകരാക്രമണം: ഖലീഫ തിരുമനസ്സ് അപലപിച്ചു

**സ്**കാന്റിനേവിയൻ രാജ്യമായ നോർവേയിൽ വലത്പക്ഷ നവനാസി ഭീകരൻ ആൻഡേഴ്സ് ബെഹ്റിങ്ങ് ബ്രേവിക്ക് നടത്തിയ ബോംബ് സ്ഫോടനത്തിലും വെടിവെപ്പിലും 92 പേർ മരിക്കുകയുണ്ടായി. ഈ ഭീകരാക്രമണത്തെ ഖലീഫത്തുൽ മസീഹ് ലണ്ടനിൽവെച്ച് 27-7-2011ന് പുറത്തിറക്കിയ ഒരു പത്രകുറിപ്പിൽ ഇപ്രകാരം അപലപിക്കുകയുണ്ടായി. ഏതാനും ദിവസങ്ങൾക്ക് മുമ്പ് നോർവേയിൽ ക്രൂരമായൊരു ഭീകരാക്രമണം നടക്കുകയുണ്ടായി. നിരവധിപേർ ബോംബാക്രമണത്തിലും വെടിവെപ്പിലും കൊല്ലപ്പെടുകയുണ്ടായി. നോർവേ ജനതക്ക് പ്രത്യേകിച്ച് ഈ ദുരന്തത്തിന് നേരിട്ട് ഇരയായവർക്ക് ദൈവം സഹനം നൽകുമാറാകട്ടെ. ഇത്തരം ഹീനമാർഗങ്ങളിൽ ഗൂഢാലോചന നടത്തുന്നവർക്ക് ദൈവം നല്ലമാർഗം കാണിച്ചു കൊടുക്കുമാറാകട്ടെ. നമ്മുടെ പ്രാർഥന എപ്പോഴും അക്രമിക്കപ്പെടുകയും ഇരകളാക്കപ്പെടുകയും ചെയ്യുന്നവരോടൊപ്പമാണ്. മാന്യമായജീവിതം നയിക്കുന്ന നിരപരാധികളായ എല്ലാ ആളുകളേയും ഇത്തരം വിദ്വേഷജനകവും പൈശാചികവുമായ അക്രമങ്ങളിൽ നിന്നും ദൈവം ഭാവിയിലും രക്ഷിക്കട്ടെ. സംഘർഷഭരിതമായ ഇന്നത്തെ ലോകത്ത് മനുഷ്യത്വത്തിനും ലോകസമാധാനത്തിനും വേണ്ടി നാമെല്ലാം അകമഴിഞ്ഞ് പ്രാർഥിക്കേണ്ടതുണ്ടെന്നും ഖലീഫത്തുൽ മസീഹ് പ്രസ്താവനയിൽ പറഞ്ഞു.

യൂറോപ്പിനെയാകമാനം ഈ ഭീകരാക്രമണം ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. ഈ കൊടും ഭീകരൻ ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ച '2083ലെ സ്വാതന്ത്ര്യ പ്രഖ്യാപനം' എന്ന മാനിഫെസ്റ്റോയിൽ യൂറോപ്പിനെ ബഹുസ്വര സംസ്കാരത്തിൽ നിന്ന് മുക്തമാക്കുമെന്നും 2083 ഓടെ ഇസ്ലാം മതത്തെ യൂറോപ്പിൽ നിന്ന് ഉന്മൂലനം ചെയ്യുമെന്നും പറയുന്നു. ബ്രേവിക്ക് എന്ന ഈ മഹാഭീകരൻ ഒറ്റക്കാണോ അതല്ല യൂറോപ്പിലെ മറ്റു നവനാസി ക്രിസ്ത്യൻ വലത്പക്ഷ പ്രസ്ഥാനങ്ങൾക്ക് ഈ ആക്രമണത്തിൽ പങ്കുണ്ടോ എന്നും പോലീസ് അന്വേഷിച്ചു വരുന്നു.

# അന്താരാഷ്ട്ര അഹ്മദിയ്യാ സമ്മേളനം സമാപിച്ചു



ലണ്ടൻ: ജൂലൈ 22, 23, 24 തീയതികളിൽ നടന്ന 45-ാമത് അഹ്മദിയ്യാ അന്തർദേശീയ വാഷിക ത്രിദിനസമ്മേളനം (ജൽസാ സാലാനാ) ഓക്ക്‌ലണ്ടിലെ 'ഹദീക്കത്തുൽ മഹ്ദി' നഗറിൽ വിജയകരമായി സമാപിച്ചു. ആഗോളശ്രദ്ധ പിടിച്ചു പറ്റിയ സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽനിന്നായി 30,000ത്തിലധികം പ്രതിനിധികൾ പങ്കെടുത്തു.

ഒന്നാം ദിവസം ഖലീഫത്തുൽ മസീഹ് (അയ്യദഹു...)രണ്ട് തവണ സമ്മേളനത്തെ അഭിസംബോധന ചെയ്തു. ജുമാഖുത്ബയിലും സമ്മേളനത്തിന്റെ ഔപചാരിക ഉദ്ഘാടനം എന്ന നിലക്ക് വൈകുന്നേരത്തെ പൂർണ സെഷനിലും ഹുസൂർ തിരുമനസ്സ് പ്രസംഗിച്ചു. അതിന് മുമ്പ് അദ്ദേഹം അഹ്മദിയ്യാ പതാക ഉയർത്തുകയുണ്ടായി. ഇന്ത്യയുടേതടക്കം വിവിധ രാജ്യങ്ങളിലെ പതാക ബഹുമാന സൂചകമായി ഉയർത്തിയിരുന്നു. ഉച്ചക്ക് ശേഷമുള്ള സെഷനിൽ ബ്രിട്ടീഷ് സാംസ്കാരികവകുപ്പ് മന്ത്രി ജറെമി ഹണ്ട് എം.പി സമ്മേളനത്തെ അഭിസംബോധനചെയ്തു. അഹ്മദി മുസ്‌ലിംകളുടെ മൂല്യബോധത്തെ താൻ വളരെയേറെ ആദരിക്കുന്നുവെന്നും പ്രാദേശിക സമൂഹവുമായിട്ടുള്ള അവരുടെ ഉദ്ഗ്രഥനം പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു. അതുപോലെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അഹ്മദികൾ ആഗോളവ്യാപകമായിചെയ്യുന്ന സേവനങ്ങളെ അദ്ദേഹം പ്രകീർത്തിക്കുകയുണ്ടായി. പ്രധാന മന്ത്രി ഡേവിഡ് കാമറൂണിന് വേണ്ടിയും ബ്രിട്ടീഷ് ഗവൺമെന്റിനു വേണ്ടിയും അദ്ദേഹം ആശംസകൾ അർപ്പിക്കുകയുണ്ടായി.

ഹുസൂർ തിരുമനസ്സ് തന്റെ പ്രസംഗത്തിൽ ആത്മീയവും ധാർമികവുമായ മൂല്യങ്ങളാണ് ലോക സമാധാനത്തിന്റെ നിർണായക ഘടകങ്ങളെന്നും അഹ്മദികളെയും മറ്റു ന്യൂനപക്ഷങ്ങളെയും പീഡിപ്പിക്കുന്നവർക്കില്ലാത്ത ഗുണമാണിതെന്നും പറഞ്ഞു. റസൂൽ തിരുമേനി (സ)യോ വിശുദ്ധ ഖുർആനോ യാതൊരു വിധ പീഡനത്തിനും അനുമതി നൽകുന്നില്ല. അടിമുടി സത്യസന്ധതയാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. എന്നാൽ മറ്റെല്ലാ സമൂഹങ്ങളെക്കാളും സത്യവിരുദ്ധരായാണ് മുസ്‌ലിം നാടുകൾ കാണപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു. അതാത് രാജ്യങ്ങളിൽ ജീവിക്കുന്ന അഹ്മദി മുസ്‌ലിംകൾ തങ്ങളുടെ രാജ്യത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടി പ്രവർത്തിക്കണമെന്നും ആ രാജ്യത്തെ നിയമങ്ങളെ പരിപൂർണമായും അനുസരിക്കണമെന്നും ഹുസൂർ തിരുമനസ്സ് നിർദേശിച്ചു.

ഇത്വരെ 70 ലോകഭാഷകളിൽ ഖുർആൻ പ്രസിദ്ധീകരിക്കാൻ ജമാഅത്തിന് കഴിഞ്ഞു. ഇപ്പോൾ ചിലി, ബാർബഡോസ് എന്നീ രണ്ട് രാജ്യങ്ങളടക്കം മൊത്തം 200 രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു. ലോകത്ത് ഒട്ടാകെ ഈ വർഷം 419 പള്ളികൾ നിർമ്മിക്കാൻ സാധിച്ചു. അറബ് നാടുകളിൽനിന്നും ദിനേന ബൈഅത്തുകൾ വർധിച്ചു വരികയാണെന്നും ഹുസൂർ തിരുമനസ്സ് പറഞ്ഞു. ആഫ്രിക്കൻ രാജ്യങ്ങളിൽ മികച്ച രീതിയിൽ നടന്നു വരുന്ന നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് പഠിച്ചു വന്നവരാണ് ആ രാജ്യങ്ങളിലെ ചില പ്രസിഡണ്ടുമാരും മന്ത്രിമാരുമെന്നകാര്യവും ഹുസൂർ തന്റെ പ്രസംഗത്തിൽ അനുസ്മരിച്ചു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആഗോളതലത്തിൽ ദേശക്കൂറ്, സ്നേഹം, സമാധാനം എന്നീ വിഷയങ്ങളെ പ്രമേയമാക്കി നടത്തിയ കാംപയിനുകൾ ലോകശ്രദ്ധ പിടിച്ചു പറ്റുകയുണ്ടായെന്ന് സമാപന സമ്മേളനത്തിൽ ഹുസൂർ തിരുമനസ്സ് പറഞ്ഞു. ഈ കാമ്പയിൻ ഇപ്പോൾ രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. അതിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകരായ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ന്റെ ആയിരക്കണക്കിന് തെളിവുകളുള്ള വാദം ലോകത്തെ അറിയിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. പ്രാർഥനയോടെ അവസാന സെഷനും സമാപിച്ചു. സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള 30,000ത്തിലധികം പ്രതിനിധികൾ പങ്കെടുത്തു.

## അനുസ്മരണം


### നസ്സിം അസീസ് സാഹിബ

പത്തനാപുരം: കൊല്ലം ജില്ലയിലെ പത്തനാപുരത്തെ ആദ്യകാല അഹ്മദിയായിരുന്ന മർഹൂം മൈതീൻ കുഞ്ഞ് സാഹിബിന്റെ മകൻ അബ്ദുൾ അസീസ് സാഹിബ്(റിട്ട. റെയിൽവെ ചീഫ് കൺട്രോളർ)ന്റെ ഭാര്യ നസ്സിം അസീസ് സാഹിബ (62) 27.6.2011ന് വഫാത്തായി. (ഇന്നാലില്ലാഹി...) പരേത മൂസിയായിരുന്നു. 2005 ലും 2008 ലും ഖലീഫ തിരുമനസ്സിനെനേരിട്ട് സന്ദർശിച്ചിട്ടുണ്ട്. ബന്ധുക്കളാലും സുഹൃത്തുക്കളാലും വളരെയേറെ സ്നേഹിക്കപ്പെട്ടിരുന്ന അവർ തികഞ്ഞ ഭക്തയായിരുന്നു. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകിയനുഗ്രഹിക്കട്ടെ. രണ്ട് ആൺ കുട്ടികളും രണ്ട് പെൺ കുട്ടികളുമുണ്ട്.

എം.അഹ്മദ് സാഹിബ്, മാത്ര

## ലണ്ടനിൽ നടന്ന അഹ്മദിയ്യാ അന്തർ ദേശീയ വാഷിക സമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ

















2011 August

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: LXXXIII No.8
Price Rs. **20/-**

**The Sathyadoothan Monthly**

എല്ലാ ദൈവീക മതങ്ങളുടേയും പൂർത്തീകരണമാണ് വന്ദ്യപ്രവാചകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യിലൂടെ അവതീർണ്ണമായ പരിശുദ്ധ ഇസ്ലാം. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ, ജനങ്ങൾ ദൈവത്തിൽ നിന്നകലുകയും യഥാർഥ ഇസ്ലാം ഏറെ തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്ത സമയത്ത്, അല്ലാഹു വാഗ്ദാനം ചെയ്ത വാഗ്ദത്ത മഹ്ദിയും മസീഹുമായി നിയോഗിതരായ ഹദ്റത്ത് അഹ്മദ് (അ)നാൽ പുനഃസ്ഥാപിക്കപ്പെട്ട ഇസ്ലാമാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്. ഈ ദൈവീകപ്രസ്ഥാനത്തെപ്പറ്റി **കൂടുതൽ അറിയുവാൻ ബന്ധപ്പെടുക**

**Toll free No.**

# 1800 425 2020

**(9 am to 9 pm)**


# ഇസ്ലാംമത തത്ത്വജ്ഞാനം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്**

വിശുദ്ധ ഖുർആനിലെ ഇരുന്നൂറോളം വചനങ്ങളുടെ തത്ത്വചിന്താപരവും സൂക്ഷ്മജ്ഞാനപരവുമായ വ്യാഖ്യാനങ്ങൾ വഴി ജീവിത ലക്ഷ്യത്തിന്റെ പരിപൂർണത ആവിഷ്കരിക്കുന്ന മഹനീയ ഗ്രന്ഥം.

മനുഷ്യന്റെ ശാരീരികം, ധാർമികം, ആദ്ധ്യാത്മികം എന്നീ മൂന്നവസ്ഥകൾ, മരണാനന്തര ജീവിതത്തിൽ മനുഷ്യന്റെ അവസ്ഥ, ഐഹികജീവിതോദ്ദേശ്യവും തൽപ്രാപ്തിക്കുള്ള മാർഗവും, ധർമ്മാനുസരണം മൂലം ഇഹപര ജീവിതത്തിലുള്ള ഫലം, ദൈവജ്ഞാനസിദ്ധിക്കുള്ള മാർഗങ്ങൾ തുടങ്ങി ഭൗതിക, ശാസ്ത്രീയ ഗവേഷണങ്ങൾക്കു നിർവചിക്കാനാകാത്ത വിഷയങ്ങൾക്ക് വിശുദ്ധ ഖുർആൻ സൂക്തങ്ങളും ദൈവീക ജ്ഞാനവും ആധാരമാക്കി ഒരു ദിവ്യ നിയോഗിതൻ നൽകുന്ന വിശദീകരണം

ദൈവാസ്തിത്വം വെളിപ്പെടുത്തുകയും ജീവിത ലക്ഷ്യവും മാർഗവുംവ്യക്തമാക്കുകയും ചെയ്യുന്ന ഉത്തമഗ്രന്ഥം




ഒരു ഇസ്ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം